പ്രസിദ്ധീകരണത്തിന്റെ 51 ാം വർഷം

വില
₹ 22

# ശാസ്ത്രകേരളം

ഏപ്രിൽ 2020



പ്രത്യേക വിഷയം :

## തുടർപഠനം

### സ്ഥാപനങ്ങളും സാധ്യതകളും

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്
ജവഹർലാൽ നെഹ്റു സർവകലാശാല
ഹൈദരാബാദ് സർവകലാശാല
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി
ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്
ഡൽഹി സർവകലാശാല
പോണ്ടിച്ചേരി സർവകലാശാല
മൂന്നു കേന്ദ്രസർവകലാശാല
പുത്തൻ കേന്ദ്രസർവകലാശാലകൾ
നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി
റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ
നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി
ദൃശ്യകലാപഠന സ്ഥാപനങ്ങൾ
ഫാർമസിപഠന സാധ്യതകൾ
ഐസറുകളും നൈസറും
ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
കുസാറ്റ്, കൊച്ചി
ഇനിയും ചില സ്ഥാപനങ്ങൾ
ഡി.എൻ.എ. വിരലടയാള നിർണയത്തിന്റെ വിചിത്രമായ ഉല്പത്തി (ഇന്നലെകളിലൂടെ)

സ്ഥിരം പംക്തികളും

ഇപ്പോൾ കൂടുതൽ സമ്മാനങ്ങളോടെ

# കാരുണ്യ
# കാരുണ്യ പ്ലസ്

ഭാഗ്യക്കുറികൾ



100%

സംസ്ഥാന ഭാഗ്യക്കുറിയുടെ ലാഭം പൂർണമായും കേരള ജനതയുടെ ആരോഗ്യ പരിരക്ഷയ്ക്ക്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

**ഒന്നാം സമ്മാനം**

**₹1 കോടി**

COMMON TO ALL SERIES

₹10 ലക്ഷം രണ്ടാം സമ്മാനം
COMMON TO ALL SERIES

₹10 ലക്ഷം മൂന്നാം സമ്മാനം
ഒരു ലക്ഷം വീതം
10 പേർക്ക്

ടിക്കറ്റ് വില ₹50

കൂടാതെ 5000,2000,1000,500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

**ഒന്നാം സമ്മാനം**

**₹70 ലക്ഷം**

COMMON TO ALL SERIES

₹5 ലക്ഷം രണ്ടാം സമ്മാനം
COMMON TO ALL SERIES

₹12 ലക്ഷം മൂന്നാം സമ്മാനം
ഒരു ലക്ഷം വീതം
12 പേർക്ക്

ടിക്കറ്റ് വില ₹30

കൂടാതെ 5000,1000,500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം....സുതാര്യം...ജനകീയം

പ്രസിദ്ധീകരണത്തിന്റെ 51ാം വർഷം

# ശാസ്ത്രകേരളം
ശാസ്ത്രമാസിക

വോള്യം 51 ● ലക്കം 11 ● ഏപ്രിൽ 2020 ● വില : 22 രൂ.

ശാസ്ത്രമെന്നാൽ അന്വേഷണമാണ്

## തുടർപഠനം : സ്ഥാപനങ്ങളും സാധ്യതകളും


15 ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് : എം.പ്രണദ്, ഡോ.പ്രതിഭ ഗണേശൻ

16 ഡൽഹി സർവകലാശാല : ഡോ.ശൈലജ ചേന്നാട്ട്

18 പോണ്ടിച്ചേരി സർവകലാശാല : ഡോ.എസ്. ലസിത

20 മൂന്ന കേന്ദ്ര സർവകലാശാല : ടി.പി.അശോകൻ

22 പുത്തൻ കേന്ദ്ര സർവകലാശാലകൾ : ഡോ.കെ.ബിജു

24 നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി : പ്രൊഫ.ആർ.എസ്.ജയദീപ്

26 റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ : ഡോ.കെ.വിജയൻ

28 നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി : ഡോ.രഞ്ജിത് ജി. നായർ

30 ദൃശ്യകലാപഠന സ്ഥാപനങ്ങൾ : പ്രൊഫ.കെ.ലാൽ

33 ഫാർമസിപഠന സാധ്യതകൾ : സി.എസ്.മഞ്ജു

35 ഐസറുകളും നൈസറും : ഡോ.പ്രമോദ് പി. പിള്ള

37 ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് : ഡോ.ഇ.വി.ജിജോ

39 കുസാറ്റ്, കൊച്ചി : ഡോ.എ.എസ്.ആശ

41 ഇനിയും ചില സ്ഥാപനങ്ങൾ : പ്രൊഫ.എൻ.കെ.ഗോവിന്ദൻ

46 ഡി.എൻ.എ. വിരലടയാള നിർണയത്തിന്റെ വിചിത്രമായ ഉല്പത്തി (ഇന്നലെകളിലൂടെ) : പ്രൊഫ.എം.ശിവശങ്കരൻ

50 കുരുക്കഴിക്കാം : ബി.മധു

51 റെറ്റിന (കാർട്ടൂൺ പംക്തി) : ജെ.പി.എ.


### 8 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് :
എ.സുകേഷ്




ശാസ്ത്രരംഗത്തും സാങ്കേതികവിദ്യാരംഗത്തും ധാരാളം ലോകോത്തരപഠനങ്ങൾ ഓരോ വർഷവും ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസി(ഐ.ഐ.എസ്‌സി.)ന്റെതായി പുറത്തിറങ്ങുന്നുണ്ട്.

### 10 ജവഹർലാൽ നെഹ്റു സർവകലാശാല :
ഡോ.സുജിത് പാറയിൽ



ആശയവിനിമയം സാധ്യമാക്കുന്നതിനപ്പുറം വിവിധ സംസ്കാരങ്ങളെക്കുറിച്ച് അറിയാനും പഠിക്കാനും ഭാഷാപഠനം സഹായകമാവുന്നു. സർവകലാശാലയിലെ ഏറ്റവും വലിയ വിഭാഗമാണ് സ്കൂൾ ഓഫ് ലാംഗ്വേജസ്, ലിറ്ററേച്ചർ & കൾച്ചർ.

### 12 ഹൈദരാബാദ് സർവകലാശാല :
ഡോ.ടി.പി.രാധാകൃഷ്ണൻ



ഹൈദരാബാദ് സർവകലാശാലയിലെ ഇന്റഗ്രേറ്റഡ് കോഴ്സുകൾ ഉയർന്ന ഗവേഷണ വിദ്യാഭ്യാസ മേഖലകളിലേക്കും മെച്ചപ്പെട്ട ഉദ്യോഗ സാധ്യതകളിലേക്കുമുള്ള മാർഗമായി മാറിയിട്ടുണ്ട്.

### 14 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി :
പി.ആതിര



എഞ്ചിനീയറിങ് വിദ്യാഭ്യാസത്തിനുള്ള ഏറ്റവും നല്ല സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലായി ഇരുപത്തിമൂന്ന് ഐ.ഐ. ടി.കൾ ഉണ്ട്.


4




6



44



48




### മുൻ കവർ

പ്ലസ് ടു പാസാവുന്നവർക്ക് ഇന്ത്യയിലെ ഒട്ടേറെ സ്ഥാപനങ്ങളിൽ വൈവിധ്യമുള്ള പഠനകോഴ്സുകളുണ്ട്. ഈ സാധ്യതകളെപ്പറ്റിയുള്ള ചിത്രകാരന്റെ ഭാവനയാണിത്.

ചിത്രകാരൻ : കെ.സതീഷ്

### പിൻ കവർ

എണ്ണിയും അളന്നും പ്രകൃതിയെ പഠിക്കാനുള്ള ശ്രമമായിട്ടാണ് മനുഷ്യൻ ഗണിതശാസ്ത്രം വളർത്തിയത്. ആശയവിനിമയത്തിലും ഉപകരണങ്ങൾ ഉണ്ടാക്കുന്നതിലും കൃത്യതയും കൂടുതൽ കൃത്യതയും മനുഷ്യന് ആവശ്യമായിവന്നപ്പോൾ ഈ മേഖലയുടെ വളർച്ച ത്വരിതഗതിയിലായി.

മനുഷ്യന് സംഖ്യകൾ ആവശ്യമായിവന്നു. യൂനിറ്റുകൾ വേണ്ടിവന്നു. ക്രമേണ, സങ്കീർണ ഗണിതപ്രക്രിയകളും ചെയ്യേണ്ടിവന്നു.

ഒട്ടേറെ ഗണിതജ്ഞർക്ക് ഇന്ത്യ ജന്മം നല്കിയിട്ടുണ്ട്. അവരിലെ പ്രമുഖന്മാരിൽ മുൻനിരയിലാണ് ശ്രീനിവാസ രാമാനുജൻ. 32 വയസ്സുവരെ മാത്രം ജീവിച്ച ഈ 'സംഖ്യാ മാന്ത്രികൻ' ഇന്ത്യയുടെ ഗണിതയശസ്സ് കൂടുതൽ ഉജ്ജ്വലമാക്കി.




# വൈവിധ്യമാർന്ന കോഴ്സുകൾ

**1. ഡൽഹി സർവകലാശാല**

ഡൽഹി സർവകലാശാല ഇന്ത്യയിലെ ഏറ്റവും വലിയ സർവകലാശാലയാണ്. +2/ തത്തുല്യ യോഗ്യത നേടിയവർക്കുള്ള ഒട്ടേറെ ബിരുദ പ്രോഗ്രാമുകൾ ഇവിടെയുണ്ട്. യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടാവുന്ന പ്രോഗ്രാമുകളും നാഷനൽ ടെസ്റ്റിങ് ഏജൻസി നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പ്രോഗ്രാമുകളും ഉണ്ട്.

പ്രവേശനപരീക്ഷ അഭിമുഖീകരിക്കുന്നവർ 2020 ഏപ്രിൽ 2 നം 30 നം ഇടയിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. പ്രവേശനപരീക്ഷ ജൂൺ 2 മുതൽ 9 വരെയാണ്. +2 മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പ്രോഗ്രാമുകളിലേക്ക് രജിസ്റ്റർ ചെയ്യുന്നതിന് 2020 മെയ് 3 ാം വാരം മുതൽ ജൂൺ 2 ാം വാരം വരെ സമയം ലഭിക്കും.

വിശദാംശങ്ങൾക്ക് www.du.ac.in നോക്കുക.

**2. ഹൈദരാബാദ്, പോണ്ടിച്ചേരി സർവകലാശാലകൾ**

ഹൈദരാബാദ്, പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലകളിൽ ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിൽ പ്രവേശനം ലഭിക്കുന്നതിന് പ്ലസ് ടു പൂർത്തിയാക്കിയവർക്കും ഈ വർഷം പൂർത്തിയാക്കുന്നവർക്കും അപേക്ഷിക്കാം. അവസാന തീയതി 2020 മെയ് ആദ്യവാരം ആയിരിക്കും.

ഹൈദരാബാദ് സർവകലാശാലയിൽ ഊർജതന്ത്രം, രസതന്ത്രം, സിസ്റ്റംസ് ബയോളജി, അപ്ലൈഡ് ജിയോളജി, മാത്തമാറ്റിക്കൽ സയൻസ്, ഓപ്റ്റോമെട്രി & വിഷൻ സയൻസ്, ഹെൽത്ത് സൈക്കോളജി, എർത്ത് സയൻസസ്, ഇംഗ്ലീഷ്, ഫിലോസഫി, കമ്പാരറ്റീവ് ലിറ്ററേച്ചർ തുടങ്ങിയ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ(IMSc/ IMA) പ്രോഗ്രാമുകളുണ്ട്. വിശദാംശങ്ങൾക്ക് www.uohyd.edu.in സന്ദർശിക്കുക.

ഊർജതന്ത്രം, രസതന്ത്രം, അപ്ലൈഡ് ബയോളജി, ഗണിതം, കമ്പ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ വിഷയങ്ങളിലാണ് പോണ്ടിച്ചേരി സർവകലാശാലയിൽ 5 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുള്ളത്. കൂടുതൽ അറിയാൻ www.pondiuni.edu.in നോക്കുക.

**3. റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ, മൈസൂരു**

മൈസൂരുവിലെ റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ എന്ന കേന്ദ്രസർക്കാർ സ്ഥാപനം നടത്തുന്ന ബി.എസ്‌സി. ബി.എഡ്., ബി.എ.ബി.എഡ്., എം.എസ്‌സി.എഡ്. എന്നീ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപരീക്ഷയ്ക്ക് ഏപ്രിൽ 2 ാം വാരം മുതൽ മെയ് 2 ാം വാരം വരെ അപേക്ഷിക്കാം. ജൂൺ 7 ന് പ്രവേശനപരീക്ഷ ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്. മറ്റു വിവരങ്ങൾക്ക് www.ncert-cee.kar.nic.in നോക്കുക.

**4. ഐഎഷ്, മൈസൂരു**

മൈസൂരുവിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട്

*(ശേഷം 19 ാം പേജിൽ)*

**പത്രാധിപസമിതി** : **ഒ എം ശങ്കരൻ** (എഡിറ്റർ), **എം ദിവാകരൻ** (മാനേജിങ് എഡിറ്റർ), **പ്രൊഫ. എൻ കെ ഗോവിന്ദൻ** (അസോ. എഡിറ്റർ), **പ്രൊഫ. എ സുകേഷ്** (അസോ. എഡിറ്റർ), **പ്രൊഫ. എം ഗോപാലൻ, എം പി സനിൽകുമാർ, കെ സുരേന്ദ്രൻ അട്ടത്തില, ഡോ. പി മുഹമ്മദ് ഷാഫി, എ ജയരാജൻ, കെ ആർ അശോകൻ, ഡോ. പി വി പുരുഷോത്തമൻ, ഡോ. എൻ ഷാജി, ഡോ.സപ്ന ജേക്കബ്, കെ കെ ശിവദാസൻ, എ എൻ സത്യൻ,** ചിത്രീകരണം: **സതീഷ്,** കവർ: **സുരേന്ദ്രൻ അട്ടത്തില,** ലേ ഔട്ട് & ഗ്രാഫിക്സ് : **റനീഷ് കെ. പി.**

വാർഷിക വരിസംഖ്യ: 200 രൂപ. ഒറ്റപ്രതി:22 രൂപ. ഡിഡി/ എം ഒ അയയ്ക്കുക. നെറ്റ് ബാങ്കിങ് വഴി പണമടയ്ക്കാൻ: അക്കൗണ്ട് നമ്പർ 1144101026963, കനറ ബാങ്ക്, ചാലപ്പുറം ബ്രാഞ്ച് (IFS Code -CNRB 0001144); അക്കൗണ്ട് നമ്പർ 67060180165, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പുതിയറ ബ്രാഞ്ച് (IFS Code - SBIN 0070576). വരിക്കാരുടെ പ്രശ്നങ്ങളും വരിസംഖ്യയും അയയ്ക്കാനുള്ള **വിലാസം: മാനേജിങ് എഡിറ്റർ, ശാസ്ത്രകേരളം, ചാലപ്പുറം പി ഒ, കോഴിക്കോട്- 673002** e mail : ksspmagazine@gmail.com Ph: 0495 2701919
കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം : **എഡിറ്റർ, ശാസ്ത്രകേരളം, പരിഷദ് ഭവൻ, തളാപ്പ്, കണ്ണൂർ - 670 002**
e mail : sasthrakeralam@gmail.com, www.kssp.in

# ഒരു ഗണിതപ്രതിഭയുടെ ഓർമയ്ക്കായി

ഗണിതത്തിന്റെ സൗന്ദര്യവും അതിലെ കവിതയും ആസ്വദിച്ച ഒട്ടേറെ ഗണിതജ്ഞന്മാർ ഉണ്ടായിരുന്നു. അവരിൽ നല്ലൊരു വിഭാഗം ഔപചാരികമായി ആഴത്തിൽ ഗണിതം പഠിച്ചവരായിരുന്നു. അതിനുശേഷമാണ് ഈ മാനസികാവസ്ഥയിലേക്ക് അവർ വളർന്നത്.

ആ നിലയ്ക്ക് നോക്കിയാൽ, 33 വർഷം ജീവിച്ച് 1920 ഏപ്രിൽ 20 ന് അന്തരിച്ച ശ്രീനിവാസ രാമാനുജൻ തീർത്തും വ്യത്യസ്തനാണ്. സർവകലാശാലകളിലോ ഉന്നത ഗവേഷണ സ്ഥാപനങ്ങളിലോ ഗണിതപഠനം നടത്താതെതന്നെ അദ്ദേഹം സ്വപ്രയത്നത്താലും സ്വന്തം ധിഷണാവൈഭവത്താലും ഗണിതം പഠിക്കുകയും മികവിന്റെ തിളക്കംകൊണ്ടുമാത്രം ഗണിതലോകത്ത് അക്കാലത്തെ അദ്വിതീയനായി മാറുകയും ചെയ്തു.

സംഖ്യകളും അനന്തശ്രേണികളും രാമാനുജന് ഹരംപകരുന്ന പഠനമേഖലയായിരുന്നു. സ്കൂൾ വിദ്യാർഥിയായിരിക്കേ ജോർജ് ഷൂബ്രിഡ്ജ് കാർ എന്ന ഗ്രന്ഥകാരന്റെ ഒരു ഗണിതപുസ്തകം അദ്ദേഹം വായിക്കുകയുണ്ടായി. അതിലുണ്ടായിരുന്ന ആയിരക്കണക്കിന് തിയറങ്ങൾക്കും മറ്റുമുള്ള ചുരുങ്ങിയ വരികളിലെ തെളിവുകൾ പഠിക്കുകയും പരിശോധിക്കുകയും ചെയ്ത്, പലതിനും വ്യത്യസ്തമായ സ്വന്തം തിയറം രാമാനുജൻ ആവിഷ്കരിക്കുകയുണ്ടായി.



ബ്രിട്ടനിലെ പ്രശസ്ത ഗണിതജ്ഞനായ ഗോഡ്ഫ്രെ എച്ച്. ഹാർഡിയുമായി 1913 ലാണ് രാമാനുജൻ ബന്ധപ്പെടുന്നത്. ഇതുവഴി ഹാർഡി കണ്ടെത്തിയ അനന്യഗണിതജ്ഞനായിരുന്നു രാമാനുജൻ. അവരുടെ പരസ്പര ബഹുമാനത്തിലധിഷ്ഠിതമായ സുഹൃദ്ബന്ധം ഗണിതലോകത്തിന് നല്കിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

2020 ഏപ്രിൽ 26 ന് രാമാനുജൻ മരിച്ച് 100 വർഷം തികയുന്നു. രാമാനുജനെപ്പറ്റി കൂടുതൽ പഠിക്കാനും ആനുകാലിക ഇന്ത്യൻ സാഹചര്യത്തിലുള്ള പ്രസക്തി തിരിച്ചറിയാനും നാം ശ്രമിക്കേണ്ടതുണ്ട്. നിത്യജീവിതത്തിൽ ഗണിതത്തിന്റെ കാര്യകാരണബന്ധവും യുക്തിബോധവും പ്രയോഗിക്കാനും ഗണിതവത്കൃതസമീപനം വിദ്യാർഥികളിൽ വളർത്തിയെടുക്കാനും പരിശ്രമിക്കേണ്ട അവസരമായി ഈ സന്ദർഭത്തെ മാറ്റേണ്ടതുണ്ട്. നമ്മുടെ ഗണിതാധ്യാപകരും സമൂഹവും അതിനായി പരിശ്രമിക്കുമെന്ന് പ്രതീക്ഷിക്കാം.

**എഡിറ്റർ**

## ഗലീലിയോ നെപ്റ്റ്യൂണിനെ കണ്ടു പിടിച്ചിരുന്നുവോ?

നെപ്റ്റ്യൂണിന്റെ കണ്ടുപിടുത്തത്തിന്റെ അംഗീകാരം ആർക്കായിരിക്കണം എന്നതിനെ ച്ചൊല്ലി ഒന്നര നൂറ്റാണ്ടിലേറെയായി തർക്കം നിലനില്ക്കുന്നുണ്ട്. യുറാനസിന്റെ ഭ്രമണപഥത്തെ അടുത്തുള്ള വേറൊരു ഗ്രഹം സ്വാധീനിക്കുന്നുണ്ട് എന്ന് ബ്രിട്ടീഷുകാരനായ ജോൺ കൗച്ച് ആഡംസ് 1843 ലും ഫ്രഞ്ചുകാരനായ ഉറുബേൻ ലേ വെറീർ 1845 ലും കണക്കുകൂട്ടലുകളിലൂടെ സ്ഥാപിച്ചിരുന്നു. എന്നാൽ, ആ ഗ്രഹത്തെ കണ്ടുപിടിക്കാനുള്ള നിരീക്ഷണം നടത്താൻപറ്റിയ ആരെയും രണ്ടു പേർക്കും കിട്ടിയില്ല. നെപ്റ്റ്യൂണിനെ കണ്ടുപിടിച്ചത് 1846 ൽ ജർമൻകാരനായ യോഹാൻ ഗോട്ട്ഫ്രീഡ് ഗാലേ ആണ്. അപ്പോൾ, ആർക്കാണ് അംഗീകാരം നല്കേണ്ടത്? അതാണ് തർക്കം.




ഇപ്പോൾ, ആ തർക്കത്തിലേക്ക് സാധാരണക്കാരനല്ലാത്ത മറ്റൊരാൾ കടന്നുവന്നിരിക്കുന്നു. സാക്ഷാൽ ഗലീലിയോ തന്നെ. 1612-13 വർഷങ്ങളിൽ താനുണ്ടാക്കിയ ടെലിസ്കോപ്പ് ഉപയോഗിച്ച് ഗലീലിയോ വ്യാഴത്തിന്റെ നാലു ചന്ദ്രന്മാർ, ശനിയുടെ വലയം എന്നിവ കണ്ടെത്തിയത് നമുക്കറിയാമല്ലോ. വ്യാഴത്തിന്റെ ചന്ദ്രന്മാരെ നിരീക്ഷിച്ച് വരച്ച ചിത്രത്തിൽ ഗലീലിയോ അവയ്ക്കടുത്തായി ഒരു പ്രകാശബിന്ദുകൂടി ചേർത്തിരുന്നു. ഒരു നക്ഷത്രമെന്ന് ഗലീലിയോ കരുതിയിരിക്കാമായിരുന്ന ഇതിനെ ആധുനിക നക്ഷത്രച്ചാർട്ടുകളിലൊന്നും കാണാനില്ല.

എന്നാൽ, കാര്യം അങ്ങനെയല്ല എന്നാണ് മെൽബോൺ സർവകലാശാല(ഓസ്ട്രേലിയ)യിലെ ഭൗതികശാസ്ത്രജ്ഞനായ ഡേവിഡ് ജാമിസൺ പറയുന്നത്. അദ്ദേഹവും സഹപ്രവർത്തകരും 1613 ജനുവരി മാസത്തിൽ നെപ്റ്റ്യൂൺ ഉണ്ടായിരുന്ന സ്ഥലം (നക്ഷത്രങ്ങളുടെ പശ്ചാത്തലത്തിൽ) കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിച്ചെടുത്തു. അത് ഗലീലിയോ സൂചിപ്പിച്ച നക്ഷത്രത്തിന്റെ സ്ഥാനത്തായിരുന്നു. ഗലീലിയോ, താൻ കണ്ട നക്ഷത്രം അടുത്തുള്ള മറ്റു നക്ഷത്രങ്ങളുമായി ആപേക്ഷികമായി സ്ഥാനം മാറിയിരിക്കുന്നുവെന്ന് 1613 ജനുവരി 28 ന് തന്റെ നോട്ടുപുസ്തകത്തിൽ എഴുതിയിരുന്നുവെന്നും അദ്ദേഹം പറയുന്നു. മാത്രമല്ല 1613 ജനുവരി 6 ാം തീയതിയിലെ നിരീക്ഷണച്ചാർട്ടിൽ പേരിടാത്ത ഒരു കറുത്തകുത്ത് ഉള്ളതായും ജാമിസൺ പറയുന്നു. ഇത് നെപ്റ്റ്യൂൺ ആണെന്നാണ് അയാളുടെ വാദം.

പ്രശ്നം എങ്ങനെ പരിഹരിക്കാം? ഒരു 'കാര്യം / വസ്തുത' താനാണ് ആദ്യം കണ്ടുപിടിച്ചതെന്ന് സ്ഥാപിക്കാൻ, കണ്ടുപിടുത്തങ്ങളെക്കുറിച്ച് ഗലീലിയോ സുഹൃത്തുക്കൾക്ക് 'അക്ഷരങ്ങൾ മാറ്റിമറിച്ചുണ്ടാക്കിയ വാക്കുകളി(anagrams)ൽ എഴുതാറുണ്ടായിരുന്നു. ഈ കണ്ടുപിടുത്തത്തെക്കുറിച്ചും അത്തരം ഒരു അനാഗ്രാം നമുക്കറിയാതെ എവിടെയെങ്കിലും കിടക്കുന്നുണ്ടാവാം. അതു കണ്ടുപിടിച്ചാൽ പ്രശ്നം തീരും' എന്നാണ് ജാമിസണിന്റെ അഭിപ്രായം. നമുക്കു കാത്തിരിക്കാം.

## ഭൂമി ഒരു പുതിയ ചന്ദ്രനെ ദത്തെടുത്തിരിക്കുന്നു

സൗരയൂഥത്തിൽ ചന്ദ്രന്മാരുടെ കാര്യത്തിൽ വ്യാഴത്തോടും ശനിയോടും ഭൂമി തോറ്റുപോകും.

പക്ഷേ, നമ്മുടെ ഒരേ ഒരു ചന്ദ്രൻ വലിപ്പത്തിൽ അഞ്ചാമനാണ്.

എന്നാൽ ഇതാ, ഭൂമി ഒരു കുഞ്ഞൻ ചന്ദ്രനെ ദത്തെടുത്തിരിക്കുന്നു. തട്ടിയെടുത്തിരിക്കുന്നു വെന്നു പറയുന്നതാണ് കൂടുതൽ ശരി. 2020 ഫെബ്രുവരി 19 ാം തീയതിയാണ് അരിസോണ (യു.എസ്.എ.)യിലെ കാറ്റലിന സ്കൈ സർവെ ഒബ്സർവേറ്ററിയിലെ നിരീക്ഷകർ ഇതിനെ



കണ്ടെത്തിയത്. പിന്നീട് അഞ്ച് ഒബ്സർവേറ്ററികൾ കൂടി ഇതു സ്ഥിരീകരിച്ചു. കഴിഞ്ഞ മൂന്നു വർഷമായി അതു ഭൂമിയെ ഭ്രമണം ചെയ്യുകയായിരുന്നുപോലും. നമ്മളാരും അറിഞ്ഞില്ല!

വാമനഗ്രഹ കേന്ദ്രം (Minor Planet Centre) അതിനെ ഒരു പുതിയ വസ്തുവായി പ്രഖ്യാപിച്ചു കഴിഞ്ഞു. നമ്മുടെ ഈ പുതിയ ചന്ദ്രൻ 1.9 മീറ്ററിനും 3.5 മീറ്ററിനും ഇടയ്ക്ക് വലിപ്പമുള്ളതാണ്. 47 ദിവസം കൊണ്ട് ഭൂമിയെ ഒരു പ്രാവശ്യം വലം വെക്കുന്ന ഇത് അതിദീർഘവൃത്താകാര പഥത്തിലാണ് സഞ്ചരിക്കുന്നത്. അതിനാൽ ഭൂമിയുടെ 'പിടുത്തംവിട്ട്' രക്ഷപ്പെട്ടുപോകാനും സാധ്യതയുണ്ട്.

2006 സെപ്റ്റംബറിനും 2007 ജൂണിനും ഇടയ്ക്ക് ഇതുപോലെ മറ്റൊരു വസ്തുവിനെയും ഭൂമിക്ക് കിട്ടിയിരുന്നു. എന്നാൽ, അത് ഭൂമിയുടെ ഗുരുത്വാകർഷണത്തിൽനിന്ന് രക്ഷപ്പെട്ടുപോകുകയാണുണ്ടായത്.

## ഈ ജല്ലിമത്സ്യത്തോട് കളിക്കേണ്ട!

ഒരിക്കൽ ജല്ലിമത്സ്യത്തെ തൊട്ടവരാരും രണ്ടാമത് അതിന ശ്രമിക്കുകയില്ല. അത്രമേൽ കഠിനമാണ് അതു നല്കുന്ന വേദന. എന്നാൽ, കാസിയോപ്യ (Cassiopea) ജനസ്സിൽപ്പെട്ട ജല്ലിമത്സ്യങ്ങളെ തൊടേണ്ട, അടുത്തുപോയാൽത്തന്നെ നല്ല കുത്ത് കിട്ടും.

കാസിയോപ്യ ജനസ്സിൽപ്പെടുന്ന ഇവ, അവയുടെ നീണ്ട സ്പർശിനികൾ മുകളിലേക്കും തല താഴോട്ടും ആക്കിയാണ് കടലിൽ സഞ്ചരിക്കുക. ഇരയെ കണ്ടാൽ അവ കുത്തുന്ന ദംശനകോശങ്ങളെ ഇരയ്ക്കുനേരെ തൊടുത്തുവിടും. ഇരയ്ക്ക് ദംശനമേറ്റ് മരിച്ചാൽ മെല്ലെ അവയെ ശാപ്പിടും. ഇരയെ കണ്ടാൽ ഹിംസ്രജന്തുക്കളുടെ പല്ലുകൾ പറന്നുപോയി ഇരയെ കൊല്ലുന്നതുപോലെ ഇതിനെ ചിത്രീകരിക്കാമെന്നു ജപ്പാനിലെ തൊഹോക്കു സർവകലാശാലയിലെ ചെറിൽ ആമേസ് പറയുന്നു.

ഉഷ്ണജലമുള്ള കടൽത്തീരങ്ങളിലാണ് അവയുടെ വാസം. അവ ഇളക്കിവിടുന്ന ദംശിനികൾ മരണകാരണമാവുകയില്ലെങ്കിലും അസ്വാസ്ഥ്യമുണ്ടാക്കും. അവയുള്ള വെള്ളത്തിലിറങ്ങിയാൽ ശരീരത്തിലെല്ലാം എന്തോ കുത്തുന്നതായി അനുഭവപ്പെടും. അവ ഇളക്കിവിടുന്ന ദംശനകോശങ്ങളാണ് ഇതിന കാരണം. ഇങ്ങനെ പിടിക്കുന്ന ഇരകൾ മാത്രമല്ല ഈ ജല്ലിമത്സ്യങ്ങളുടെ ആഹാരം. അവയുടെ ശരീരത്തിൽ ആൽഗയുമുണ്ട്. ഈ ആൽഗ പ്രകാശസംശ്ലേഷണം ചെയ്തുണ്ടാക്കുന്ന ഊർജവും അവയ്ക്ക് കിട്ടുന്നു. പ്രകാശസംശ്ലേഷണത്തിന് വേണ്ടിയാണ് അവ മലർന്നുകിടന്ന് നീന്തുന്നത്. കാസിയോസോമുകൾ എന്നുവിളിക്കുന്ന ഈ ദംശനകോശങ്ങൾക്ക് 10 ദിവസത്തോ



ളം സ്വതന്ത്രമായി നിലനില്ക്കാൻ കഴിയുമെന്ന് ആമേസും സഹപ്രവർത്തകരും കണ്ടെത്തിയിട്ടുണ്ട്. കാസിയോമുകളിലും ആൽഗ ഉണ്ട്. ഈ ആൽഗ ഉണ്ടാക്കി നല്കുന്ന ഊർജമാണ് അവയെ സഞ്ചരിക്കാൻ സഹായിക്കുന്നത് എന്ന് ആമേസ് കരുതുന്നു.

**പി. എം. സിദ്ധാർഥൻ**
ഫോൺ : 8547708416

*'ശാസ്ത്രകേരള'ത്തിന്റെ ഈ ലക്കം തുടർപഠനം : സ്ഥാപനങ്ങളും സാധ്യതകളും എന്ന വിഷയത്തെക്കുറിച്ചുള്ള പതിപ്പാണ്. +2 ക്ലാസിലെ കുട്ടികളെ പ്രത്യേകമായും 8 മുതൽ 11 വരെയുള്ള ക്ലാസുകളിലുള്ളവരെ പൊതുവെയും ഉദ്ദേശിച്ചാണ് ഈ ലേഖനങ്ങൾ തയ്യാറാക്കിയത്. നൂറ്റമ്പതോളം സ്ഥാപനങ്ങളെയും അവിടത്തെ +2 വിനുശേഷമുള്ള കോഴ്സുകളെയും പരിചയപ്പെടുത്തിയിരിക്കുന്നു.*

*എല്ലാ ലേഖനങ്ങളും അതത് സ്ഥാപനങ്ങളിലെ അധ്യാപകരോ അവിടെ മുമ്പ് പ്രവർത്തിച്ചവരോ ഈ മേഖലയിലെ വിദഗ്ധരോ ആണ് എഴുതിയത്.*

**ഇന്ത്യയിലെ ഏറ്റവും മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനമാണിത്.**

# ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്

**എ.സുകേഷ്***

ലോകത്തെ ഏറ്റവും മികച്ച സർവകലാശാലകളുടെ പട്ടികകളിൽ എന്നും ഇടംപിടിക്കാറുണ്ട്, ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ഐ.ഐ.എസ്‌സി.). സ്വാഭാവികമായും, ഇത്തരം പട്ടികകളിൽപ്പെടുന്ന ഇന്ത്യൻ സർവകലാശാലകളുടെ മുൻപന്തിയിലും ഈ സ്ഥാപനത്തിനു സ്ഥാനമുണ്ട്. ശാസ്ത്രരംഗത്തും സാങ്കേതികവിദ്യാരംഗത്തും ധാരാളം ലോകോത്തരപഠനങ്ങൾ ഓരോ വർഷവും ഈ സ്ഥാപനത്തിന്റേതായി പുറത്തിറങ്ങുന്നുണ്ട്.



## തനത് മുഖമുദ്രയുള്ള സ്ഥാപനം

ഈ സ്ഥാപനത്തിന്റെ ആശയരൂപീകരണം നടത്തിയത് ജെ.എൻ.ടാറ്റ ആയിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മരണശേഷം 1909 ൽ ആണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയത്. അപ്പോൾ രസതന്ത്രം, ഇലക്ട്രിക്കൽ ടെക്നോളജി എന്നീ രണ്ടു പഠനവകുപ്പുകൾ മാത്ര

*അസി.പ്രൊഫസർ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വകുപ്പ്,
ഗവ.കോളേജ് ഓഫ് എഞ്ചിനീയറിങ്, കണ്ണൂർ -670 563
ഫോൺ : 9495241299



മാണ് ഉണ്ടായിരുന്നത്. ഇന്നു നാല്പതോളം വ്യത്യസ്ത വകുപ്പുകൾ ഏകദേശം 162 ഹെക്റ്റർ വിസ്തീർണമുള്ള കാമ്പസിൽ വ്യാപിച്ചുകിടക്കുന്നു. രാമൻപ്രഭാവം കണ്ടെത്തിയ സി.വി.രാമൻ ഈ സ്ഥാപനത്തിന്റെ ഡയരക്ടർ ആയിരുന്നു. ഇന്ത്യൻ ശാസ്ത്രരംഗത്തെ അതുല്യപ്രതിഭകളിൽ പലരും ഈ സ്ഥാപനത്തിൽ അധ്യാപകരായും വിദ്യാർഥികളായും കഴിവ് തെളിയിച്ചിട്ടുണ്ട്.

ഓരോ സ്ഥാപനത്തിനും അതിന്റേതായ ഒരു മുഖമുദ്ര ഉണ്ടായിരിക്കും. ഐ.ഐ.എസ്‌സി. യുടെ മുഖമുദ്ര അതിന്റെ പ്രാവീണ്യവും വിജ്ഞാനത്തിന്റെ ഓരോ ശാഖയുടെയും പരസ്പരപൂരകമായി പ്രവർത്തിക്കുന്ന ശൈലിയുമാണ്. അതുകൊണ്ടു തന്നെയാണ് ഈ സ്ഥാപനം ഇന്ത്യയിലെ ശാസ്ത്രപഠന - ഗവേഷണസ്ഥാപനങ്ങളിൽ തലയെടുപ്പോടെ പ്രഥമസ്ഥാനത്തിന് അർഹമാകുന്നത്.

ഈ സ്ഥാപനത്തിലേക്ക് പ്ലസ് ടു കഴിഞ്ഞ വിദ്യാർഥികൾക്ക് ബാച്ചിലർ ഓഫ് സയൻസ് (BS) കോഴ്സിന് അപേക്ഷിക്കാം. കെ.വി.പി.വൈ., ഐ.ഐ.ടി.-ജെ.ഇ.ഇ., നീറ്റ് എന്നീ മൂന്നു പ്രവേശനപരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ അർഹത നേടിയ വിദ്യാർഥികൾക്കാണ് ഈ കോഴ്സിന് അപേക്ഷിക്കാനുള്ള യോഗ്യത. ഒരു വർഷം 120 പേർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുക. നാലുവർഷമാണ് കോഴ്സിന്റെ കാലാവധി. ബി.എസ്. ഡിഗ്രി പൂർത്തിയാക്കിയ അർഹരായവർക്ക് ഒരു വർഷംകൂടി പഠിച്ച് പി.ജി.ഡിഗ്രി (MS) എടുക്കാനുള്ള സൗകര്യവും ഇവിടെയുണ്ട്.

കൂടാതെ, ഒട്ടേറെ ശാസ്ത്ര, സാങ്കേതികശാസ്ത്ര മേഖലകളിൽ ബിരുദാനന്തരബിരുദം, ഗവേഷണം എന്നിവയ്ക്ക് ഏറ്റവും മികച്ച സൗകര്യങ്ങൾ ഇവിടെയുണ്ട്.

## അഭിരുചിക്കനുസരിച്ച പഠനവിഷയങ്ങൾ

ശാസ്ത്രവും സാങ്കേതികവിദ്യയും സാമൂഹ്യശാസ്ത്രങ്ങളുമെല്ലാം വേറിട്ട് പഠിക്കേണ്ട വിഷയങ്ങളല്ല എന്ന ബോധ്യത്തോടെയാണ് ഇവിടത്തെ പാഠ്യപദ്ധതിയും പഠനരീതിയും ചിട്ടപ്പെടുത്തിയിരിക്കുന്നത്. ബിരുദകോഴ്സിന് ചേരുന്ന വിദ്യാർഥികൾക്ക് ആദ്യവർഷം പൊതുവിഷയങ്ങളും ശാസ്ത്രരംഗത്തെ പ്രമുഖശാഖകളിൽ അടിസ്ഥാന പഠനവും ഉണ്ടാകും. ഒന്നാം വർഷം കഴിയുന്നതോടെ കുട്ടികളുടെ അഭിരുചി മനസ്സിലാക്കി അവരുടെ അഭിരുചിക്കനുസരിച്ചുള്ള ശാസ്ത്രശാഖകളുടെ പ്രത്യേക പഠനം ആരംഭിക്കുന്നു. ഗണിതം, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഭൗമ -പാരിസ്ഥിതിക ശാസ്ത്രങ്ങൾ, മെറ്റീരിയൽ സയൻസ് തുടങ്ങിയവയാണ് പഠനവിഷയങ്ങൾ.

സാധാരണയായി, എല്ലാവർഷവും ഫെബ്രുവരി 1 മുതൽ ഏപ്രിൽ 30 വരെയാണ് ഓൺലൈനായി അപേക്ഷിക്കേണ്ടത്. വിദ്യാർഥികളുടെ പ്രവേശനം നടക്കുന്നത് ജൂലൈ മാസമായിരിക്കും. ആഗസ്റ്റ് 1 നാണ് ക്ലാസുകൾ ആരംഭിക്കുക.

405 ഹെക്റ്ററോളം സ്ഥലത്ത് പരന്നുകിടക്കുന്ന ജെ.എൻ.യു. കാമ്പസിൽ ഗവേഷണത്തിനും ഇന്റർ–ഡിസിപ്ലിനറി പഠന സമ്പ്രദായത്തിനും ഏറ്റവും അനുകൂല അന്തരീക്ഷമാണുള്ളത്.

# ജവഹർലാൽ നെഹ്റു സർവകലാശാല

ഡോ.സുജിത് പാറയിൽ*

ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാല 2020-21 വർഷത്തെ വിവിധ ബിരുദ, ബിരുദാനന്തര, ഗവേഷണ പ്രോഗ്രാമുകളിലെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകഴിഞ്ഞു. നാഷനൽ ടെസ്റ്റിങ് ഏജൻസി ആണ് കമ്പ്യൂട്ടറൈസ്ഡ് പ്രവേശന പരീക്ഷ നടത്തുന്നത്.

## വൈവിധ്യമാർന്ന കോഴ്സുകൾ

വിദേശഭാഷകളിലുള്ള ബി.എ. ഓണേഴ്സ്, എം.എ., എം.എസ്‌സി., എം.സി.എ., എം.ടെക്., മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്, എം.ഫിൽ., പിഎച്ച്.ഡി., പി.ജി.ഡിപ്ലോമ ഇൻ ബിഗ് ഡാറ്റ അനലിറ്റിക്സ്, മറ്റു പാർട്ട്ടൈം കോഴ്സുകൾ എന്നിവയിലേക്കുള്ള പ്രവേശനത്തിനാണിത്.

സ്കൂൾ ഓഫ് ലാംഗ്വേജ്, ലിറ്ററേച്ചർ ആന്റ് കൾച്ചറൽ സ്റ്റഡീസിനു കീഴിലാണ് ബി.എ. (ഓണേഴ്സ്) കോഴ്സുകൾ. ബിരുദ കോഴ്സുകൾക്കു പുറമേ വിവിധ വിദേശഭാഷകളിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ പഠിക്കാനുള്ള സൗകര്യവും ഈ സ്കൂളിന്റെ കീഴിൽ ഉണ്ട്.

ആശയവിനിമയം സാധ്യമാക്കുന്നതിനപ്പുറം



*അസി.പ്രൊഫസർ, സെന്റർ ഫോർ മീഡിയ സ്റ്റഡീസ്, ജവഹർലാൽ നെഹ്റു സർവകലാശാല, ന്യൂ ഡൽഹി -110 067
ഫോൺ : 8106045068

> അധ്യാപനവും പഠനവും വെറും ക്ലാസുമുറികളിൽ മാത്രമായി ഒതുങ്ങാതെ നിരന്തരമായ ചർച്ചകളുടെയും പരസ്പര കൂടിക്കാഴ്ചകളിലൂടെയുമുള്ള അറിവ് പങ്കുവെക്കലിന് ഈ കാമ്പസ് വഴിയൊരുക്കുന്നു.

വിവിധ സംസ്കാരങ്ങളെക്കുറിച്ച് അറിയാനും പഠിക്കാനും ഭാഷാപഠനം സഹായകമാവുന്നു. സർവകലാശാലയിലെ ഏറ്റവും വലിയ വിഭാഗമാണ് സ്കൂൾ ഓഫ് ലാംഗ്വേജസ്, ലിറ്ററേച്ചർ & കൾച്ചർ. സർവകലാശാലയിലെ മറ്റു വിഭാഗങ്ങൾ ബിരുദാനന്തരബിരുദ കോഴ്സുകൾ മുതൽ മാത്രമുള്ള പഠനസൗകര്യങ്ങൾ ഒരുക്കുമ്പോൾ ഭാഷാപഠനത്തിന് ഊന്നൽ നല്കി ബിരുദ കോഴ്സുകൾ മുതലുള്ള പഠനത്തിന് ഈ സ്കൂൾ അവസരം നല്കുന്നു.

## എം.എ.(ഇന്റഗ്രേറ്റഡ്), ബി.എ. (ഓണേഴ്സ്)


അഞ്ചു വർഷത്തെ ഇന്റഗ്രേറ്റഡ് എം.എ. യാണ് ഭാഷാപഠനത്തിൽ ഈ സ്കൂൾ നല്കുന്നത്. വിജയകരമായി മൂന്നുവർഷം പൂർത്തിയാക്കിയവർക്ക് വേണമെങ്കിൽ ബി. എ. (ഓണേഴ്സ്) ഡിഗ്രി വാങ്ങി പഠനം നിർത്താം. അല്ലാത്തവർക്ക് എം. എ. പ്രോഗ്രാമിലേക്ക് തുടർന്നുപഠിക്കാം. ഈ അവസരം അറബിക്, ചൈനീസ്, ഫ്രഞ്ച്, ജർമൻ, ജാപ്പനീസ്, കൊറിയൻ, പേർഷ്യൻ, റഷ്യൻ, സ്പാനിഷ്, പഷ്തു എന്നീ ഭാഷകളിൽ ഉണ്ട്. വിദേശഭാഷാ പഠനത്തിന് പൊതുവായി വേണ്ട യോഗ്യത 45 ശതമാനം മാർക്കോടുകൂടിയുള്ള പ്ലസ് ടു/തത്തുല്യ പരീക്ഷാവിജയമാണ്.

ഇന്റഗ്രേറ്റഡ് എം.എ. കോഴ്സിനു പുറമേ പഷ്തു ഒഴികെയുള്ള ഭാഷകളിൽ എം.ഫിൽ., പിഎച്ച്.ഡി. കോഴ്സുകളും ഇവിടെ ലഭ്യമാണ്. ബിരുദാനന്തരബിരുദ തലം മുതലാണ് മറ്റു സ്കൂളുകളിൽ കോഴ്സുകളുള്ളത്. സ്കൂൾ ഓഫ് ഇന്റർനാഷനൽ സ്റ്റഡീസ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസ് എന്നിവ ഒട്ടേറെ വിഷയങ്ങളിൽ പി.ജി., പിഎച്ച്.ഡി. കോഴ്സുകൾ നടത്തുന്നുണ്ട്.

## മികച്ച അക്കാദമിക്ക് അന്തരീക്ഷം

അക്കാദമിക് കോംപ്ലക്സുകളും ലൈബ്രറിയും അധ്യാപകരുടെയും വിദ്യാർഥികളുടെയും താമസസ്ഥലങ്ങളും എല്ലാം ഒരേ കാമ്പസിൽ ആയതുകൊണ്ടുതന്നെ അധ്യാപനവും പഠനവും വെറും ക്ലാസുമുറികളിൽ മാത്രമായി ഒതുങ്ങാതെ നിരന്തരമായ ചർച്ചകളുടെയും പരസ്പര കൂടിക്കാഴ്ചകളിലൂടെയുമുള്ള അറിവിന്റെ പങ്കുവെക്കലിന് ഈ കാമ്പസ് വഴിയൊരുക്കുന്നു.

ഒമ്പതു നിലകളിലായി അനേകം പുസ്തകശേഖരമുള്ള മികച്ച ഒരു ലൈബ്രറി (ഡോ.ബി. ആർ. അംബേദ്കർ സെൻട്രൽ ലൈബ്രറി) ജെ.എൻ.യു.വിൽ ഉണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി ഓൺലൈൻ ജേർണലുകളും മറ്റും ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണം അവിടെ ലഭ്യമാണ്. കൂടാതെ, വിദ്യാർഥികളുടെ വിവിധ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ധാരാളം ക്ലബുകളും സജീവമാണ്.



ഡോ.ബി. ആർ. അംബേദ്കർ സെൻട്രൽ ലൈബ്രറി (ജെ.എൻ.യു.)

2020-21 അക്കാദമിക് വർഷത്തേക്ക് അപേക്ഷ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി മാർച്ച് 31 ആയിരുന്നു. പ്രവേശനപരീക്ഷ മെയ് 11 മുതൽ 14 വരെയാണ്.

വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. https://www.jnu.ac.in/

ഏകദേശം 810 ഹെക്റ്റർ വിസ്തൃതിയുള്ള ഈ കാമ്പസ് ഉന്നതവിദ്യാഭ്യാസത്തിന് ഏറ്റവും ഉചിതമായ അന്തരീക്ഷം പ്രദാനംചെയ്യുന്നു.

# ഹൈദരാബാദ് സർവകലാശാല

ഡോ.ടി.പി.രാധാകൃഷ്ണൻ*

1974ൽ സ്ഥാപിതമായ ഒരു കേന്ദ്രസർവകലാശാലയാണ് ഹൈദരാബാദ് സർവകലാശാല. തെലങ്കാന സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഹൈദരാബാദിൽ, 'സൈബറാബാദ്' പ്രദേശത്ത്, വിവരസാങ്കേതികവിദ്യയുടെ ആസ്ഥാനമായ ഗച്ചിബൗളിയിൽ ഇതു സ്ഥിതിചെയ്യുന്നു.




ഷത. അമ്പതോളം വിഭാഗങ്ങളിലായി ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ലളിതകല, മാനേജ്മെന്റ്, സാഹിത്യാദി മാനവിക വിഷയങ്ങൾ എന്നിവയിൽ 400 ലേറെ അധ്യാപകരുടെ സഹായത്തോടെ 5,000 ത്തിൽ പരം വിദ്യാർഥികൾ പഠനം നടത്തുന്നു. ഇവിടത്തെ അധ്യാപക വിദ്യാർഥി അനുപാതം ഏകദേശം 1:12 ആണെന്നത് ശ്രദ്ധേയമാണ്.

## ആഗോളാടിസ്ഥാനത്തിൽ മുൻപന്തിയിൽ

ഉയർന്ന നിലവാരത്തിലുള്ള അധ്യാപന - പഠന പ്രക്രിയകളും ഗവേഷണവും പരസ്പരം പോഷിപ്പിക്കുന്ന വിദ്യാഭ്യാസ മാതൃകയാണ് ഹൈദരാബാദ് സർവകലാശാലയുടെ സവിശേ

ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുള്ള മികവുകളും അംഗീകാരങ്ങളും നിരവധിയാണ്. അടുത്തകാലത്ത് വന്നുചേർന്നതാണ് ശ്രേഷ്ഠസ്ഥാപനം (Institution of Eminence) എന്ന ഏറ്റവും പ്രഗൽഭ

*പ്രൊഫസർ, രസതന്ത്ര വകുപ്പ്, ഹൈദരാബാദ് സർവകലാശാല, ഹൈദരാബാദ്
ഫോൺ : 9441425794

മായ അംഗീകാരം. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പൊതു മേഖലയിലെ 10 സ്ഥാപനങ്ങൾക്കു മാത്രം ലഭിച്ച ഈ അംഗീകാരം ആഗോളാടിസ്ഥാനത്തിൽ മുൻപന്തിയിലുള്ള 500 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായി വളരാനുള്ള ആഹ്വാനം കൂടിയാണ്.

## പ്ലസ് ടുവിന് ശേഷമുള്ള കോഴ്സുകൾ

2006 ൽ ഹൈദരാബാദ് സർവകലാശാലയിൽ ബിരുദവും ബിരുദാനന്തരബിരുദവും സംയോജിപ്പിച്ച എം.എസ്‌സി. (5 വർഷ ഇന്റഗ്രേറ്റഡ്), എം.എ. (5 വർഷ ഇന്റഗ്രേറ്റഡ്) എന്നീ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. 12 ാം ക്ലാസിൽ 60 ശതമാനം മാർക്കോടെ പാസായ വിദ്യാർഥികൾക്ക് ഈ കോഴ്സിന് അപേക്ഷിക്കാം. കൊച്ചിയിലും കോഴിക്കോട്ടുമടക്കം രാജ്യത്തെ നാല്പതോളം കേന്ദ്രങ്ങളിൽ എല്ലാവർഷ വും മെയ് - ജൂൺ മാസങ്ങളിലായി സർവകലാശാല നടത്തുന്ന പ്രവേശനപരീക്ഷയിലൂടെയാണ് വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത്.



ഗണിതം, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഭൂഗർഭശാസ്ത്രം, ആരോഗ്യമനശ്ശാസ്ത്രം എന്നീ വിഷയങ്ങളിൽ എം.എസ്‌സി. ബിരുദത്തിനും ഹിന്ദി, ധനതത്ത്വശാസ്ത്രം, ചരിത്രം, രാഷ്ട്രതന്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ എം.എ.ബിരുദത്തിനും പഠിക്കാം. കോഴ്സുകൾ, ഫീസ്, സ്കോളർഷിപ്പുകൾ, പ്രവേശന പരീക്ഷ എന്നിവയെക്കുറിച്ച് വിശദവിവരങ്ങൾക്ക് http://uohyd.ac.in ൽ അന്വേഷിക്കാം.

## ഇന്റഗ്രേറ്റഡ് കോഴ്സുകൾ

ഈ സംയോജിത (integrated) കോഴ്സുകളിൽ ആദ്യത്തെ രണ്ടോ മൂന്നോ വർഷങ്ങൾ വിദ്യാർഥികൾ ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പഠിക്കുന്നു. പിന്നീട് ബിരുദം നേടുന്ന വിഷയമനുസരിച്ച് കൂടുതൽ ഗഹനവും ഉന്നതവുമായ പഠനം ആരംഭിക്കുന്നു. ഗവേഷണ സംബന്ധമായ പഠനങ്ങൾക്ക് പൊതുവേ ഊന്നൽ കൊടുക്കുന്നതാണ് ഇന്റഗ്രേറ്റഡ് കോഴ്സുകൾ.

മാസ്റ്റർ ഓഫ് ഓപ്റ്റോമെട്രി എന്ന 6 വർഷ ഇന്റഗ്രേറ്റഡ് കോഴ്സും സർവകലാശാലയിൽ നടക്കുന്നുണ്ട്. ഓപ്റ്റോമെട്രിയിലും കാഴ്ചയുടെ ശാസ്ത്രത്തിലും മികച്ച പരിശീലനം ലഭിക്കുന്ന കോഴ്സാണിത്.

ഹൈദരാബാദ് സർവകലാശാലയിലെ ഇന്റഗ്രേറ്റഡ് കോഴ്സുകൾ ഉയർന്ന ഗവേഷണ വിദ്യാഭ്യാസ മേഖലകളിലേക്കും മെച്ചപ്പെട്ട ഉദ്യോഗ സാധ്യതകളിലേക്കുമുള്ള മാർഗമായി മാറിയിട്ടുണ്ട്.

> **ഉയർന്ന നിലവാരത്തിലുള്ള അധ്യാപന – പഠന പ്രക്രിയയും ഗവേഷണവും പരസ്പരം പോഷിപ്പിക്കുന്ന വിദ്യാഭ്യാസ മാതൃകയാണ് ഹൈദരാബാദ് സർവകലാശാലയുടെ സവിശേഷത.**

ഇന്ത്യയിലെ പ്രഗത്ഭമായ എഞ്ചിനീയറിങ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒന്നാമതാണ് ഐ.ഐ.ടി.കൾ.

# ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

പി.ആതിര*

എഞ്ചിനീയറിങ് വിദ്യാഭ്യാസത്തിനുള്ള ഏറ്റവും നല്ല സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT). ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലായി ഇരുപത്തിമൂന്ന് ഐ.ഐ. ടി.കൾ ഉണ്ട്. കേരളത്തിൽ പാലക്കാടാണ് ഐ.ഐ. ടി. സ്ഥിതിചെയ്യുന്നത്.



## പ്രവേശനം, കോഴ്സുകൾ

വിവിധ ഐ.ഐ.ടി.കളിലായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ സയൻസ്, കെമിക്കൽ, നേവൽ, ആർക്കിടെക്ച്ചർ, ബയോടെക്നോളജി, ഏറോസ്പേയ്സ് തുടങ്ങിയ വിഷയങ്ങളിൽ എൻജിനീറിങ് പഠനത്തിനുള്ള സാധ്യതകളുണ്ട്. എല്ലാ ഐ.ഐ. ടി.കളും ചേർന്നു നടത്തുന്ന ജോയിന്റ് എൻട്രൻസ് എക്സാം (JEE- അഡ്വാൻസ്) മുഖേനയാണ് ഈ വിഷയങ്ങളുടെ പഠനത്തിനായി പ്രവേശനം നേടുന്നത്.

എൻജിനീയറിങ് വിഷയങ്ങൾ കൂടാതെ സയൻസ് വിഷയങ്ങളിൽ നാലു വർഷത്തെ ബാച്ചിലർ പഠനത്തിനായുള്ള സാധ്യതകൾ ഐ.ഐ .ടി.ബോംബെ, കാൺപൂർ എന്നിവിടങ്ങളിലുണ്ട്. പ്രധാനമായും ഊർജതന്ത്രം, രസതന്ത്രം, എർത്ത് സയൻസ്, സാമ്പത്തികശാസ്ത്രം എന്നീ വിഷയങ്ങളിൽ ബാച്ചിലർ ഓഫ് സയൻസ് കോഴ്സുകൾ ഉണ്ട്. ഇതിലേക്കുള്ള പ്രവേശനം ജെ.ഇ.ഇ. മുഖേനയാണ്. കൂടാതെ, ചില ഐ.ഐ.ടി.കളിൽ വിവിധ ശാസ്ത്രവിഷയങ്ങൾക്കുള്ള 5 വർഷത്തെ ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളും ഉണ്ട്.

ഐ.ഐ.ടി. മദ്രാസിൽ ഹ്യുമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ് ഡിപ്പാർട്ട്മെന്റും ഉണ്ട്. 5 വർഷത്തെ ഇന്റഗ്രേറ്റഡ് കോഴ്സ് അവിടെ നടത്തുന്നുണ്ട്. സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ താല്പര്യമുള്ള കുട്ടികൾക്ക് ഇതു നല്ലൊരു കോഴ്സാണ്. ഹ്യുമാനിറ്റീസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്രവേശനപരീക്ഷയായ എച്ച്.എസ്.ഇ.ഇ. മുഖേനയാണ് ഈ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നത്.

*അസി.പ്രൊഫസർ, സിവിൽ എഞ്ചിനീയറിങ് വകുപ്പ്, ഐ.ഐ.ടി.പാലക്കാട്
ഫോൺ : 9962388466

**സാമൂഹ്യശാസ്ത്രവിഷയങ്ങൾ പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്ന ഇന്ത്യയിലെ മുൻനിര സ്ഥാപനമാണിത്.**

# ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്

**എം.പ്രണദ്***
**ഡോ.പ്രതിഭ ഗണേശൻ****

സാമൂഹ്യശാസ്ത്ര പഠന-ഗവേഷണരംഗത്ത് രാജ്യത്തെ മികച്ച സ്ഥാപനങ്ങളിൽ ഒന്നാണ് മുംബൈയിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (ടിസ്സ്). ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിലെ സാമ്പത്തികമാന്ദ്യത്തിനുശേഷം ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരാശ്രയത്വം തുടങ്ങിയ സാമൂഹിക - സാമ്പത്തികപ്രശ്നങ്ങളെ മറികടക്കുന്നതിനുവേണ്ടി സാമൂഹ്യസേവന രംഗത്ത് മികവുറ്റ പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 1936 ൽ ടിസ്സ് സ്ഥാപിതമായത്.

## മികവിനുള്ള അംഗീകാരങ്ങൾ

മുംബൈ കൂടാതെ തുൽജാപുർ , ഹൈദരാബാദ്, ഗുവാഹത്തി, ചെന്നൈ (ബനിയൻ കാമ്പസ്) എന്നിവിടങ്ങളിലും ടിസ്സ് കാമ്പസുകൾ ഉണ്ട്. കാലികപ്രസക്തിയുള്ള വിഷയങ്ങളിലെ പഠനാവസരങ്ങളും തുടർച്ചയായി പരിഷ്കരിക്കപ്പെടുന്ന സിലബസും മൂല്യനിർണയ സംവിധാനങ്ങളും ഇവിടത്തെ സവിശേഷതകളാണ്. സാമൂഹിക, സാമ്പത്തിക, ഗ്രാമീണ സാഹചര്യങ്ങൾ അടുത്തറിയുന്നതിനുവേണ്ടി പാഠ്യപദ്ധതിയിൽ ഫീൽഡ് വർക്കിന് പ്രാമുഖ്യം നല്കിയിട്ടുണ്ട്. കൂടാതെ, കാമ്പസ് പ്ലെയിസ്മെന്റ് അവസരങ്ങളും ലഭ്യമാണ്. ബിരുദ, ബിരുദാനന്തര ബിരുദം, എം.ഫിൽ., പിഎച്ച്.ഡി. കോഴ്സുകളിൽ ടിസ്സിൽ പഠനാവസരങ്ങളുണ്ട്. മികച്ച വിദ്യാഭ്യാസ, ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി നാഷനൽ അസെസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മികച്ച റേറ്റിങ്ങും യു.ജി.സി.യുടെ ഗ്രേഡ് വൺ ഡീംഡ് യൂനിവേഴ്സിറ്റി സ്ഥാനവും ലഭിച്ചിട്ടുണ്ട്.

## യോഗ്യതയും പ്രവേശനപരീക്ഷയും

നിലവിൽ തുൾജാപുർ(മഹാരാഷ്ട്ര), ഗുവാഹത്തി എന്നീ കാമ്പസുകളിലാണ് ബിരുദ കോ

*(ശേഷം 21 ാം പേജിൽ)*

** ഗവേഷണവിദ്യാർഥി, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (ടിസ്സ്)**
*ഫോൺ : 8921573462*
***അസി.പ്രൊഫസർ, ടിസ്സ്, മുംബൈ*
*ഫോൺ : 9048071359*

ഡൽഹി സർവകലാശാല ഇന്ത്യയിലെ മുൻനിരയിലുള്ള കേന്ദ്ര സർവകലാശാലകളിലൊന്നാണ്.

# ഡൽഹി സർവകലാശാല

ഡോ.ശൈലജ ചേന്നാട്ട്*

വളരെ യശസ്സുള്ള പാരമ്പര്യം, വൈവിധ്യമാർന്ന അക്കാദമിക പാഠ്യക്രമങ്ങളും കലാകായിക പരിപാടികളും കോർത്തിണക്കിയ പാഠ്യപദ്ധതി, മികച്ച അധ്യാപകർ, ഒട്ടേറെ പ്രശസ്തർ ഉൾപ്പെട്ട പൂർവവിദ്യാർഥി സമ്പത്ത്, ആധുനിക അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ഉള്ളതിനാൽ ദേശീയതലത്തിൽ മികവാർന്ന സ്ഥാനം ഡൽഹി സർവകലാശാലയ്ക്കുണ്ട്.

1922 ൽ ആരംഭിച്ച ഈ സ്ഥാപനം 16 ഫാക്കൽട്ടികളും 800 ലേറെ ബിരുദാനന്തര ബിരുദ വകുപ്പുകളും 91 കോളേജുകളും ഏഴു ലക്ഷത്തിൽ പരം വിദ്യാർഥികളുമുള്ള രാജ്യത്തെ ഏറ്റവും വലിയ സർവകലാശാലയായി വളർന്നിരിക്കുന്നു.


അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, എം.ഫിൽ, പിഎച്ച്.ഡി., സർട്ടിഫിക്കറ്റ്, ഡിപ്ലോമ എന്നീ കോഴ്സുകളടക്കം 540 പ്രോഗ്രാമുകൾ ഈ സർവകലാശാലയിൽ ഉണ്ട്. അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകൾ പല സ്ഥലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കോളേജുകളിൽ നടത്തുന്നു. മിക്ക ബിരുദ കോഴ്സുകളും ഓണേഴ്സ് കോഴ്സുകളാണ്. കോഴ്സുകൾ നടത്തുന്ന കോളേജുകളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.

## സെന്റ് സ്റ്റീഫൻ കോളേജ്

ആർട്ട്സ്, സാഹിത്യ- മാനവിക വിഷയങ്ങൾ, സയൻസ് എന്നീ വിജ്ഞാനശാഖകളിൽ അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ലഭ്യമാണ്.

## ലേഡി ശ്രീരാം കോളേജ് (സ്ത്രീകൾക്ക്)

സാമൂഹ്യശാസ്ത്രം, സാഹിത്യ- മാനവിക വിഷയങ്ങൾ, കോമേഴ്സ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിജ്ഞാനശാഖകളിൽ അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകളും ബാച്ചിലർ ഓഫ് എലിമെന്ററി എഡ്യുക്കേഷൻ (Bachelor of Elementary Education - B.El.Ed.) കോഴ്സും ജേർണലിസം പഠിക്കാനുള്ള സൗകര്യവും ലഭ്യമാണ്.




## ഹിന്ദു കോളേജ്

കോമേഴ്സ്, സയൻസ്, ആർട്ട്സ്, സാഹിത്യ -മാനവിക വിഷയങ്ങൾ എന്നീ പരമ്പരാഗത അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകൾ കൂടാതെ ഫ്രഞ്ച്, ജർമൻ, റഷ്യൻ, സ്പാനിഷ് എന്നീ ഭാഷകളിൽ ഹ്രസ്വകാല കോഴ്സുകളും ലഭ്യമാണ്.

## ശ്രീരാം കോളേജ് ഓഫ് കോമേഴ്സ്

സാമ്പത്തികശാസ്ത്രത്തിൽ ബി.എ.(ഓണേഴ്സ്), എം.കോം, എം.എ. (സാമ്പത്തികശാസ്ത്രം), പി.

*പ്രൊഫസർ, എഡ്യുക്കേഷൻ വകുപ്പ്, ഡൽഹി സർവകലാശാല, ഡൽഹി -110007
ഫോൺ: 8447588686

ജി. ഡിപ്ലോമ ഇൻ ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് എന്നീ കോഴ്സുകൾ ലഭ്യമാണ്.

## ലേഡി ഇർവിൻ കോളേജ്

ഹോം സയൻസ്, ഫുഡ് ടെക്നോളജി എന്നീ വിഷയങ്ങളിൽ അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകളും ഹോം സയൻസിലെ അഞ്ചു വിഷയങ്ങളിൽ പി.ജി.കോഴ്സുകളും ഗവേഷണ ബിരുദ കോഴ്സുകളും ബി.എഡ്., ബി.എഡ്.(സ്പെഷ്യൽ) എന്നീ പ്രോഗ്രാമുകളും ലഭ്യമാണ്.

## അഹില്യബായി കോളേജ് ഓഫ് നേഴ്സിങ്

നേഴ്സിങ്ങിൽ നാലു വർഷ അണ്ടർ ഗ്രാജ്വേറ്റ് കോഴ്സ് ലഭ്യമാണ്.

## മിറാൻഡ ഹൗസ്

സയൻസ്, ആർട്ട്സ്, സാഹിത്യ- മാനവിക വിഷയങ്ങൾ എന്നിവയിൽ ഗ്രാജ്വേറ്റ് കോഴ്സുകളും പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും നരവംശശാസ്ത്ര (anthropology)ത്തിൽ എം.എ.കോഴ്സും ഉണ്ട്.

## എഡ്യുക്കേഷൻ ഫാക്കൽട്ടി

എഡ്യുക്കേഷൻ ഫാക്കൽട്ടിയിൽ ബാച്ചിലർ ഓഫ് എഡ്യുക്കേഷൻ (B.Ed.) മാസ്റ്റർ ഓഫ് എഡ്യുക്കേഷൻ (M.Ed.), എം.ഫിൽ.,(M.Phil.), പി.എച്ച്.ഡി. (Ph.D.) എന്നീ കോഴ്സുകൾ ലഭ്യമാണ്. ഇവയിൽ B.Ed. കോഴ്സ് എഡ്യുക്കേഷൻ ഫാക്കൽട്ടിയുടെ കീഴിലുള്ള മഹർഷി വാല്മീകി കോളേജ്, ലേഡി ഇർവിൻ കോളേജ്, ശ്യാമ പ്രസാദ് മുഖർജി കോളേജ് എന്നീ കോളേജുകളിലും ലഭ്യമാണ്.

എഡ്യുക്കേഷൻ ഫാക്കൽട്ടിയുടെ കീഴിലുള്ള എട്ടു കോളേജുകളിൽ ഹയർ സെക്കന്ററി പാസായവർക്കായി ബാച്ചിലർ ഓഫ് എലിമെന്ററി എഡ്യുക്കേഷൻ (B.El.Ed.) എന്ന കോഴ്സ് ലഭ്യമാണ്.

മുകളിൽ കൊടുത്തിരിക്കുന്ന കോഴ്സുകളിലേക്കുള്ള പ്രവേശനം സർവകലാശാല നടത്തുന്ന ഓൺലൈൻ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ്.

## ഫാക്കൽട്ടി ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്ട്സ്

കർണാടക സംഗീതം, ഹിന്ദുസ്ഥാനി സംഗീതം, വാദ്യോപകരണ സംഗീതം, വായ്പാട്ട് എന്നിവയിൽ അണ്ടർ ഗ്രാജ്വേറ്റ്, പി.ജി., എം.ഫിൽ, പിഎച്ച്.ഡി എന്നീ പ്രോഗ്രാമുകൾ ലഭ്യമാണ്.

ചിത്രരചന, ശില്പകല, വിഷ്വൽ കമ്മ്യൂണിക്കേഷൻ, പ്രിന്റ് മേക്കിങ്, അപ്ലൈഡ് ആർട്ട്, ആർട്ട് ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ പൊതുവായ അടിസ്ഥാനപരമായ ഒരു വർഷത്തെ കോഴ്സും തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട വിഷയത്തിൽ മൂന്നു വർഷത്തെ ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ്(B.F.A.) ഡിഗ്രി കോഴ്സും ലഭ്യമാണ്.



## പ്രവേശന പരീക്ഷ

ചില അണ്ടർ ഗ്രാജ്വേറ്റ് പ്രൊഫഷണൽ കോഴ്സുകളിലേക്കും എല്ലാ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമുകളിലേക്കും പ്രവേശനത്തിനായി രാജ്യത്തെ 18 നഗരങ്ങളിലായി ഓൺലൈൻ പ്രവേശന പരീക്ഷ നടത്തുന്നുണ്ട്.

അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകളിലേക്കുള്ള പ്രവേശനം യോഗ്യതയോ പ്രവേശന പരീക്ഷയിലെ പ്രകടനമോ അടിസ്ഥാനമാക്കി അല്ലെങ്കിൽ ഇവ രണ്ടിനെയും അടിസ്ഥാനമാക്കി ആയിരിക്കും.

**വിശാലമായതും പ്രകൃതിഭംഗി നിറഞ്ഞതുമായ കാമ്പസ് ആണ് പോണ്ടിച്ചേരി സർവകലാശാലയുടേത്.**

# പോണ്ടിച്ചേരി സർവകലാശാല

**ഡോ.എസ്.ലസിത***

പോണ്ടിച്ചേരി സർവകലാശാലയിൽ എത്തുമ്പോൾ വരവേൽക്കുന്നത് പട്ടണത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ സുന്ദരമായ ഭൂപ്രദേശമാണ്. അതിന്റെ ഒരുവശത്ത് ബംഗാൾ ഉൾക്കടൽ പരന്നുകിടക്കുന്നു.




## ഇന്റഗ്രേറ്റഡ് കോഴ്സുകൾ

കാമ്പസ് പോലെതന്നെ വിശാലമാണ് ഇവിടത്തെ പഠനകോഴ്സുകളും. രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള വിദ്യാർഥികൾ ഇവിടെ പഠനത്തിനായി എത്തിച്ചേരുന്നുണ്ട്. ഇരുപതിലേറെ ഹോസ്റ്റൽ, 100 ശതമാനം വൈ-ഫൈ പ്രാപ്തമാക്കിയ കാമ്പസ്, 24x7 ലൈബ്രറി സൗകര്യം, 24x7 മെഡിക്കൽ സൗകര്യം എന്നിവയും കാമ്പസിനെ വ്യത്യസ്തമാക്കുന്നു. 'ചോയ്സ് ബെയിസ്ഡ് ക്രെഡിറ്റ് സിസ്റ്റം' (സി.ബി.സി.എസ്.) നടപ്പിലാക്കിയ രാജ്യത്തെ ആദ്യത്തെ സർവകലാശാലയാണ് പോണ്ടിച്ചേരി സർവകലാശാല. ഹാർഡ് കോഴ്സുകൾക്കു പുറമേ, വിദ്യാർഥികൾക്ക് ഇഷ്ടമുള്ള സോഫ്റ്റ് കോഴ്സുകൾ തിരഞ്ഞെടുക്കാൻ ഇവിടെ സാധ്യമാണ്. അതിൽ കലയും കായികപഠനവും ഉൾപ്പെടുത്താവുന്നതാണ്.

പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഉന്നത പഠനത്തിനായി അഞ്ചുവർഷത്തെ വിവിധ ഇന്റഗ്രേറ്റഡ് കോഴ്സുകളാണ് പോണ്ടിച്ചേരി സർവകലാശാലയിൽ ഉള്ളത്. അവ അപ്ലൈഡ് ജിയോളജി, രസതന്ത്രം, ഊർജതന്ത്രം എന്നിവയിലാണ്. പ്ലസ് ടു കോഴ്സിന് ഊർജതന്ത്രം, രസതന്ത്രം, ഗണിതം എന്നിവ പഠിച്ച് 50 ശതമാനം മാർക്കോടെ പാസായിരിക്കണം. ഈ മൂന്നു കോഴ്സുകൾക്കും കൂടി ഒരു പ്രവേശന പരീക്ഷയായിരിക്കും ഉണ്ടാവുക. പ്രവേശന പരീക്ഷയിലെ റാങ്ക് അനുസരിച്ച് നമുക്ക് താല്പര്യമുള്ള വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. 35 സീറ്റുകളാണ് ഓരോ വിഷയത്തിനുമുള്ളത്.

## ഗണിതം, സാമൂഹ്യശാസ്ത്രം

മേല്പറഞ്ഞത് കൂടാതെ ഗണിതശാസ്ത്രവുമായി

**അസി.പ്രൊഫസർ, എർത്ത് സയൻസസ് വകുപ്പ്, പോണ്ടിച്ചേരി സർവകലാശാല, പോണ്ടിച്ചേരി*
*ഫോൺ : 9789521176*

ബന്ധപ്പെട്ട ഗണിതം, കമ്പ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിലും അഞ്ചുവർഷത്തെ ഇന്റഗ്രേറ്റഡ് എം.എസ്‌സി പ്രോഗ്രാമുകൾ ഉണ്ട്. +2 വിന് ഗണിതം, ഊർജതന്ത്രം, രസതന്ത്രം എന്നിവ പഠിച്ച് 50 ശതമാനം മാർക്ക് ലഭിച്ചവർക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കും.

ഈ മൂന്നു കോഴ്സുകൾക്കുമായി ഒരു പ്രവേശന പരീക്ഷയായിരിക്കും ഉണ്ടാവുക. പ്രവേശന പരീക്ഷയിലെ റാങ്ക് അനുസരിച്ചു താല്പര്യമുള്ള വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. 23 സീറ്റുകളാണ് ഓരോ വിഷയത്തിനുമുള്ളത്.

കൂടാതെ ചരിത്രം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ വിഷയങ്ങൾക്കും അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകൾ ഉണ്ട്. 50 ശതമാനം മാർക്കോടെ +2 പരീക്ഷ പാസായവർക്ക് അപേക്ഷിക്കാവുന്നതാണ്. ഈ മൂന്നു കോഴ്സുകൾക്കുമായി മറ്റൊരു പ്രവേശനപരീക്ഷയായിരിക്കും ഉണ്ടാവുക. എൻട്രൻസ് ടെസ്റ്റിലെ റാങ്ക് അനുസരിച്ചു താല്പര്യമുള്ള വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. 23 സീറ്റാണ് ഓരോ വിഷയത്തിനുമുള്ളത്.

എല്ലാവർഷവും മാർച്ച് മാസത്തിൽ പ്രവേശനത്തിനുള്ള പരസ്യം പ്രമുഖ ദിനപത്രങ്ങളിൽ വരാറുണ്ട്. അപേക്ഷാഫോറം അയക്കേണ്ടതും പ്രവേശന പരീക്ഷ എഴുതേണ്ടതും ഓൺലൈൻ ആയിട്ടാണ്. വിശദവിവരങ്ങൾ www.pondiuni.edu.in എന്ന വിലാസത്തിൽ ലഭ്യമായിരിക്കും. മെയ് അവസാന വാരത്തിലോ ജൂൺ ആദ്യവാരത്തിലോ ആണ് പ്രവേശനപരീക്ഷ നടക്കുക.

തുടർ വിദ്യാഭ്യാസം

*(4 ാം പേജ് തുടർച്ച)*

ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (AIISH) എന്ന കേന്ദ്രസർക്കാർ സ്ഥാപനം നടത്തുന്ന ഡിപ്ലോമ, ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപരീക്ഷയ്ക്ക് 2020 ഏപ്രിൽ അവസാനവാരം വരെ അപേക്ഷിക്കാം. വിശദാംശങ്ങൾക്ക് www.aiishmysore.com സന്ദർശിക്കുക.

### 5. ഇന്ത്യൻ മാരിടൈം സർവകലാശാല

ഈ സ്ഥാപനം കാമ്പസുകളിൽ നടത്തുന്ന ബി.എസ്‌സി. നോട്ടിക്കൽ സയൻസ്, ബി.എസ്‌സി. ഷിപ്പ് ബിൽഡിങ്& റിപ്പെയർ, ബി.ടെക്. മറൈൻ എഞ്ചിനീയറിങ്, ബി.ടെക്. നേവൽ ആർക്കിടെക്ചർ എന്നീ പ്രോഗ്രാമുകളിലേക്ക് പ്രവേശനം ലഭിക്കുന്നതിന് 2020 മെയ് ആദ്യവാരം വരെ അപേക്ഷ സമർപ്പിക്കാം.

വിശദാംശങ്ങൾക്ക് www.imu.ac.in സന്ദർശിക്കുക.

### 6. ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്സ് ആന്റ് ഇക്കണോമിക്സ്

പുണെയിലുള്ള ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്സ് ആന്റ് ഇക്കണോമിക്സ് എന്ന പ്രശസ്തമായ സ്ഥാപനം നടത്തുന്ന ബി.എസ്‌സി. ഇക്കണോമിക്സ് പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുന്നതിന് 2020 ഏപ്രിൽ 17 വരെ അപേക്ഷിക്കാം. മെയ് 3 ന് നടക്കുന്ന പ്രവേശനപരീക്ഷയ്ക്ക് എറണാകുളത്ത് കേന്ദ്രം ഉണ്ടായിരിക്കും. വിശദാംശങ്ങൾക്ക് www.gipe.ac.in നോക്കുക.

### 7. ഇന്ത്യൻ അസോസിയേഷൻ ഫോർ കൾട്ടിവേഷൻ ഓഫ് സയൻസസ് (ഐ.എ.സി.എസ്.), കൊൽക്കത്ത

ഇന്ത്യയിലെ ഏറ്റവും പഴക്കംചെന്ന ഗവേഷണ സ്ഥാപനമാണിത്. രാമൻ പ്രഭാവത്തെക്കുറിച്ച് സി.വി.രാമൻ ഗവേഷണം നടത്തിയത് ഇവിടെ വെച്ചായിരുന്നു. വിവിധ വിഷയങ്ങളിൽ ബിരുദ, പി.ജി., ഗവേഷണ പ്രോഗ്രാമുകൾ ഐ.എ.സി.എസ്. നടത്തുന്നുണ്ട്. സയൻസ് വിഷയങ്ങളിൽ +2/ തത്തുല്യ യോഗ്യതയുള്ളവർക്ക് ഇന്റഗ്രേറ്റഡ് ബാച്ചിലേഴ്സ് - മാസ്റ്റേഴ്സ് പ്രോഗ്രാമിന് ചേരാം. ഗണിതം, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിലാണ് ഇന്റഗ്രേറ്റഡ് ബാച്ചിലേഴ്സ് - മാസ്റ്റേഴ്സ് പ്രോഗ്രാം ഉള്ളത്. ഈ വർഷം അപേക്ഷിക്കാനുള്ള അവസാന തീയതി ഏപ്രിൽ 5 ആണ്. പ്രവേശനപരീക്ഷ ഏപ്രിൽ 18 ന് ആയിരിക്കും.

വിശദാംശങ്ങൾക്ക് www.iacs.res.in കാണുക.

**പ്രൊഫ. എൻ. കെ. ഗോവിന്ദൻ**
ഫോൺ : 9446304755

ഇന്ത്യയിലെ ഉന്നതനിലവാരമുള്ള മൂന്ന സർവകലാശാലയിലെ കോഴ്സുകളെക്കുറിച്ചാണിത്.

# മൂന്ന കേന്ദ്രസർവകലാശാല

ടി.പി.അശോകൻ*

ഇന്ത്യയിലെ പ്രശസ്തമായ മൂന്നു കേന്ദ്രസർവ കലാശാലയിൽ പ്ലസ് ടു വിന് ശേഷമുള്ള തുടർപഠന സാധ്യതകളിതാ:

## ബനാറസ് ഹിന്ദു സർവകലാശാല

ഇന്ത്യയിലെ പഴക്കംചെന്നതും ഉയർന്ന നിലവാരമുള്ളതുമായ സർവകലാശാലയാണിത്. എല്ലാ മേഖലകളിലുമുള്ള ഡിഗ്രി കോഴ്സുകളും പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും ഇവിടെ നടത്തിവരുന്നു. മിക്കവാറും ഡിഗ്രികളും ഓണേഴ്സ് ഡിഗ്രിയാണ്. ഗണിതവും അനുബന്ധ കോഴ്സുകളും ജീവശാസ്ത്രവും അനുബന്ധ കോഴ്സുകളും കൂടാതെ ആർട്ട്സ് വിഷയങ്ങളിൽ സോഷ്യൽ സയൻസ്, എൽ.എൽ.ബി. എന്നിവയുമുണ്ട്. പെർഫോമൻസ് ആർട്ട്സിൽ സിത്താർ, ഫ്ളൂട്ട്, വയലിൻ, തബല, കഥക്, വായ്പ്പാട്ട്, ഭരതനാട്യം എന്നിവയിലും ഫൈൻ ആർട്ട്സിലും ഡിഗ്രി സമ്പാദിക്കാം.

ധാരാളം തൊഴിലധിഷ്ഠിത ഗ്രാജ്വേറ്റ് കോഴ്സുകളും സർവകലാശാലയിൽ ഉണ്ട്. ഉദാ: ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ടൂറിസം മാനേജ്മെന്റ്, ഫാഷൻ ഡിസൈനിങ് , ഓഫീസ് മാനേജ്മെന്റ്, ഫുഡ് പ്രോസസ്സിങ്, ലാബ് ടെക്നോളജി എന്നിവ. കൂടാതെ സർട്ടിഫിക്കറ്റ് കോഴ്സുകളായ വിഷ്വൽ മീഡിയ അഡ്വർട്ടൈസിങ്, ടെക്സ്റ്റൈൽ ഡിസൈനിങ്, പോട്ടറി സിറാമിക്, സീഡ് ടെക്നോളജി എന്നിവയും ഉണ്ട്.

ബി.കോം. വിഭാഗത്തിൽ ഫിനാൻസ്, മാർക്കറ്റിങ്, മാനേജ്മെന്റ് എന്നിവയിലും ഓണേർസ് ഡിഗ്രി കരസ്ഥമാക്കാം. അഗ്രിക്കൾച്ചർ, വെറ്റിനറി സയൻസ് എന്നിവയിലും സർവകലാശാല ഗ്രാജ്വേറ്റ് കോഴ്സുകൾ നടത്തിവരുന്നു. എല്ലാ വിഭാഗങ്ങളിലും പ്രത്യേകമായോ ചിലതിനൊക്കെ ഒന്നിച്ചോ ആണ് പ്രവേശനപരീക്ഷ. പ്രവേശന പരീക്ഷ പ്രത്യേക സ്ലോട്ടുകളിലായുള്ള കമ്പ്യൂട്ടർ



*അലിഗർ മുസ്ലീം സർവകലാശാല*

**ജില്ലാ പ്രോഗ്രാം ഓഫീസർ, സമഗ്രശിക്ഷ കേരളം, കണ്ണൂർ ജില്ല*
*ഫോൺ : 9446062723*

ബെയിസ്ഡ് ടെസ്റ്റ് (Computer Based Test- CBT) ആയിരിക്കും. ഇത് ഏപ്രിൽ, മെയ് മാസങ്ങളിലാണ് നടക്കാറുള്ളത്.

വിശദവിവരങ്ങൾ www.bhu.ac.in എന്ന സൈറ്റിൽ ലഭ്യമാണ്.

## അലിഗർ മുസ്ലീം സർവകലാശാല

ധാരാളം ബിരുദകോഴ്സുകൾ നടത്തുന്ന, ഇന്ത്യയിൽ പ്രമുഖസ്ഥാനമുള്ള, സർവകലാശാലയാണിത്.

**1. ബി.എ.കോഴ്സുകൾ :** ഇംഗ്ലീഷ്, ഹിസ്റ്ററി, പൊളിറ്റിക്സ് ഫിലോസഫി, ജ്യോഗ്രഫി, ഇക്കണോമിക്സ്, സൈക്കോളജി, ഫൈൻ ആർട്ട്സ്, ഹിന്ദി, റഷ്യൻ, ഉറുദു, ചൈനീസ്, സംസ്കൃതം, അറബിക്, ഫ്രഞ്ച്, പേർഷ്യൻ, ഇസ്ലാമിക് ഹിസ്റ്ററി, വിമൻ സ്റ്റഡീസ് തുടങ്ങിയവ.

**2. ബി.എസ്സി.കോഴ്സുകൾ :** അഗ്രിക്കൾച്ചർ, ഹോം സയൻസ്, ബയോകെമിസ്ട്രി, ബോട്ടണി, സുവോളജി, രസതന്ത്രം, ജിയോളജി, ജ്യോഗ്രഫി, ഗണിതം, ഊർജതന്ത്രം, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിൽ ഡിഗ്രി കോഴ്സുകൾ നടത്തുന്നു. കൂടാതെ എഞ്ചിനീയറിങ്ങിലും അനുബന്ധ വിഷയങ്ങളിലും ഡിഗ്രി സമ്പാദിക്കാം. എല്ലാ കോഴ്സുകൾക്കും ഓണേഴ്സ് ഡിഗ്രിയാണ് നല്കുന്നത്.

ബിരുദ കോഴ്സുകളിലേക്ക് സർവകലാശാല നടത്തുന്ന പ്രവേശനപരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. ഊർജതന്ത്രം, രസതന്ത്രം, ഗണിതം എന്നീ വിഷയങ്ങളെടുത്ത് +2 പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം.

വിശദവിവരങ്ങൾ www.amu.ac.in എന്ന സൈറ്റിൽ ലഭ്യമാണ്.

## ഡോ.ബി.ആർ അംബേദ്കർ സർവകലാശാല, ഡൽഹി

ഡൽഹിയിൽ സ്ഥിതിചെയ്യുന്ന മികവുറ്റ സ്ഥാപനങ്ങളിൽ ഒന്നാണിത്. പതിമൂന്ന് വ്യത്യസ്ത സ്കൂളുകളിലായി സർവകലാശാല വ്യാപിച്ചു കിടക്കുന്നു. ഇതിൽ രണ്ടു സെന്റർ ബിരുദ കോഴ്സുകൾക്ക് മാത്രമായി നീക്കിവെച്ചിരിക്കുന്നു.

**ഒന്നാമത്തെ കേന്ദ്രം :** ബി.എ.കോഴ്സുകൾ നടത്തുന്നു. ഓണേഴ്സ് ഡിഗ്രിയാണ് നല്കുന്നത്. ഹിസ്റ്ററി, ഗണിതം, സോഷ്യോളജി, ഇക്കണോമിക്സ്, ഇംഗ്ലീഷ്, സൈക്കോളജി എന്നിവയാണ് വിഷയങ്ങൾ. അടിസ്ഥാന യോഗ്യത +2 വിലെ മികച്ച വിജയമാണ്.

**രണ്ടാമത്തെ കേന്ദ്രം :** വ്യത്യസ്തവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകൾ നടത്തിവരുന്നു. ഗ്ലോബൽ സ്റ്റഡീസ്, സുസ്ഥിര നഗരവികസനം, സോഷ്യൽ സയൻസ് ആന്റ് ഹ്യുമാനിറ്റീസ്, ലോ ആന്റ് പൊളിറ്റിക്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, റീറ്റെയിൽ മാനേജ്മെന്റ് , ഏർലി ചൈൽഡ്ഹുഡ് മാനേജ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് എന്നിങ്ങനെയുള്ള ബിരുദ കോഴ്സുകൾ നടത്തിവരുന്നു.

നൈപുണി പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ മാർക്കും +2 വിന് ലഭിച്ച മാർക്കും പരിഗണിച്ചാണ് പ്രവേശനം നടത്തുന്നത്.

*(15 ാം പേജ് തുടർച്ച)*

ഴ്സുകൾ ഉള്ളത്. ഗുവാഹത്തി കാമ്പസിൽ ബി.എ. സോഷ്യൽ സയൻസ് (60 സീറ്റ്), തുൾജാപുർ കാമ്പസിൽ ബി.എ. സോഷ്യൽ സയൻസ് (30 സീറ്റ്), ബി.എ. (ഓണേഴ്സ്) സോഷ്യൽവർക്ക് ഇൻ റൂറൽ ഡെവലപ്മെൻറ് (30 സീറ്റ്) എന്നീ കോഴ്സുകളിലാണ് പഠനാവസരങ്ങൾ. പ്ലസ് ടു / തത്തുല്യ കോഴ്സിലെ വിജയമാണ് അപേക്ഷ സമർപ്പിക്കാനുള്ള അടിസ്ഥാന യോഗ്യത. യോഗ്യതാപരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ബാച്ചിലേഴ്സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (BAT) വഴിയാണ് തിരഞ്ഞെടുപ്പ്. അപേക്ഷകൾ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്.

ഈ വർഷത്തെ അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2020 മാർച്ച് 23 ആണ്. പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പറിൽ ഒബ്ജെക്റ്റീവ് മാതൃകയിലുള്ള പാർട്ട് എ യും വിശദമായി ഉത്തരമെഴുതേണ്ട (descriptive) പാർട്ട് ബി യും ഉണ്ട്. രണ്ടിനും പ്രത്യേകം കട്ട് ഓഫ് മാർക്ക് (cut off mark) ഉണ്ടായിരിക്കും. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി എന്നിവ പരീക്ഷാകേന്ദ്രങ്ങളാണ്. പ്രവേശനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് https://ba-admissions.tiss.edu/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**2009 ൽ ഇന്ത്യൻ പാർലിമെന്റ് പാസാക്കിയ നിയമത്തിലൂടെ നിലവിൽവന്ന കേന്ദ്രസർവകലാശാലകൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകുന്നുണ്ട്.**

# പുത്തൻ കേന്ദ്ര സർവകലാശാലകൾ

**ഡോ.കെ.ബിജു***

വിവിധങ്ങളായ കോഴ്സുകൾകൊണ്ട് ശ്രദ്ധേയമാണ് പുതിയ കേന്ദ്രസർവകലാശാലകൾ. പ്ലസ് ടു കോഴ്സിനുശേഷം പഠിക്കാവുന്ന ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതം, സാമ്പത്തിക ശാസ്ത്രം എന്നീ വിഷയങ്ങളിലെ അഞ്ചു വർഷത്തെ സംയോജിത പഠനം ഇവയിൽ പ്രധാനപ്പെട്ടതാണ്.

## കോഴ്സുകൾ നല്കുന്ന അവസരങ്ങൾ

പതിനാല് (ഹരിയാന, ജമ്മു, ഝാർഖണ്ട്, കർണാടക, കശ്മീർ, കേരളം, പഞ്ചാബ്, രാജസ്ഥാൻ, സൗത്ത് ബിഹാർ, തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രപ്രദേശ്, ബിഹാർ, അസം- സിൽച്ചാർ) കേന്ദ്രസർവകലാശാലകൾ കേന്ദ്രസർക്കാരിനു കീഴിലുള്ള മറ്റുചില അക്കദമിക സ്ഥാപനങ്ങളുമായി ചേർന്നു നടത്തുന്ന പൊതു പ്രവേശനപരീക്ഷയിലൂടെ താല്പര്യമുള്ള മൂന്നു സർവകലാശാലകളെ തിരഞ്ഞെടുക്കാൻ സൗകര്യമുള്ളതിനാൽ വിദ്യാർഥികളുടെ പ്രവേശന സാധ്യത വർധിക്കുന്നുണ്ട്. ഈ വർഷം പുതിയ നാലു സ്ഥാപനങ്ങൾ കൂടി ഈ കൂട്ടായ്മയിൽ ചേരുന്നുണ്ട്.

ഗവേഷണ താല്പര്യം മുൻനിർത്തി അടിസ്ഥാനശാസ്ത്രങ്ങളിലുള്ള ഇന്റഗ്രേറ്റഡ് കോഴ്സുകൾ യു.ജി.സി. മാർഗനിർദേശമനുസരിച്ച് ലഭ്യമാവുന്ന സവിശേഷ അവസരങ്ങളാണ്. ഓരോ വർഷവും ഇവിടങ്ങളിലെ പത്തോളം വിദ്യാർഥികൾക്ക്

> **കേന്ദ്ര സർവകലാശാല ആയതുകൊണ്ട് ഇൻസ്പയർ പോലുള്ള നിരവധി സ്കോളർഷിപ്പുകൾ ലഭിക്കാനുള്ള അവസരങ്ങൾ വിദ്യാർഥികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.**



*അസി.പ്രൊഫസർ, സ്കൂൾ ഓഫ് എഡ്യുക്കേഷൻ & ട്രെയിനിങ്, തമിഴ്നാട് കേന്ദ്ര സർവകലാശാല, തിരുവാരൂർ, തമിഴ്നാട് - 610 101
ഫോൺ : 8943327651




വിദേശസ്ഥാപനങ്ങളിൽ ഗവേഷണത്തിന് അവസരം ലഭിക്കുന്നുണ്ട്. രാജ്യത്തിനകത്ത് പ്രമുഖ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് അർഹത നേടുന്നവരുടെ എണ്ണവും ധാരാളമുണ്ട്.

## ഗവേഷണസ്ഥാപനങ്ങളിലുള്ള പഠന സാധ്യതകൾ

ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ കോഴ്സുകളിൽ നാലു വർഷത്തെ അധ്യാപക പരിശീലന പരിപാടി, തൊഴിലധിഷ്ഠിത ബിരുദ പാഠ്യക്രമങ്ങൾ, ലൈബ്രറി ഇൻഫർമേഷൻ രംഗത്തെ കോഴ്സുകൾ, ഭാഷാപഠനം, മാനേജ്മെന്റ്, നിയമം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ്, ന്യൂട്രീഷൻ ബയോളജി, മൈക്രോ ബയോളജി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി, ഇൻഡസ്ട്രിയൽ വെയിസ്റ്റ് മാനേജ്മെന്റ്, ഇന്റർനാഷനൽ റിലേഷൻസ് (ബിരുദം), പബ്ലിക് അഡ്മിനിസ്ട്രേഷൻ & പോളിസി പഠനം, ജീനോമിക് സയൻസ്, കമ്പ്യൂട്ടർ പഠനം, ഭൗമശാസ്ത്രം, ഭൂവിജ്ഞാനം തുടങ്ങി ഒട്ടനവധി പുതിയതും സാധ്യതകൾ ഏറെയുള്ളതുമായ കോഴ്സുകൾ ഈ സർവകലാശാലകളിൽ ലഭ്യമാണ്. കേന്ദ്ര സർവകലാശാല ആയതുകൊണ്ടു തന്നെ ഇൻസ്പയർ (INSPIRE) പോലുള്ള നിരവധി സ്കോളർഷിപ്പുകൾ ലഭിക്കാനുള്ള അവസരങ്ങൾ വിദ്യാർഥികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. രണ്ടാമത്തെയോ മൂന്നാമത്തെയോ വർഷം മുതൽ തന്നെ പ്രമുഖ ഗവേഷണസ്ഥാപനങ്ങളിൽ പരിശീലന - പഠനസാധ്യതകളും ഏറെയാണ്.

കഴിഞ്ഞ പത്തു വർഷംകൊണ്ട് ഈ സർവകലാശാലകൾ നേടിയെടുത്ത ഭൗതികസൗകര്യ വികസനം അസൂയാവഹമാണ്. ദേശീയ - അന്തർദേശീയ തലങ്ങളിൽ കഴിവ് തെളിയിച്ച അധ്യാപകരുടെ വലിയ നിര ഈ സ്ഥാപനങ്ങളുടെ മാറ്റ് കൂട്ടുന്നു. 2020 വർഷത്തെ പ്രവേശനത്തിനുള്ള അറിയിപ്പ് വന്നുകഴിഞ്ഞു. അതുപ്രകാരം 2020 മെയ് 23,24 നാണ് പ്രവേശനപരീക്ഷ. www.cucetexam.in എന്ന വിലാസത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

**കണ്ണൂരിലെ നിഫ്റ്റ് സ്ഥാപിതമായത് 2008 ൽ ആണ്. ബിരുദതലത്തിലുള്ള അഞ്ചു കോഴ്സുകൾ ഇവിടെ ഉണ്ട്.**

# നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി

**പ്രൊഫ.ആർ.എസ്.ജയദീപ്***

നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഇന്ത്യയിലെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇന്ന് നിഫ്റ്റിന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 16 കാമ്പസുകളുണ്ട്.

## നാലുവർഷത്തെ ബിരുദപഠനം

**1. ഫാഷൻ കമ്മ്യൂണിക്കേഷൻ :** നിരന്തരം വളരുന്ന ഫാഷന്റെ ലോകത്ത്, ലൈഫ്സ്റ്റൈൽ മേഖലയിലെ ആശയവിനിമയത്തിനായുള്ള അവശ്യപാതയാണ് നിഫ്റ്റിലെ ഫാഷൻ കമ്മ്യൂണിക്കേഷൻ ഡിസൈൻ പ്രോഗ്രാം. ഫാഷൻ കമ്മ്യൂണിക്കേഷൻ ബിരുദധാരികൾക്ക് ബ്രാൻഡിങ്, സ്റ്റൈലിങ്, സോഷ്യൽമീഡിയ മാർക്കറ്റിങ്, ഫോട്ടോഗ്രഫി, കമേഴ്സ്യൽ ഫാഷൻ സ്പേസ്, ഗ്രാഫിക്സ് എന്നീ മേഖലകളിൽ അനന്തമായ ജോലിസാധ്യതയുണ്ട്.

**2. ഫാഷൻ ഡിസൈൻ :** ഫാഷൻ ഡിസൈനിലെ ഈ കോഴ്സ് മാറിക്കൊണ്ടിരിക്കുന്ന ഫാഷൻ വ്യവസായത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ കഴിയുന്ന ഡിസൈൻ പ്രൊഫഷണലുകളെ സൃഷ്ടിക്കാൻ ഉതകുന്നതാണ്. ടെക്സ്റ്റൈൽസ്, ഫാഷൻ വ്യവസായ മേഖലകളിലെ മില്ലുകൾ, കയറ്റുമതി സ്ഥാപനങ്ങൾ, ഡിസൈൻ സ്റ്റുഡിയോകൾ, കൈത്തറി- കരകൗശല സഹകരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ, വസ്ത്രവ്യാപാര ചില്ലറ ബ്രാൻഡുകൾ, ഓൺലൈൻ സ്റ്റോറുകൾ, ഡിസൈനർമാർ, വ്യാപാരികൾ, മാനേജർമാർ, ഹോം/ ഫാഷൻ സ്റ്റൈലിസ്റ്റുകൾ എന്നു തുടങ്ങി ധാരാളം സാധ്യതകളുണ്ട്.



**3. നിറ്റ്വെയർ ഡിസൈൻ:** നിറ്റ്വെയർ ഫാഷൻ വസ്ത്രങ്ങളുടെയും

*കാമ്പസ് അക്കാദമിക് കോർഡിനേറ്റർ, നിഫ്റ്റ്, കണ്ണൂർ കാമ്പസ്
ഫോൺ : 9446007203

ഉല്പന്നങ്ങളുടെയും രൂപകല്പനയ്ക്കും നടപ്പാക്കലിനും വിദ്യാർഥികൾക്ക് സമഗ്രമായ അനുഭവം നല്കുന്നു. ഫാബ്രിക് രൂപകല്പന മുതൽ ഉല്പന്ന തിരിച്ചറിവു വരെ നിറ്റ്‌വെയർ ഫാഷന്റെ എല്ലാ വശങ്ങളും കൈകാര്യംചെയ്യാൻ കഴിയുന്ന പ്രൊഫഷണലുകളായി വളരാൻ വിദ്യാർഥികളെ പ്രാപ്തമാക്കുന്നു.

കൈത്തറി, കരകൗശല സഹകരണസംഘങ്ങൾ, എൻ.ജി.ഒ.കൾ, വസ്ത്രവ്യാപാര ചില്ലറ ബ്രാൻഡുകൾ, ഓൺലൈൻ സ്റ്റോറുകൾ, ഡിസൈനർമാർ, വ്യാപാരികൾ, മാനേജർമാർ, ഹോം/ ഫാഷൻ സ്റ്റൈലിസ്റ്റുകൾ തുടങ്ങി അനവധി അവസരങ്ങൾ ഉണ്ട്.

**5. ഫാഷൻ ടെക്നോളജി :** ഫാഷൻ ടെക്നോളജിയിലെ നാലുവർഷത്തെ കോഴ്സുകൾ ബിസിനസ്സിന്റെ അടിസ്ഥാനകാര്യങ്ങൾ മനസ്സിലാക്കുന്നതിനും ബിസിനസ് സാഹചര്യത്തിന്റെ ചലനാത്മകതയുമായി പൊരുത്തപ്പെടുന്നതിനും മാറ്റം വരുത്തുന്നതിനും പരിശീലനം നല്കുന്നു.



**4. ടെക്സ്റ്റൈൽ ഡിസൈൻ :** ഫൈബർ മുതൽ ഫാബ്രിക് വരെ തുണിത്തരങ്ങളുടെ രൂപകല്പനയും വികാസവും ഇന്ത്യൻ വസ്ത്ര, ഗാർഹിക ഫാഷൻ വ്യവസായത്തിന്റെ കയറ്റുമതി, ആഭ്യന്തര മേഖലകളിലെ പ്രവർത്തനങ്ങൾ എന്നിവയും പ്രൊഫഷണൽ ടെക്സ്റ്റൈൽ ഡിസൈനർമാരെ ആവശ്യപ്പെടുന്നു. ടെക്സ്റ്റൈൽസ്, ഫാഷൻ വ്യവസായ മേഖലകളിലെ മില്ലുകൾ, എക്സ്പോർട്ട് ഹൗസുകൾ, ഡിസൈൻ സ്റ്റുഡിയോകൾ, സാമ്പിൾ റൂം കോർഡിനേറ്റർ, ടെക്നിക്കൽ ഓഡിറ്റ് മാനേജർ, പ്രൊഡക്ഷൻ മർച്ചന്റ്, പ്രോഡക്റ്റ് മാനേജർ, പ്രോഡക്റ്റ് എഞ്ചിനീയർ, പ്രൊഡക്ഷൻ പ്ലാനർ, പ്ലാന്റ് മാനേജർ എന്നീ മേഖലകളിൽ അവസരങ്ങൾ ഉണ്ട്.

**6. ലെതർ ഡിസൈൻ :** ലെതർ ഡിസൈനിങ് മുഖ്യമായും കൈകാര്യം ചെയ്യുന്നത് ലെതർ

*(ശേഷം 40 ാം പേജിൽ)*

അധ്യാപനപരിശീലന രംഗത്ത് നൂതനവും വൈവിധ്യമുള്ളതുമായ കോഴ്സുകൾ രൂപകല്പനചെയ്ത് നടപ്പിലാക്കുന്ന സ്ഥാപനമാണിത്.

# റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ

ഡോ.കെ.വിജയൻ*

ഇന്ത്യയിലെ മികവുറ്റ അധ്യാപകപരിശീലന സ്ഥാപനമാണ് റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ (RIE). കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷനൽ കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ്ങി (NCERT) ന്റെ അനുബന്ധ സ്ഥാപനങ്ങളാണിവ. ഇന്ത്യയുടെ അഞ്ചു വ്യത്യസ്ത ഭാഗങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. മൈസൂരു, ഭോപ്പാൽ, അജ്മീർ, ഭുബനേശ്വർ, ഷില്ലോങ് എന്നിവടങ്ങളിലാണവ.

## അധ്യാപകപരിശീലന കോഴ്സുകൾ

വിവിധ ആർ.ഐ.ഇ.കളിൽ താഴെ പറയുന്ന കോഴ്സുകൾ ലഭ്യമാണ് (പട്ടിക കാണുക).

സെക്കന്ററി സ്കൂൾ മേഖലയിൽ മികച്ച അധ്യാപകരെ തയ്യാറാക്കാൻ ആർ.ഐ.ഇ.കളിൽ തുടങ്ങിയ നൂതന അധ്യാപക കോഴ്സുകളാണിവ. ഈ കോഴ്സുകളിൽ വിഷയങ്ങളുടെ ഉള്ളടക്ക

പട്ടിക

| കോഴ്സ് | അടിസ്ഥാന യോഗ്യത | മൈസൂരു | ഭോപ്പാൽ | അജ്മീർ | ഭുബനേശ്വർ | ഷില്ലോങ് |
|---|---|---|---|---|---|---|
| ബി.എ.ബി.എഡ്. | +2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| ബി.എസ്സി.എഡ്. | +2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| എം.എസ്സി.എഡ്. | +2 | ഉണ്ട് | - | - | - | - |
| ബി.എഡ്. | ബിരുദം | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എം.എഡ്. | ബി.എഡ്. | ഉണ്ട് | - | ഉണ്ട് | ഉണ്ട് | - |
| ബി.എഡ്. എം.എഡ്. | ബിരുദം | - | ഉണ്ട് | - | - | - |

*അസി.പ്രൊഫസർ, ടീച്ചർ എഡ്യുക്കേഷൻ വകുപ്പ്, എൻ.സി.ഇ.ആർ.ടി., ന്യൂ ഡൽഹി
ഫോൺ: 9718319061




> **ഇന്ത്യയിലെ മികവുറ്റ അധ്യാപക പരിശീലന സ്ഥാപനങ്ങളാണ് റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ.**

(content)ത്തിനും പഠനബോധനരീതി (pedagogy)ക്കും പ്രാധാന്യം കൊടുക്കുന്നു. മുകളിൽ കൊടുത്ത പട്ടികയിലെ ആദ്യത്തെ മൂന്നു കോഴ്സുകളും ഇത്തരത്തിലുള്ളവയാണ്. ഈ മൂന്നു കോഴ്സുകളുടെയും പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത 50 ശതമാനം മാർക്കോടെ പ്ലസ് ടു/ തത്തുല്യ യോഗ്യതയാണ്. ഇതിൽ മൂന്നാമത്തെ കോഴ്സ് എം.എസ്‌സി.എഡ്. മൈസൂരുവിൽ മാത്രമേ ഉള്ളൂ. ബിരുദാനന്തരബിരുദത്തിനും ബി.എഡിനും തുല്യമാണിത്.

## കോഴ്സുകളുടെ പ്രവേശനം എങ്ങനെ, എപ്പോൾ?

ഈ കോഴ്സുകളുടെ പ്രവേശനം നടത്തുന്നത് അഖിലേന്ത്യാതലത്തിലുള്ള പ്രവേശനപരീക്ഷയുടെയും (Common Entrance Examination- CEE) അടിസ്ഥാന യോഗ്യതയായ +2 / തത്തുല്യ പരീക്ഷയുടെ മാർക്കിന്റെയും അടിസ്ഥാനത്തിലാണ്.

ഈ പ്രവേശനപരീക്ഷയുടെ വിജ്ഞാപനം എല്ലാവർഷവും മാർച്ച് മൂന്നാമത്തെയോ നാലാമത്തെയോ ആഴ്ച പ്രതീക്ഷിക്കാം. പ്രവേശനപരീക്ഷ ജൂൺ ആദ്യവാരം ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിലായി നടക്കും. കൊച്ചിയിലും മൈസൂരുവിലും ഇതിന്റെ പരീക്ഷാകേന്ദ്രങ്ങൾ ഉണ്ട്. ഇതിനുള്ള രജിസ്ട്രേഷൻ ഓൺലൈനായിട്ടാണ് നടത്തേണ്ടത്.

## പ്രവേശനം

ബി.എസ്‌സി.ബി.എഡ്., ബി.എ.ബി.എഡ്. എന്നീ കോഴ്സുകൾക്ക് അതത് ആർ.ഐ.ഇ.കൾക്ക് കീഴിലുള്ള പ്രദേശത്ത് താമസിക്കുന്നവർക്ക് മാത്രമേ പ്രവേശനമുണ്ടായിരിക്കുകയുള്ളൂ. എന്നാൽ എം.എസ്‌സി.എഡ്. കോഴ്സിനുള്ള പ്രവേശനം അഖിലേന്ത്യാ തലത്തിലുള്ള റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

വിവിധ കോഴ്സുകളിലേക്കുള്ള വിശദവിവരങ്ങൾക്കായി എൻ.സി.ഇ.ആർ.ടി.യുടെ www.ncert.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. വിവിധ ആർ.ഐ.ഇ.കളുടെ വെബ്സൈറ്റുകളിലും കൂടുതൽ വിവരങ്ങൾ ഉണ്ടായിരിക്കും.

**ഇന്ത്യയിലെ ദേശീയ പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി.**

# നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

**ഡോ.രഞ്ജിത് ജി. നായർ***

നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻ.ഐ.ടി.)ക്ക് അലഹബാദ്, ഭോപ്പാൽ, ദുർഗാപൂർ, കോഴിക്കോട്, ഹാമിൽപൂർ, ജയ്പൂർ, ജലന്ധർ, ജംഷദ്പൂർ, കുരുക്ഷേത്ര, നാഗ്പൂർ, റൂർഖേല, സിൽച്ചാർ, സൂറത്കൽ, വാറങ്കൽ, ശ്രീനഗർ, സൂറത്ത്, തിരുച്ചിറപ്പള്ളി, പട്ന, അഗർത്തല, അരുണാചൽ പ്രദേശ്, ദില്ലി, ഗോവ, മണിപ്പൂർ, മേഘാലയ, മിസോറം, നാഗാലാൻഡ്, പുതുച്ചേരി, സിക്കിം, ഉത്തരാഖണ്ഡ്, ആന്ധ്രാപ്രദേശ്, റായ്പൂർ തുടങ്ങിയ സ്ഥലങ്ങളിലായി 31 സ്ഥാപനങ്ങളുണ്ട്.

## വിവിധതരം കോഴ്സുകൾ

ഇവയിൽ 17 സ്ഥാപനങ്ങൾ തുടക്കത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ റീജിയനൽ എഞ്ചിനീയറിങ് കോളേജായി ആരംഭിക്കുകയും പിന്നീട് മികവുള്ള സാങ്കേതികവും ശാസ്ത്രീയവുമായ വിദ്യാഭ്യാസത്തിന്റെ ആവശ്യം കണക്കിലെടുത്ത് എൻ.ഐ.ടി.കളായി പരിവർത്തനം ചെയ്യുകയും ചെയ്തു. ഈ സ്ഥാപനങ്ങളുടെ പരമോന്നത ഭരണസമിതിയാണ് എൻ.ഐ.ടി. കൗൺസിൽ. ഇവ ഇന്ത്യയിലെ ഏറ്റവും മികച്ച എഞ്ചിനീയറിങ് കോളേജുകളിൽ പെടുന്നവയാണ്. വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അണ്ടർഗ്രാജ്വേറ്റ്, പി.ജി. (എഞ്ചിനീയറിങ്) കോഴ്സുകൾ ഇവ വാഗ്ദാനം ചെയ്യുന്നു.

പരമ്പരാഗത എഞ്ചിനീയറിങ് പ്രോഗ്രാമുകൾക്കു പുറമേ എൻ.ഐ.ടി.കളിൽ ചിലത് ബയോ-മെഡിക്കൽ എഞ്ചിനീയറിങ്, സെറാമിക് എഞ്ചിനീയറിങ്, ഫുഡ് പ്രോസസ് എഞ്ചിനീയറിങ്, ഇൻഡസ്ട്രിയൽ ഡിസൈൻ, മെറ്റലർജിക്കൽ ആന്റ് മെറ്റീരിയൽ എഞ്ചിനീയറിങ്, കെമിക്കൽ എഞ്ചിനീയറിങ്, മൈനിങ് എഞ്ചിനീയറിങ്, ഇൻഫർമേഷൻ ടെക്നോളജി, ഇൻഡസ്ട്രിയൽ എഞ്ചിനീയറിങ്, മാനേജ്മെന്റ്, ബയോ എഞ്ചിനീയറിങ്, എഞ്ചിനീയറിങ് ഫിസിക്സ് തുടങ്ങിയവ വാഗ്ദാനം ചെയ്യുന്നു. ആർക്കിടെക്ചർ, ബയോടെക്നോളജി, എർത്ത് - എൻവയേൺമെന്റൽ സയൻസ് എന്നിവയിൽ ബാച്ചിലർ ബിരുദങ്ങളും ചില എൻ.ഐ. ടി. കൾ നല്കുന്നുണ്ട്.

***അസി.പ്രൊഫസർ, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സിൽച്ചാർ, അസം.**
**ഫോൺ : 9401519326**

### ഇന്റഗ്രേറ്റഡ് പി.ജി.പ്രോഗ്രാമുകൾ

അടുത്തിടെയായി, ചില എൻ.ഐ.ടി.കൾ ഊർജതന്ത്രം, രസതന്ത്രം, ഗണിതം എന്നിവയിൽ അഞ്ചു വർഷത്തെ ഇന്റഗ്രേറ്റഡ് എം.എസ്‌സി. പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. അത്തരം യു.ജി. പ്രോഗ്രാമുകൾക്കും ഇന്റഗ്രേറ്റഡ് എം.എസ്‌സി. പ്രോഗ്രാമുകൾക്കുമായുള്ള ഏറ്റവും കുറഞ്ഞ യോഗ്യത പ്ലസ് ടു/ തത്തുല്യ യോഗ്യതയും ജെ.ഇ.ഇ. മെയിൻ സ്കോറും ആണ്. ഈ സ്ഥാപനങ്ങളുടെ പ്ലെയിസ്മെന്റ് (തൊഴിലിലേക്കുള്ള തിരഞ്ഞെടുപ്പ്) സാഹചര്യം ഐ.ഐ.ടി.കളെപ്പോലെ, ഇന്ത്യയിലെ ഏറ്റവും മികച്ച ഒന്നാണ്.

കൂടാതെ, എൻ.ഐ.ടി.കളിൽ ഭൂരിഭാഗവും എഞ്ചിനീയറിങ്, സയൻസ്, ടെക്നോളജി മേഖലകളിലായി വിവിധ എം.ടെക്., എം.എസ്‌സി. പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നു. ഈ സ്ഥാപനങ്ങളിൽ ചിലത് വാഗ്ദാനം ചെയ്യുന്ന മറ്റു പ്രോഗ്രാമുകളാണ് എം.ബി.എ.യും എം.സി.എ.യും. ഈ സ്ഥാപനങ്ങളെല്ലാം വിവിധ വിഷയങ്ങളിൽ പിഎച്ച്.ഡി. ബിരുദവും നല്കുന്നു. കുറച്ച് സ്ഥാപനങ്ങൾ ഇന്ത്യയിലും പുറത്തുമുള്ള പ്രശസ്ത വ്യവസായസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്.

> **“എൻ.ഐ.ടി.കൾ ഇന്ത്യയിലെ ഏറ്റവും മികച്ച എഞ്ചിനീയറിങ് കോളേജുകളിൽ പെടുന്നവയാണ്. വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അണ്ടർഗ്രാജ്വേറ്റ്, പി.ജി. (എഞ്ചിനീയറിങ്) കോഴ്സുകൾ ഇവ വാഗ്ദാനം ചെയ്യുന്നു.”**

STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE SASTHRAKERALAM MONTHLY (MALAYALAM) – FORM IV

| | | | |
|---|---|---|---|
| 1. | Place of publication | : | Kozhikode |
| 2. | Periodicity of publication | : | Monthly |
| 3. | Printer's name | : | T.K. Meerabai |
| | Nationality | : | Indian |
| | Address | : | Parishad Bhavan, Kozhikode -673002 |
| 4. | Publisher's name | : | T.K. Meerabai |
| 5. | Editor's name | : | O.M. Shankaran |
| | Nationality | : | Indian |
| | Address | : | Parishad Bhavan, Kozhikode – 673002 |
| 6 | Name & address of individuals who own the newspaper or share holders holding more than 1% of the total capital | : | Kerala Sasthra Sahithya Parishad Kozhikode, 673002 |

I, T.K. Meerabai, hereby declare that the particulars given above are true to the best of my knowledge and belief.

Kozhikode
20/02/2020

sd/-
T.K. Meerabai

**കലാവിദ്യാഭ്യാസരംഗം പഠിക്കാനും കാലോചിതമായി കലാഭ്യസനം നടത്തുവാനും ഇടം നല്കുന്ന ദേശീയ, അന്തർദേശീയ തലത്തിൽ പ്രശസ്തമായ ചില കലാസ്ഥാപനങ്ങളെ പരിചയപ്പെടുത്തുകയാണ്.**


# ദൃശ്യകലാപഠന സ്ഥാപനങ്ങൾ

**പ്രൊഫ.കെ.ലാൽ***

വിദ്യാഭ്യാസമേഖലയിലെ എല്ലാ രംഗങ്ങളിലും വിപ്ലവകരമായ വലിയ കുതിച്ചുചാട്ടങ്ങൾ നടന്നുവരികയാണല്ലോ. കലാരംഗവും ഇതിൽനിന്നു വ്യത്യസ്തമല്ല. ഈ മേഖലയിലെ ചില സ്ഥാപനങ്ങളെ അറിയാനുള്ള ശ്രമമാണിത്.

## കോളേജ് ഓഫ് ആർട്ട്, ന്യൂ ഡൽഹി

ഇതു സ്ഥാപിതമാകുന്നത് 1942 ലാണ്. ഡൽഹി സർവകലാശാലയുടെ കീഴിലുള്ള ഈ സ്ഥാപനത്തിൽ പെയിന്റിങ്, പ്രിന്റ് മേക്കിങ്, സ്കൾപ്ചർ, അപ്ലൈഡ് ആർട്ട്, കലാചരിത്രം, വിഷ്വൽ കമ്മ്യൂണിക്കേഷൻ എന്നീ വിഭാഗങ്ങളിൽ നാലുവർഷത്തെ ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സും (ബി.എഫ്.എ.) രണ്ടുവർഷം നീണ്ടുനില്ക്കുന്ന മാസ്റ്റർ ഓഫ് ഫൈൻ ആർട്ട്സ് (എം.എഫ്.എ.) എന്ന ബിരുദാനന്തര ബിരുദ പഠനവും ഉണ്ട്. ബി.എഫ്.എ.യ്ക്ക് പഠിക്കാൻ ആഗ്രഹിക്കുന്ന +2 പൂർത്തിയാക്കിയവർക്ക് അഭിരുചിപരീക്ഷകളിലും ഇന്റർവ്യൂകളിലും നേടുന്ന മാർക്കിനെ അടിസ്ഥാനമാക്കി പ്രവേശനം നേടാം. പ്രവേശനവുമായി ബന്ധപ്പെട്ട വിജ്ഞാപനം എല്ലാ വർഷവും ജൂൺമാസത്തിലായിരിക്കും; അഭിരുചി പരീക്ഷകൾ ജൂലൈയിലും.




## ബനാറസ് ഹിന്ദു സർവകലാശാല, വാരണാസി

ഈ സർവകലാശാലയിലെ ഫാക്കൾട്ടി ഓഫ് വിഷ്വൽ ആർട്ട്സ് ആണ് പഠനകേന്ദ്രം. പെയിന്റിങ്, അപ്ലൈഡ് ആർട്ട്, പോട്ടറി & സിറാമിക്സ്, ടെക്സ്റ്റൈൽസ്, സ്കൾപ്ചർ എന്നീ വിഭാഗങ്ങളിൽ നാലുവർഷത്തെ ബി.എഫ്.എ.യും രണ്ടുവർഷത്തെ എം.എഫ്.എ.യും നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി www.bhu.ac.in സന്ദർശിക്കുക.

## സർ.ജെ.ജെ.കോളേജ് ഓഫ് ആർട്ട് - മുംബൈ


പ്ലസ് ടു പൂർത്തിയാക്കിയ ശേഷം അഭിരുചിപരീക്ഷ കഴിഞ്ഞെത്തുന്നവർക്ക് ബിരുദ കോഴ്സായ ബി.എഫ്.എ.യ്ക്ക് പെയിന്റിങ്ങിനും സ്കൾപ്ചറിനും അപ്ലൈഡ് ആർട്ടിനും പുറമേ ടെക്സ്റ്റൈൽസിലും ഇന്റീരിയർ ഡെക്കറേഷനിലും മെറ്റൽ സിറാമിക്സിലും ബിരുദാനന്തര ബിരുദമായ എം.എഫ്.എ. ഉണ്ട്.

*പ്രൊഫസർ, പെയിന്റിങ് വകുപ്പ്, കോളേജ് ഓഫ് ഫൈൻ ആർട്ട്സ്, തിരുവനന്തപുരം - 695 033
ഫോൺ : 9995568957

വിശദവിവരങ്ങൾക്ക് www.sirjjschoolofart.in സന്ദർശിക്കുക.

## ശാന്തിനികേതൻ, കലാഭവൻ

പെയിന്റിങ്, ഗ്രാഫിക്സ്, ടെക്സ്റ്റൈൽസ് ഡിസൈൻ, സിറാമിക് ഡിസൈൻ, സ്കൾപ്ചർ, അപ്ലൈഡ് ആർട്ട്, മ്യൂറൽ, ഗ്രാഫിക്സ്, കലാചരിത്രം, മ്യൂസിയോളജി എന്നീ വിഭാഗങ്ങളിലാണ് ബി.വി.എ.യുടെയും എം.വി.എ.യുടെയും കോഴ്സുകൾ. കൂടാതെ, കലയുടെ പ്രായോഗികതയ്ക്ക് പ്രാധാന്യം കൊടുത്ത് പുതിയ ഡിസൈൻ കോഴ്സുകളും ഉണ്ട്. ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്.) എന്നറിയപ്പെടുന്ന ഈ കോഴ്സിൽ ക്രാഫ്റ്റ്



രബീന്ദ്രനാഥ ടാഗോറിന്റെ ഛായാചിത്രം

കലാചരിത്രം എന്നീ വിഷയങ്ങളിൽ ബി.എഫ്.എ. ബിരുദങ്ങൾക്കു പുറമേ ബിരുദാനന്തര ബിരുദവും ഗവേഷണങ്ങൾക്കും ഇവിടെ സൗകര്യമുണ്ട്. വിശദമായി അറിയുന്നതിന് info@visva-bharati.ac.in ൽ ബന്ധപ്പെടാവുന്നതാണ്. മറ്റെല്ലാ സ്ഥാപനങ്ങളെയും പോലെ ബിരുദ കോഴ്സിന് +2 അല്ലെങ്കിൽ തത്തുല്യ യോഗ്യത വേണം.

## എം.എസ്.യൂനിവേഴ്സിറ്റി ഓഫ് ബറോഡ, വഡോദര

**1950** ൽ ഗുജറാത്തിൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ +2 കഴിഞ്ഞെത്തുന്നവർക്ക് ബാച്ചിലർ ഓഫ് വിഷ്വൽ ആർട്ട്സിലും ബിരുദം കഴിഞ്ഞെത്തുന്നവർക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്ട്സിലും ബിരുദാനന്തരബിരുദം കഴിഞ്ഞെത്തുന്നവർക്ക് ഗവേഷണത്തിനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പെയിന്റിങ്, സ്കൾപ്ചർ, & ഡിസൈൻ, സിറാമിക് & ഗ്ലാസ്, കമ്മ്യൂണിക്കേഷൻ ഡിസൈൻ, ആക്സസറി ഡിസൈൻ, മൂവിങ് ഇമേജസ് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. വിശദവിവരങ്ങൾക്ക് info@mgubaroda.ac.in സന്ദർശിക്കുക.

## കേരളത്തിലെ സ്ഥാപനങ്ങൾ

1. **കോളേജ് ഓഫ് ഫൈൻ ആർട്ട്സ്, തിരുവനന്തപുരം:** കലാഭിരുചിയുള്ളവരും +2 കഴിഞ്ഞവരുമായവർക്ക് ഇവിടെ നാലു വർഷത്തെ ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ് എന്ന ബിരുദ കോഴ്സിന് അപേക്ഷിക്കാം. പ്രവേശന വിജ്ഞാപനം എല്ലാവർഷവും ജൂണിൽ ഉണ്ടായിരിക്കും. ജൂലൈ മാസം നടത്തുന്ന അഭിരുചി പരീക്ഷകളിലും അഭിമുഖത്തിലും ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഒരു വർഷം 43 വിദ്യാർഥികൾക്കാണ് പ്രവേ

ശനം. പെയിന്റിങ്, ശില്പകല, അപ്ലൈഡ് ആർട്ട് എന്നിങ്ങനെയാണ് ബി.എഫ്.എ.യുടെ മൂന്നു വിഭാഗങ്ങൾ.

ബി.എഫ്.എ. ബിരുദം കഴിഞ്ഞവർക്ക് പെയിന്റിങ്ങിലും ശില്പകലയിലും ബിരുദാനന്തര ബിരുദത്തിനും പഠിക്കാം. കൂടുതൽ വിവരങ്ങൾക്ക് dtekerala അല്ലെങ്കിൽ cfaktvm@gmail.com നോക്കുക.

2. **രാജാ രവിവർമ കോളേജ് ഓഫ് ഫൈൻ ആർട്ട്സ്, മാവേലിക്കര :** ഈ സ്ഥാപനം 1915 ൽ ചിത്രകലാപഠനത്തിനായി തുടങ്ങി. തിരുവനന്തപുരത്തെ കോളേജിന് സമാനമായ ഏകീകൃത സിലബസ് ആണ് ഇവിടെയുള്ളത്. കോളേജിലെ ബി.എഫ്.എ. ബിരുദപ്രവേശനം നടത്തുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും മാവേലിക്കരയിലെയും പ്രവേശനപരീക്ഷ ഏകീകരിച്ചിരിക്കുന്നതിനാൽ, മൂന്നു കോളേജുകൾക്കുമുള്ള വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത് മുൻ സൂചിപ്പിച്ച അഭിരുചി പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ്. ഈ കോളേജിൽ ബി.എഫ്.എ. ബിരുദ ക്ലാസിന് 40 സീറ്റാണുള്ളത്. ബിരുദാനന്തരബിരുദ കോഴ്സുകൾ ഇവിടെയില്ല. കൂടുതൽ വിവരങ്ങൾക്ക് ravivarmacfa.com നോക്കുക.

3. **കോളേജ് ഓഫ് ഫൈൻ ആർട്ട്സ്, തൃശ്ശൂർ :** അഭിരുചി പരീക്ഷകളും ഇന്റർവ്യൂവും നടത്തി ബിരുദ കോഴ്സായ ബി.എഫ്.എ.യുടെ പ്രവേശനം നടത്തുന്നു. ഈ കോളേജിൽ 40 സീറ്റുകളാണ് അനുവദിച്ചിരിക്കുന്നത്. പെയിന്റിങ്, ശില്പകല, അപ്ലൈഡ് ആർട്ട് എന്നിവയ്ക്കു പുറമേ 2019 മുതൽ ആർട്ട് ഹിസ്റ്ററി & വിഷ്വൽ സ്റ്റഡീസ് എന്ന പേരിൽ 7 സീറ്റുള്ള ബിരുദ കോഴ്സും തുടങ്ങിയിട്ടുണ്ട്. ഇവിടെ ബിരുദാനന്തരബിരുദ കോഴ്സുകൾ ഇല്ല. വിശദവിവരങ്ങൾക്ക് cfatcr@gmail.com സന്ദർശിക്കുക.

4. **രാധാലക്ഷ്മി വിലാസം കോളേജ് ഓഫ് ഫൈൻ ആർട്ട്സ് & മ്യൂസിക്, തൃപ്പൂണിത്തുറ :** 1956 ൽ കേരള സർക്കാർ കൊച്ചി രാജാവിൽനിന്ന് ഈ സ്ഥാപനം ഏറ്റെടുത്തു. 1997 ൽ തിരുവനന്തപുരത്തെ ഫൈൻ ആർട്ട്സ് കോളേജ് മാതൃകയാക്കി കലാപഠനകോഴ്സ് പരിഷ്കരിക്കുകയുണ്ടായി. ഇവിടെ പെയിന്റിങ്, ശില്പകല, അപ്ലൈഡ് ആർട്ട് എന്നിവയിൽ ബിരുദ കോഴ്സായ ബി.എഫ്.എ.യും ബിരുദാനന്തര ബിരുദ കോഴ്സായ എം.എഫ്.എ.യും ഉണ്ട്. ബിരുദകോഴ്സിന് +2 ഉം, ബിരുദാനന്തര ബിരുദത്തിന് ബിരുദവുമാണ് അടിസ്ഥാന യോഗ്യത. അഭിരുചി പരീക്ഷയും ഇന്റർവ്യൂവിലെ മാർക്കും അടിസ്ഥാനമാക്കിയാണ് പ്രവേശനം. വിശദവിവരങ്ങൾക്ക് rlvcollege.com നോക്കുക.



*രാജാ രവിവർമ*

5. **ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി:** പ്ലസ് ടു അടിസ്ഥാനയോഗ്യതയായെടുത്ത് അഭിരുചി പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ ബി.എഫ്.എ. ബിരുദ കോഴ്സിന് പ്രവേശനം നേടാം. ഒന്നാം വർഷ ഫൗണ്ടേഷൻ കോഴ്സിനുശേഷം പെയിന്റിങ്, മ്യൂറൽ, ശില്പകല എന്നിവയിൽ തുടർപഠനം നടത്താം. വിശദവിവരങ്ങൾക്ക് ssus.ac.in ൽ സന്ദർശിക്കുക.

**ആരോഗ്യരംഗത്തും ഔഷധനിർമാണത്തിലും താല്പര്യമുള്ളവർക്ക് ഇന്ത്യയിലും പുറത്തും ഒട്ടനവധി അവസരങ്ങൾ ഫാർമസി മേഖലയിൽ ഉണ്ട്.**

# ഫാർമസിപഠന സാധ്യതകൾ

**സി.എസ്.മഞ്ജു***

മരുന്നുഗവേഷണം, ഉല്പാദനം, വിതരണം, ഗുണനിയന്ത്രണം, ഗുണനിലവാരം ഉറപ്പാക്കൽ, മാർക്കറ്റിങ്, അധ്യാപനം എന്നിവയിലെല്ലാം ഫാർമസി കോഴ്സ് പഠിക്കുന്നവർക്ക് ധാരാളം അവസരങ്ങളുണ്ട്. ആശുപത്രികളിൽ സേവനമനുഷ്ഠിക്കാൻ താല്പര്യമുള്ളവർക്ക് ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ ഫാർമസിസ്റ്റ്എന്നീ ജോലികളുമുണ്ട്.




## ഒട്ടേറെ പഠനസാധ്യതകൾ

പ്ലസ് ടുവിന് ശേഷം ഇന്ത്യയിൽ, രണ്ടുവർഷം ദൈർഘ്യമുള്ള ഡിപ്ലോമ, നാലു വർഷത്തെ ഗ്രാജ്വേഷൻ, ആറു വർഷത്തെ ഡോക്ടർ ഓഫ് ഫാർമസി (എം.ഡി.) എന്നീ കോഴ്സുകളാണുള്ളത്. ഉപരിപഠനത്തിനായി എം.ഫാം., ഗവേഷണ സൗകര്യം എന്നിവയും ലഭ്യമാണ്.

കേരളത്തിൽ കോഴിക്കോട്, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലെ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് വകുപ്പിൽ പ്ലസ് ടുവിനു ശേഷം പഠനസൗകര്യങ്ങളുണ്ട്. കേരള ആരോഗ്യശാസ്ത്ര സർവകലാശാലയ്ക്ക് കീഴിലുള്ള ഈ കോളേജുകളിൽ പ്രവേശനത്തിനായി കീം (KEAM) എൻട്രൻസ് എഴുതി ഓപ്ഷൻ ആയി ഫാർമസി എടുക്കേണ്ടതാണ്. ഈ കോളേജുകളിലെല്ലാം (കണ്ണൂർ ഒഴികെ) ഡി.ഫാം. കോഴ്സും ഉണ്ട്. പ്ലസ് ടു വിൽ ഉയർന്ന മാർക്കുള്ളവർക്ക് ഡി.ഫാം. ന് പ്രവേശനം ലഭിക്കും. പ്രത്യേക പ്രവേശനപരീക്ഷ ഇല്ല.

കൊച്ചിയിലെ അമൃത സ്കൂൾ ഓഫ് ഫാർമസിയിൽ ബി.ഫാം., ഫാം.ഡി. എന്നീ കോഴ്സുകൾ ഉണ്ട്. പ്ലസ് ടു മാർക്കിനോടൊപ്പം ആ സ്ഥാപനം നടത്തുന്ന പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. കേരളത്തിനു പുറത്ത് ഡൽഹിയിലെ ജാമിയ ഹംദർദ് സർവകലാശാലയിലെ സ്കൂൾ ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യുക്കേഷൻ ആന്റ് റിസർച്ച് ഒരു മികച്ച സ്ഥാപനമാണ്. പ്ലസ് ടു വിന് 50 ശതമാനം മാർക്കുള്ളവർക്ക് നീറ്റ് (NEET) എൻട്രൻസിന്റെ അടിസ്ഥാനത്തിലാണ് ഇതിൽ പ്രവേശനം.

## മഹാരാഷ്ട്രയിലും രാജസ്ഥാനിലും അവസരങ്ങൾ

രാജ്യത്തെ മറ്റൊരു പ്രശസ്ത സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി (ICT),

*അസോ.പ്രൊഫസർ ഇൻ ഫാർമസി, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്
ഫോൺ : 9447241963

മുംബൈ. പ്ലസ് ടു വിലെ ഉയർന്ന മാർക്ക് കൂടാതെ മഹാരാഷ്ട്ര സംസ്ഥാനത്തെ പ്രവേശനപരീക്ഷ (MHTCET)യുടെ അടിസ്ഥാനത്തിലാണ് ബി. ഫാം. പ്രവേശനം.

രാജസ്ഥാനിലെ പിലാനിയിലുള്ള ബിർള പ്രവേശനം ലഭിക്കും. ഭാരതി വിദ്യാപീഠ് സർവകലാശാലയിൽ ബി.ഫാം പഠനം ആഗ്രഹിക്കുന്നവർ ബി.വി.പി.സി.ഇ.ടി. (BVPCET) എഴുതി മഹാരാഷ്ട്രയിലുള്ള പൂന കോളേജ് ഓഫ് ഫാർമസിയിൽ പ്രവേശനം നേടാവുന്നതാണ്.



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസി (BITS)ൽ പ്രവേശനം നേടണമെങ്കിൽ പ്ലസ് ടുവിൽ കുറഞ്ഞത് 75 ശതമാനം മാർക്ക് ഉണ്ടായിരിക്കണം. അതിനുശേഷം ബിറ്റ്സ് അഡ്മിഷൻ ടെസ്റ്റ് (BITSAT) എഴുതി ഉയർന്ന സ്കോർ നേടണം. എല്ലാ സംസ്ഥാന, സെൻട്രൽ പരീക്ഷാ ബോർഡുകളും നടത്തുന്ന +2 പരീക്ഷകളിൽ ഒന്നാം റാങ്ക് കരസ്ഥമാക്കുന്നവർക്ക് ബിറ്റ്സാറ്റ് സ്കോർ ഇല്ലാതെതന്നെ അവർ ആഗ്രഹിക്കുന്ന ബിറ്റ്സിലെ കോഴ്സുകളിൽ നേരിട്ട് പ്രവേശനം ലഭിക്കുമെന്ന പ്രത്യേകതയുമുണ്ട്.

കർണാടകയിലെ മണിപ്പാൽ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസിൽ ബി.ഫാം., ഫാം.ഡി., ഡി.ഫാം. എന്നീ കോഴ്സുകൾ ഉണ്ട്. പ്ലസ് ടു വിജയിച്ചവർക്ക് എം.ഇ.ടി. (മണിപ്പാൽ എൻട്രൻസ് ടെസ്റ്റ്) സ്കോർ അടിസ്ഥാനത്തിൽ

> **ആശുപത്രികളിൽ സേവനമനുഷ്ഠിക്കാൻ താല്പര്യമുള്ളവർക്ക് ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ ഫാർമസിസ്റ്റ്എന്നീ ജോലികളുണ്ട്.**

## ഡൽഹി, മൈസൂരു, ഊട്ടി എന്നിവിടങ്ങളിൽ പഠിക്കാൻ

ഡൽഹി സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് ആന്റ് റിസർച്ച് (DIPSR) പ്രവേശനം പ്ലസ് ടു മെറിറ്റ് അടിസ്ഥാനത്തിലാണ്. പ്രത്യേക പ്രവേശനപരീക്ഷ ഇല്ല. ഡീംഡ് സർവകലാശാലയായ ജെ.എസ്.എസ്. അക്കാദമി ഓഫ് ഹയർ എഡ്യുക്കേഷൻ ആന്റ് റിസർച്ചിനു കീഴിൽ മൈസൂർ, ഊട്ടി എന്നിവിടങ്ങളിലുള്ള ജെ.എസ്.എസ്. കോളേജ് ഓഫ് ഫാർമസി മികച്ച സ്ഥാപനങ്ങൾ തന്നെ. പ്ലസ് ടു വിന് 50 ശതമാനം മാർക്കുള്ളവർക്ക് പ്രവേശനപരീക്ഷ എഴുതാവുന്നതാണ്.

എസ്.ആർ.എം. സർവകലാശാലയുടെ ഭാഗമായ തമിഴ്നാട്ടിലെ എസ്.ആർ.എം. കോളേജ് ഓഫ് ഫാർമസിയിൽ ബി.ഫാം., ഫാം.ഡി. പ്രവേശനത്തിനായി എസ്.ആർ.എം. സർവകലാശാലയുടെ പ്രവേശനപരീക്ഷ എഴുതി ഉയർന്ന സ്കോർ നേടിയാൽ മതി.

കേരളത്തിലും പുറത്തുമുള്ള മറ്റു ഫാർമസി കോളേജുകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ www.nirfindia.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ് ഐസറുകൾ. നൈസറാകട്ടെ, അറ്റോമിക് എനർജി വകുപ്പിന് കീഴിലാണ്.**

# ഐസറുകളും നൈസറും

**ഡോ.പ്രമോദ് പി. പിള്ള***

ഐസറി (IISER - Indian Institute of Science Education and Research) ൽ ശാസ്ത്ര വിഷയങ്ങളിൽ അധ്യാപനവും ഗവേഷണവും ഒരുപോലെ സമന്വയിപ്പിച്ച് രൂപകല്പന ചെയ്ത പാഠ്യപദ്ധതിയാണുള്ളത്. ടെക്നോളജി പഠനത്തിന് ഐ.ഐ.ടി. എന്നതുപോലെ ശാസ്ത്രപഠനത്തിന് ഐസർ എന്നു ലളിതമായി പറയാം. ഇപ്പോൾ, ഇന്ത്യയിൽ പലയിടങ്ങളിലായി ഏഴ് ഐസറുകൾ ഉണ്ട് - ബെർഹംപൂർ, ഭോപ്പാൽ, കൊൽക്കത്ത, മൊഹാലി, പുണെ, തിരുവനന്തപുരം, തിരുപ്പതി.

## പഠനത്തിന്റെ ഉള്ളടക്കവും രീതിയും

ശാസ്ത്രവിഷയങ്ങളിൽ തല്പരരായ പ്ലസ് ടു കഴിഞ്ഞ വിദ്യാർഥികൾക്കാണ് ഐസറുകളിലെ പഞ്ചവത്സര ബി.എസ്. - എം.എസ്. (BS- MS Dual Degree Programme)ഇരട്ട ബിരുദ കോഴ്സുകളിൽ പഠനാവസരമുള്ളത്. പത്തു സെമസ്റ്ററുകളായി തിരിച്ച ഈ 5 വർഷ കാലയളവിൽ ആദ്യത്തെ ഒന്നു രണ്ടു വർഷങ്ങൾ എല്ലാ വിഷയങ്ങളും പഠിക്കേണ്ടതുണ്ട്. അതിനുശേഷം, വേണമെങ്കിൽ ഇതിൽ ഏതെങ്കിലും ഒരു വിഷയം ഐച്ഛികമായി തിരഞ്ഞെടുത്ത് പഠിക്കാനാവും.

ഈ കാലയളവിൽത്തന്നെ ചില പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിൽ ഹ്രസ്വകാല ഗവേഷണ പരിചയം(ഒന്നു മുതൽ മൂന്നുവരെ മാസം) ലഭിക്കാനുള്ള അവസരവും നേടാവുന്നതാണ്. അവസാനത്തെ രണ്ടു സെമസ്റ്ററുകൾ മാസ്റ്റേർസ് റിസർച്ച് പ്രോജക്റ്റ് (Master's Research Project) നുവേണ്ടി വിനിയോഗിക്കും. പല വിദ്യാർഥികളും ഈ അവസരത്തിൽ പ്രമുഖ വിദേശ




*ഐസർ, തിരുവനന്തപുരം*

*അസോ.പ്രൊഫസർ, രസതന്ത്ര വകുപ്പ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച്, പുണെ, മഹാരാഷ്ട്ര
ഫോൺ : 020 25908252

സർവകലാശാലകളിൽ ഗവേഷണത്തിന് പോകാറുണ്ട്.

ഇന്ത്യയിലുള്ള ഏറ്റവും പ്രഗല്ഭരായ ശാസ്ത്രജ്ഞർ തന്നെയാണ് ഐസറുകളിൽ അധ്യാപകരായി സേവനം അനുഷ്ഠിക്കുന്നത് . ഇന്ത്യയിലും വിദേശത്തുമായി അവർ നേടിയ അറിവും അനുഭവസമ്പത്തും ശാസ്ത്ര - ഗവേഷണ മേഖലയിലേക്ക് പോകാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് വഴികാണിക്കുമെന്ന് ഉറപ്പാണ്.

> **ഐസർ പോലെതന്നെ +2 വിനു ശേഷം ശാസ്ത്ര അഭിരുചിയുള്ള വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് സൗകര്യം നല്കുന്ന മറ്റൊരു പ്രമുഖ സ്ഥാപനമാണ് നൈസർ**

## കോഴ്സുകളിലേക്കുള്ള പ്രവേശനം

2018-19, 2019- 20 അധ്യയന വർഷങ്ങളിൽ പ്ലസ് ടു പരീക്ഷ പാസായ വിദ്യാർഥികൾക്കാണ് ഈ വർഷം ഐസറുകളിൽ ബി.എസ്.-എം.എസ്. കോഴ്സിന് അപേക്ഷിക്കാൻ അർഹത. ഇതു കൂടാതെ താഴെ പറയുന്ന മൂന്നു യോഗ്യതകളിൽ ഏതെങ്കിലും ഒരെണ്ണംകൂടി വിദ്യാർഥികൾ നേടിയിരിക്കണം.




*നൈസർ, ഭുബനേശ്വർ*

1. പ്രാബല്യത്തിലുള്ള കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജന ( KVPY) ഫെലോഷിപ്പ്.
2. ഐ.ഐ.ടി. നടത്തുന്ന ജെ.ഇ.ഇ. (IIT- JEE Advanced 2020) റാങ്ക് ( നിശ്ചിത പരിധിക്കകത്തുവരുന്ന റാങ്ക്).
3. സംസ്ഥാന/സെൻട്രൽ സ്കൂൾ ബോർഡ് പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ ഈ വർഷത്തെ പ്രഖ്യാപിത പരിധിയിലെ മാർക്കി(cut off mark)നെക്കാൾ ഉയർന്ന മാർക്ക്. ഇതു കൂടാതെ ഈ വിദ്യാർഥികൾ 2020 മെയ് 31 ന് നടത്തുന്ന ഐസർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (IAT) പാസാവുകയും വേണം.

## ഐസറിലെ പി.ജി.കോഴ്സുകൾ, നൈസർ

ഐസറിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി www.iiseradmission.in എന്ന വെബ് പേജ് സന്ദർശിക്കാവുന്നതാണ്.

ഇതുകൂടാതെ ബിരുദധാരികളായ വിദ്യാർഥികൾക്ക് ഇന്റഗ്രേറ്റഡ് പിഎച്ച്.ഡി. പ്രോഗ്രാം, ബിരുദാനന്തര ബിരുദം നേടിയവർക്ക് പിഎച്ച്.ഡി. പ്രോഗ്രാം എന്നിവയും ഐസറുകളിൽ ലഭ്യമാണ്. ഇതിനെക്കുറിച്ച് കൂടുതൽ അറിയാൻ അതത് ഐസറുകളുടെ വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ഐസർ പോലെതന്നെ +2 വിനു ശേഷം ശാസ്ത്രാഭിരുചിയുള്ള വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് സൗകര്യം നല്കുന്ന മറ്റൊരു പ്രമുഖ സ്ഥാപനമാണ് ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജിയുടെ (DAE) കീഴിലുള്ള നൈസർ (NISER - National Institute of Science Education and Research). ഇതു സ്ഥിതിചെയ്യുന്നത് ഒഡിഷയിലെ ഭുബനേശ്വറിലാണ്. കൂടുതൽ വിവരങ്ങൾക്ക് അവരുടെ വെബ് പേജ് ആയ www.niser.ac.in സന്ദർശിക്കാവുന്നതാണ്.

ഇന്ത്യയിൽ സ്റ്റാറ്റിസ്റ്റിക്സ് പഠനത്തിന്
പറ്റിയ ഏറ്റവും ഉത്തമമായ സ്ഥാപനമാണിത്.

# ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

ഡോ.ഇ.വി.ജിജോ*

കൊൽക്കത്ത ആസ്ഥാനമായ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI) 1931 ൽ പ്രൊഫ.പി.സി. മഹാലനോബിസ് ആണ് സ്ഥാപിച്ചത്. ഈ സ്ഥാപനം ലോകോത്തര നിലവാരത്തോടെ വിദ്യാർഥികൾക്കും ഗവേഷകർക്കും പഠനവും ഗവേഷണവും നടത്താൻ സൗകര്യപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ വികസനത്തിനും പുരോഗതിക്കും വേണ്ടി പഞ്ചവത്സരപദ്ധതി എന്ന ആശയത്തിനു രൂപംനല്കുന്നതിന് പ്രൊഫ.മഹാലനോബിസ് മഹത്തായ സംഭാവന നല്കിയിട്ടുണ്ട്. നമ്മുടെ പാർലിമെന്റ് 1959 ൽ പാസാക്കിയ നിയമപ്രകാരം ഈ സ്ഥാപനത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനം (Institution of National Importance) ആയി പ്രഖ്യാപിച്ചു.

## ഏഴ് പഠനവിഭാഗങ്ങൾ

കൊൽക്കത്തയിലുള്ള ആസ്ഥാനത്തിനു പുറമേ ഡൽഹി, ബെംഗളൂരു, ചെന്നൈ, തേസ്പൂർ (അസം) എന്നിവിടങ്ങളിൽ വലിയ കേന്ദ്രങ്ങളും ഹൈദരാബാദ്, കോയമ്പത്തൂർ, മുംബൈ, പുണെ എന്നീ നഗരങ്ങളിൽ ഓഫീസുകളും ഉണ്ട്. ഈ സ്ഥാപനത്തിൽ പ്രധാനമായി ഏഴു പഠനവിഭാഗങ്ങളാണ് ഉള്ളത്.

അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, ബയോളജിക്കൽ സയൻസസ്, കമ്പ്യൂട്ടർ ആൻറ് കമ്മ്യൂണിക്കേഷൻ സയൻസസ്, ഊർജതന്ത്രവും എർത്ത് സയൻസും, സ്റ്റാറ്റിസ്റ്റിക്സും ഗണിതവും, സ്റ്റാറ്റിസ്റ്റിക്കൽ ക്വാളിറ്റി കൺട്രോളും ഓപ്പറേഷൻ റിസർച്ചും, സാമൂഹ്യശാസ്ത്രങ്ങൾ എന്നിവയാണവ.

വിവിധ വകുപ്പുകളിലായി ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ തലങ്ങളിൽപ്പെട്ട കോഴ്സുകൾ നടത്തുന്നു. പ്രധാനപ്പെട്ട ചില കോഴ്സുകളും അവയെക്കുറിച്ചുള്ള വിവരങ്ങളും താഴെ പ്രതിപാദിക്കുന്നു.

## ബി.സ്റ്റാറ്റ്., ബി.മാത്ത്.

ഗണിതശാസ്ത്രവും ഇംഗ്ലീഷും പഠിച്ച് പ്ലസ് ടു പാസായ കുട്ടികൾക്കുവേണ്ടിയുള്ള ബിരുദതല



പ്രൊഫ.പി.സി.മഹാലനോബിസ്

*പ്രൊഫസർ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് , ബെംഗളൂരു
ഫോൺ : 9448324220



*ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കത്ത*

ത്തിലുള്ള കോഴ്സുകളാണ് ബി.സ്റ്റാറ്റ്., ബി.മാത്ത്. എന്നിവ. കൂടാതെ, ഏഴ് ബിരുദാനന്തര ബിരുദ തലത്തിലുള്ള കോഴ്സുകളുമുണ്ട്. ഇതിനു പുറമേ, മൂന്ന് എം.ടെക്. കോഴ്സുകളും ഈ സ്ഥാപനത്തിൽ നടത്തുന്നുണ്ട്.

ഒട്ടുമിക്ക വിഷയങ്ങളിലും ഗവേഷണം നടത്തുവാനുള്ള സൗകര്യവും ഈ സ്ഥാപനത്തിൽ ലഭ്യമാണ്. കൊൽക്കത്ത, ബെംഗളൂരു, ഡൽഹി, ചെന്നൈ, തേസ്പൂർ എന്നിവിടങ്ങളിലാണ് ഗവേഷണത്തിനുവേണ്ട സൗകര്യങ്ങൾ നിലവിലുള്ളത്. ഐ.എസ്.ഐ. യുടെ തനതായ പ്രവേശന പരീക്ഷയിലൂടെയോ ജെ.ആർ.എഫ്., ഗേറ്റ് (GATE) തുടങ്ങിയ പരീക്ഷകൾ പാസായോ വിവിധ വിഷയങ്ങളിൽ ഗവേഷണത്തിന് ചേരാവുന്നതാണ്.

## പ്രവേശനപരീക്ഷ, ഇന്റർവ്യൂ

എല്ലാ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലും ഗവേഷണവിഭാഗങ്ങളിലും പ്രവേശനത്തിനായി ഐ.എസ്.ഐ.യുടെ പ്രവേശനപരീക്ഷയും ഇന്റർവ്യൂവും നടത്തിവരുന്നു. ഓരോ വർഷവും ഫെബ്രുവരി മാസത്തിലാണ് ഈ കോഴ്സുകളിലേക്ക് അപേക്ഷിക്കേണ്ടത്. സാധാരണയായി മെയ് മാസം രണ്ടാമത്തെ ഞായറാഴ്ചയാണ് രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽവെച്ച് പ്രവേശനപരീക്ഷ നടത്തുന്നത്. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ പരീക്ഷാകേന്ദ്രങ്ങളുണ്ട്.

പരീക്ഷയിൽ വിജയികളാകുന്ന വിദ്യാർഥികളെ ഇന്റർവ്യൂവിന് ക്ഷണിക്കുന്നു. എഴുത്തുപരീക്ഷയിലും അഭിമുഖത്തിലും ഉന്നതവിജയം നേടുന്നവർക്കു കോഴ്സുകളിൽ പ്രവേശനം ലഭിക്കും. ഇവിടെ ഒരു കോഴ്സിനും ഫീസ് ഈടാക്കുന്നില്ലെന്നു മാത്രമല്ല, എല്ലാ വിദ്യാർഥികൾക്കും സ്റ്റൈപ്പന്റ് നല്കുകയും ചെയ്യുന്നു. ഹോസ്റ്റൽ സൗകര്യവും ലഭ്യമാണ്.

വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കി പുറത്തുവരുന്ന വിദ്യാർഥികൾക്ക് ഇന്ത്യയിലും വിദേശത്തുമായി നിരവധി കമ്പനികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉയർന്ന ശമ്പളത്തോടെ ജോലി ലഭിക്കുന്നുവെന്നത് ഇവിടത്തെ കോഴ്സുകളുടെ ആകർഷകത്വം വർധിപ്പിക്കുന്ന ഘടകങ്ങളിലൊന്നാണ്.

**ഗണിതം, സയൻസ്, ലീഗൽ സ്റ്റഡീസ് എന്നിവയിൽ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് കോഴ്സുകൾ കുസാറ്റിൽ ലഭ്യമാണ്.**

# കുസാറ്റ്, കൊച്ചി

ഡോ.എ.എസ്.ആശ*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ പ്രധാനമായും രണ്ടു വിഭാഗങ്ങളിലാണ് കോഴ്സുകൾ ഉള്ളത് - റെഗുലർ വിഭാഗത്തിലും കോസ്റ്റ് ഷെയറിങ് (സെൽഫ് ഫിനാൻസിങ്) വിഭാഗത്തിലും.

## റെഗുലർ വിഭാഗം

### അടിസ്ഥാന ശാസ്ത്രവിഷയങ്ങൾ

അഞ്ചു വർഷത്തെ ഇന്റഗ്രേറ്റഡ് എം.എസ്സി. ഇൻ സയൻസ് (ഊർജതന്ത്രം, രസതന്ത്രം, ഗണിതം, സ്റ്റാറ്റിസ്റ്റിക്സ്) കോഴ്സിന്റെ തിരഞ്ഞെടുപ്പ് കോമൺ അഡ്മിഷൻ ടെസ്റ്റ് (CAT - ക്യാറ്റ്) വഴിയാണ്. അപേക്ഷകർ 75 ശതമാനം മാർക്കിൽ കുറയാതെ ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതം എന്നിവയിൽ മൂന്നെണ്ണമെങ്കിലും അടങ്ങിയ പ്ലസ് ടു പാസായിരിക്കണം.

തിരഞ്ഞെടുക്കപ്പെടുന്ന 60 വിദ്യാർഥികൾ ആദ്യത്തെ രണ്ടുവർഷം ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതം എന്നിവ പഠിക്കണം. മൂന്നാമത്തെ വർഷം ഊർജതന്ത്രം, രസതന്ത്രം, ഗണിതം അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ സ്പെഷ്യലൈസ് ചെയ്യാനും തുടർന്ന് അതിൽത്തന്നെ ബിരുദാനന്തര ബിരുദം നേടാനും അവസരമുണ്ട്.

കെ.വി.പി.വൈ. (Kishore Vaigyanik Protsahan Yojana) സ്കോളർഷിപ്പ് ഉള്ള വിദ്യാർഥികൾ 'ക്യാറ്റ്' പരീക്ഷ എഴുതേണ്ടതില്ല. ഇവർ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.



*അസി.പ്രൊഫസർ, ഊർജതന്ത്ര വകുപ്പ്, കൊച്ചിൻ യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൊച്ചി -682 022
ഫോൺ : 9495042275

## എഞ്ചിനീയറിങ് കോഴ്സുകൾ

1. **ബി.ടെക്. ഇൻ നേവൽ ആർക്കിടെക്ചർ ആന്റ് ഷിപ് ബിൽഡിങ്**: നാലു വർഷ കോഴ്സാണിത്. തിരഞ്ഞെടുക്കുന്നത് കോമൺ അഡ്മിഷൻ ടെസ്റ്റ് വഴിയാണ്. 60 ശതമാനം മാർക്കിൽ കുറയാതെ ഊർജതന്ത്രം, രസതന്ത്രം, ഗണിതം അടങ്ങിയ വിഷയങ്ങളിൽ പ്ലസ് ടു വിജയവും ഗണിതത്തിന് മാത്രമായി 50 ശതമാനം മാർക്കുമാണ് പ്രവേശന യോഗ്യത.
2. **ബി.ടെക്. പോളിമർ സയൻസ് ആന്റ് എഞ്ചിനീയറിങ്**: നാലുവർഷ കോഴ്സാണിത്. തിരഞ്ഞെടുപ്പ് കോമൺ അഡ്മിഷൻ ടെസ്റ്റ് വഴിയാണ്. 50 ശതമാനം മാർക്കിൽ കുറയാതെ ഊർജതന്ത്രം, രസതന്ത്രം, ഗണിതം അടങ്ങിയ പ്ലസ് ടു ആണ് പ്രവേശന യോഗ്യത. ഗണിതത്തിനു മാത്രമായി 50 ശതമാനം മാർക്കും ഉണ്ടായിരിക്കണം.
3. **ബി.ടെക്. ഇൻസ്ട്രുമെന്റേഷൻ** : നാലു വർഷ കോഴ്സാണ്. തിരഞ്ഞെടുപ്പ് കോമൺ അഡ്മിഷൻ ടെസ്റ്റ് വഴിയാണ്. പ്രവേശന യോഗ്യത 60 ശതമാനം മാർക്കിൽ കുറയാതെ ഊർജതന്ത്രം, രസതന്ത്രം, ഗണിതം അടങ്ങിയ പ്ലസ് ടു വിജയവും ഗണിതത്തിന് മാത്രമായി 55 ശതമാനം മാർക്കും ആണ്.

## കോസ്റ്റ് ഷെയറിങ് വിഭാഗം

1. **എം.എസ്സി. ഇൻ ഫോട്ടോണിക്സ്** : അഞ്ചു വർഷ കോഴ്സാണിത്. തിരഞ്ഞെടുപ്പ് കോമൺ അഡ്മിഷൻ ടെസ്റ്റ് വഴിയാണ്.
2. **എഞ്ചിനീയറിങ് കോഴ്സുകൾ** : നാലുവർഷത്തെ കോഴ്സാണിവ. സിവിൽ, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ തുടങ്ങിയ കോഴ്സുകളാണ് വിവിധ കാമ്പസുകളിലായി ഉള്ളത്. തിരഞ്ഞെടുപ്പ് കോമൺ അഡ്മിഷൻ ടെസ്റ്റ് വഴിയാണ്.
3. **സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ കോഴ്സുകൾ** : ഇവിടെ മൂന്ന് ബിരുദ കോഴ്സുകൾ ആണുള്ളത്. മുപ്പതു സീറ്റുകൾ വീതം ഉള്ള അഞ്ചു വർഷത്തെ കോഴ്സുകളായ ബി.ബി.എ.എൽ. എൽ.ബി. ക്കും ബി.കോം. എൽ.എൽ. ബി. ക്കും പുറമേ മൂന്നുവർഷത്തെ എൽ.എൽ. ബി. കോഴ്സും സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് വാഗ്ദാനം ചെയ്യുന്നു. തിരഞ്ഞെടുപ്പ് കോമൺ അഡ്മിഷൻ ടെസ്റ്റ് വഴിയാണ്.

*(25 ാം പേജ് തുടർച്ച)*

ജാക്കറ്റ്, ബാഗ്, ഷൂസ് തുടങ്ങിയ വസ്തുക്കളുടെ പുതിയ ഫാഷൻ സാധ്യതകളും തുകൽ സംസ്കരണം, നിറം കൊടുക്കൽ തുടങ്ങിയ സാങ്കേതിക വസ്തുതകളുമാണ്. ഈ കോഴ്സിന് ഇന്ത്യയിലും വിദേശത്തും വളരെയേറെ തൊഴിൽ സാധ്യതയുണ്ട്.

**7. ആക്സെസറി ഡിസൈൻ :** ഈ കോഴ്സ് കേന്ദ്രീകരിച്ചിരിക്കുന്നത് വസ്ത്രങ്ങളോടൊപ്പം ഉപയോഗിക്കുന്ന മറ്റു വസ്തുക്കളുടെ ഡിസൈനിങ്ങിലാണ്. ഉദാഹരണത്തിന്, ആഭരണങ്ങൾ, വാച്ചുകൾ അവയുടെ പ്രദർശനം എന്നീ മേഖലകൾ. പ്രധാനമായും ഉല്പന്നങ്ങളുടെ ഡിസൈനും വികസനവും പോലുള്ള മേഖലകളിൽ വൈദഗ്ധ്യം സൃഷ്ടിക്കുകയാണ് ഈ കോഴ്സ് ചെയ്യുന്നത്. വളർന്നുവരുന്ന വലിയ ഒരു തൊഴിൽമേഖല ഈ കോഴ്സിന് സാധ്യതകൾ തുറന്നുകൊടുക്കുന്നു.

നിഫ്റ്റിൽ ഗ്രാജ്വേഷനുശേഷമുള്ള രണ്ടു വർഷത്തെ പി.ജി.പ്രോഗ്രാമുകളും ഉണ്ട്. മാസ്റ്റർ ഓഫ് ഡിസൈൻ, മാസ്റ്റർ ഓഫ് ഫാഷൻ മാനേജ്മെന്റ് എന്നിവയാണ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ.

## പ്രവേശന കലണ്ടർ

ഒക്റ്റോബർ അവസാന ആഴ്ച മുതൽ ഡിസംബർ അവസാനം വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. പ്രവേശനപരീക്ഷ ജനുവരി രണ്ടാംവാരം നടക്കും. അന്തിമഫലത്തിന്റെ പ്രഖ്യാപനം മെയ് അവസാനമോ ജൂണിലോ ആയിരിക്കും. കൗൺസലിങ് സെഷനുകൾ മെയ് അവസാനം അല്ലെങ്കിൽ ജൂൺ മുതൽ ഉണ്ടാവും.

വിശദവിവരങ്ങൾക്ക് നിഫ്റ്റിന്റെ വെബ്സൈറ്റായ www.nift.ac.in കാണുക.

പ്ലസ് ടു വിന് ശേഷമുള്ള തുടർപഠന സാധ്യതകൾ കുറേക്കൂടിയിതാ.

# ഇനിയും ചില സ്ഥാപനങ്ങൾ

പ്രൊഫ.എൻ.കെ.ഗോവിന്ദൻ*

## 1. ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്)

എം.ബി.ബി.എസ്., ബി.എസ്‌സി.(നേഴ്സിങ്) എന്നീ കോഴ്സുകൾക്ക് ഇന്ത്യയിലെ ഏറ്റവും മികച്ച സ്ഥാപനമാണ് എയിംസ് (AIIMS). ന്യൂ ഡൽഹിയിലടക്കം 15 കാമ്പസുകൾ എയിംസിന് ഉണ്ട്. നീറ്റ് - യു.ജി (NEET-UG) പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയാൽ മാത്രമേ എയിംസിൽ പ്രവേശനം ലഭിക്കുകയുള്ളൂ. ബി.എസ്‌സി. (നേഴ്സിങ്) പ്രവേശനത്തിന് പ്രത്യേക പ്രവേശനപരീക്ഷ നടത്താറുണ്ട്.

## 2. ജിപ്മർ, പോണ്ടിച്ചേരി

പോണ്ടിച്ചേരിയിൽ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യുക്കേഷൻ (JIPMER) എം.ബി.ബി.എസ്., ബി.എസ്‌സി. (നേഴ്സിങ്) പഠനങ്ങൾക്ക് പ്രശസ്തമായ സ്ഥാപനമാണ്. എയിംസ് പോലെതന്നെ ജിപ്മറിലും എം.ബി.ബി.എസ്. പ്രവേശനം നീറ്റ് - യു.ജി. റാങ്ക് അടിസ്ഥാനത്തിലും നേഴ്സിങ് പ്രവേശനം ജിപ്മർ നടത്തുന്ന പ്രവേശനപരീക്ഷയിൽ ലഭിക്കുന്ന റാങ്ക് അടിസ്ഥാനത്തിലുമാണ്.

## 3. ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ്, പൂണെ

എ.എഫ്.എം.സി., പൂണെയിലെ എം.ബി.ബി.എസ്., ബി.എസ്‌സി. (നേഴ്സിങ്) പ്രോഗ്രാമുകളിൽ ചേർന്ന് പ്ലസ് ടു പാസായവർക്ക് പഠിക്കാം. പഠനശേഷം ഇന്ത്യൻ മിലിട്ടറിയിൽ സേവനമനുഷ്ഠിക്കണം. ആർമി നിലവാരമനുസരിച്ചുള്ള ശാരീരിക യോഗ്യതകളും പ്രവേശനത്തിന് ആവശ്യമാണ്.

എം.ബി.ബി.എസിന്റെ 30 സീറ്റും നേഴ്സിങ്ങിന്റെ മുഴുവൻ സീറ്റും വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. എം.ബി.ബി.എസ്. പ്രവേശനത്തിന് ഉയർന്ന നീറ്റ് സ്കോർ കൂടിയേതീരൂ. നേഴ്സിങ്



എ.എഫ്.എം.സി., പൂണെ

*റിട്ട.പ്രിൻസിപ്പൽ, ഗവ.കോളേജ്, പെരിങ്ങോം, കണ്ണൂർ ജില്ല.
ഫോൺ : 9446304755

പ്രവേശനത്തിന് എം.എഫ്.എം.സി. പ്രത്യേക പരീക്ഷ നടത്തും.

### 4. കാർഷിക സർവകലാശാലകൾ

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചി (ICAR) ന്റെ നിയന്ത്രണത്തിൽ 71 കാർഷിക സർവകലാശാലകളാണ് രാജ്യത്ത് പ്രവർത്തിക്കുന്നത്. ഇവയിൽ മൂന്നെണ്ണം കേന്ദ്ര സർവകലാശാലയും നാലെണ്ണം ഡീംഡ് സർവകലാശാലയും ബാക്കിയുള്ളവ സംസ്ഥാന സർവകലാശാലകളുമാണ്. ഈ സർവകലാശാലകൾക്ക് കീഴിൽ ഒട്ടേറെ കോളേജുകളുമുണ്ട്.

അഗ്രിക്കൾച്ചർ, ഹോർട്ടിക്കൾച്ചർ, ഫോറസ്ട്രി, കമ്മ്യൂണിറ്റി സയൻസ്, സെറികൾച്ചർ തുടങ്ങിയ വിഷയങ്ങളിൽ ബി.എസ്.സി. (ഓണേഴ്സ്) പ്രോഗ്രാമും ഫുഡ് ടെക്നോളജി, ഡയറി ടെക്നോളജി, ബയോ ടെക്നോളജി എന്നീ വിഷയങ്ങളിൽ ബി.ടെക്.പ്രോഗ്രാമും ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ് (B.F.Sc.) പ്രോഗ്രാമും ഉണ്ട്. ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ +2/ തത്തുല്യ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. കാർഷിക സർവകലാശാലകളിൽ ബിരുദ പ്രോഗ്രാമുകളുടെ 15 ശതമാനം സീറ്റുകൾ അഖിലേന്ത്യാ തലത്തിലാണ് നികത്തുക. ഇതിന് ഐ.സി.എ. ആറും എൻ.ടി.എ.യും കൂടി നടത്തുന്ന ഓൾ ഇന്ത്യ എൻട്രൻസ് എക്സാം ഫോർ അഡ്മിഷൻ (AIEEA) എന്ന പ്രവേശന പരീക്ഷയുടെ റാങ്കായിരിക്കും മാനദണ്ഡം. കേന്ദ്ര കാർഷിക സർവകലാശാലകളിലെ മുഴുവൻ സീറ്റുകളും ഈ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നികത്തുക. കേരള കാർഷിക സർവകലാശാലയിലെ ബാക്കി വരുന്ന 85 ശതമാനം സീറ്റുകളിലേക്ക് നീറ്റ് - യു.ജി. റാങ്ക് അനുസരിച്ച് പ്രവേശനം നല്കും.

കേരള കാർഷിക സർവകലാശാലയിൽ ബയോടെക്നോളജി, ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ എന്നീ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് എം.എസ്‌സി. പ്രോഗ്രാമുണ്ട്.

### 5. ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ബിറ്റ്സ്), പിലാനി

ഈ സ്ഥാപനത്തിന് പിലാനിക്ക് പുറമേ ഗോവ, ഹൈദരാബാദ്, ദുബായ് എന്നിവിടങ്ങളിലും കാമ്പസുകളുണ്ട്. വിവിധ എഞ്ചിനീയറിങ് വിഷയങ്ങളിൽ ബി.ഇ.(ഓണേഴ്സ്) പ്രോഗ്രാമുകൾക്ക് പുറമേ ബി.ഫാം. (ഓണേഴ്സ്), എം.എം.എസ്, എം.എസ്‌സി. (ഓണേഴ്സ്), എം.എസ്‌സി. (ടെക്.) തുടങ്ങിയ പ്രോഗ്രാമുകളും ബിറ്റ്സ് നടത്തുന്നുണ്ട്.

എം.എസ്‌സി (ഓണേഴ്സ്), എം.എസ്‌സി.(ടെക്.) എന്നിവ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളാണ്. ബയോളജിക്കൽ സയൻസസ്, രസതന്ത്രം, സാമ്പത്തികശാസ്ത്രം, ഗണിതം, ഊർജതന്ത്രം, ഫിനാൻസ് എന്നീ മുഖ്യ വിഷയങ്ങളിൽ എം.എസ്‌സി. (ഓണേഴ്സ്) ബിരുദം സമ്പാദിക്കാം. ഫിനാൻസ്, എഞ്ചിനീയറിംഗ് ടെക്നോളജി, ജനറൽ സ്റ്റഡീസ്,



*ബിർള ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പിലാനി*

ഇൻഫർമേഷൻ സിസ്റ്റംസ് എന്നീ പ്രധാന വിഷയങ്ങളിലാണ് എം.എസ്‌സി.(ടെക്.) ബിരുദം ലഭിക്കുക. ബിറ്റ്സ് അഡ്മിഷൻ ടെസ്റ്റ് (BITSAT) വഴിയാണ് പ്രവേശനം.

### 6. ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടി (CMI) ൽ +2 / തത്തുല്യ യോഗ്യതയുള്ളവർക്ക് മാത്തമാറ്റിക്സ് & ഫിസിക്സ്, മാത്തമാറ്റിക്സ് & കമ്പ്യൂട്ടർ സയൻസ് എന്നീ ത്രിവത്സര ബി.എസ്‌സി. (ഓണേഴ്സ്) പ്രോഗ്രാമുകളിൽ ചേരാം. പ്രവേശന പരീക്ഷയിലൂടെയാണ് വിദ്യാർഥികളെ തിരഞ്ഞെ

ടുക്കുന്നത്.

## 7. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഡിസൈൻ ആന്റ് മാനുഫാക്ചർ

ജബൽപൂരിലെ ഐ.ഐ.ഐ.ടി.ഡി.എം. എന്ന ഈ സ്ഥാപനത്തിൽ +2 / തത്തുല്യ യോഗ്യത നേടുന്ന വിദ്യാർഥികൾക്ക് ബി.ടെക്., ബി.ഡെസ്. പ്രോഗ്രാമുകളിൽ ചേർന്നു പഠിക്കാം. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്, മെക്കാനിക്കൽ എഞ്ചിനീയറിങ് എന്നീ എഞ്ചിനീയറിങ് ശാഖകളിൽ പ്രവേശനം ലഭിക്കുന്നതിന് ജെ.ഇ.ഇ. മെയിൻ പരീക്ഷയിലെ റാങ്കാണ് മാനദണ്ഡം. ഐ.ഐ.ടി. ബോംബെ നടത്തുന്ന അണ്ടർ ഗ്രാജ്വേറ്റ് കോമൺ എൻട്രൻസ് എക്സാം ഫോർ ഡിസൈൻ (UCEED) പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് ബി.ഡിസ്. പ്രോഗ്രാമിലേക്കുള്ള പ്രവേശനം.

## 8. ഇന്ത്യൻ കളിനറി ഇൻസ്റ്റിറ്റ്യൂട്ട്

കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിലെ ഈ സ്ഥാപനത്തിന് തിരുപ്പതി, നോയിഡ എന്നീ സ്ഥലങ്ങളിൽ കാമ്പസുകളുണ്ട്. ഹോട്ടൽ മേഖലയിൽ ഷെഫ്, കിച്ചൺ മാനേജർ, കളിനറി സ്പെഷ്യലിസ്റ്റ് തുടങ്ങിയ ജോലികളിൽ താല്പര്യമുള്ളവർക്ക് ഈ സ്ഥാപനം നടത്തുന്ന കളിനറി



*ഇന്ത്യൻ കളിനറി ഇൻസ്റ്റിറ്റ്യൂട്ട്, തിരുപ്പതി*

ആർട്ട്സിൽ ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (B.B.A.) പ്രോഗ്രാമിന് അപേക്ഷിക്കാം . 50 ശതമാനം മാർക്കിൽ കുറയാത്ത +2 / തത്തുല്യം ആണ് അടിസ്ഥാന യോഗ്യത. പ്രവേശനപരീക്ഷ ഉണ്ടായിരിക്കും. മധ്യപ്രദേശിലെ ഇന്ദിരാഗാന്ധി നാഷനൽ ട്രൈബൽ സർവകലാശാലയുമായി സഹകരിച്ചാണ് മേല്പറഞ്ഞ പ്രോഗ്രാം നടത്തുന്നത്.

## 9. നാഷനൽ റെയിൽ ആന്റ് ട്രാൻസ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ട്

ഈ സ്ഥാപന(NRTI)ത്തിൽ ബി.എസ്‌സി. ട്രാൻസ്പോർട്ടേഷൻ ടെക്നോളജി, ബി.ബി.എ. ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് എന്നീ ത്രിവത്സര പ്രോഗ്രാമുകളാണ് തുടങ്ങിയിരിക്കുന്നത്. 50 സീറ്റുവീതമുള്ള രണ്ടു പ്രോഗ്രാമുകളും പൂർണമായും കാമ്പസിൽതന്നെ താമസിച്ച് പഠിക്കുന്നവിധമാണ്. +2 / തത്തുല്യം ആണ് അടി സ്ഥാന യോഗ്യത. ഇതിൽ ബി.എസ്‌സി. പ്രോഗ്രാമിന് ഗണിതം ഒരു പഠനവിഷയമായ ഏതെങ്കിലും സയൻസ് ഗ്രൂപ്പും ബി.ബി. എ. പ്രോഗ്രാമിന് ഗണിതം ഒരു പഠനവിഷയമായ ഏതെങ്കിലും വിഷയഗ്രൂപ്പും +2 വിന് പഠിച്ചവരായിരിക്കണം. പ്രവേശന പരീക്ഷ ഉണ്ടായിരിക്കും.

## 10. മറൈൻ എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ട്രെയിനിങ് ഷിപ് ചാണക്യ

കപ്പിത്താൻ ആകാനും മറൈൻ എഞ്ചിനീയർ ആകാനും വിദഗ്ധപരിശീലനം നേടുന്നതിനുള്ള സ്ഥാപനങ്ങളാണ് കൊൽക്കത്തയിലെ മെറി (MERI) യും മുംബൈയിലെ ടി.എസ്. ചാണക്യയും. മെറിയിലെ നാലുവർഷത്തെ എഞ്ചിനീയറിങ് പ്രോഗ്രാമിന് 120 സീറ്റുണ്ട്. ടി.എസ്.ചാണക്യ നടത്തുന്ന ബി.എസ്‌സി.നോട്ടിക്കൽ സയൻസ് പ്രോഗ്രാമിന് 80 പേർക്ക് പ്രവേശനം ലഭിക്കും. രണ്ടു പ്രോഗ്രാമുകൾക്കും ഒരുമിച്ചാണ് അപേക്ഷ ക്ഷണിക്കുക. ജെ.ഇ.ഇ. അഡ്വാൻസ്ഡ് പരീക്ഷയുടെ സ്കോർ അനുസരിച്ചായിരിക്കും പ്രവേശനം.




# ഏപ്രിൽ 2020

***പൊതുവിജ്ഞാന**ത്തെ ആസ്പദമാക്കിയാണ് ഈ ക്വിസ് തയ്യാറാക്കിയിട്ടുള്ളത്. ഉത്തരങ്ങൾ ഈ മാസം 15 ാം തീയതിക്കു മുമ്പ് കിട്ടത്തക്കവിധം **editorsk12@gmail.com** എന്ന വിലാസത്തിൽ അയക്കണം. നിങ്ങളുടെ **പേര്, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്, പിൻകോഡ്, സ്കൂൾ വിലാസം,** എന്നിവ ഉൾപ്പെടുത്താൻ വിട്ടുപോകരുത്.*

*എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചുതരുന്ന സ്കൂൾ വിദ്യാർഥികളിൽനിന്ന് നറുക്കിട്ടെടുക്കുന്ന രണ്ടുപേർക്ക് സമ്മാനം നല്കുന്നതാണ്. സമ്മാനങ്ങൾ സ്കൂൾ ഹെഡ്മാസ്റ്ററുടെ/ പ്രിൻസിപ്പലിന്റെ വിലാസത്തിലാണ് അയക്കുക. അടുത്തമാസം 25 ാം തീയതിക്ക് മുമ്പായി സമ്മാനങ്ങൾ കിട്ടിയില്ലെങ്കിൽ **9497301073** എന്ന നമ്പരിൽ ബന്ധപ്പെടുക.*

*സ്കൂൾ വിദ്യാർഥികളല്ലാത്തവർക്കും മത്സരത്തിൽ പങ്കെടുക്കാം. എല്ലാറ്റിനും ശരിയുത്തരം അയക്കുന്ന അത്തരം ആളുകളിൽനിന്ന് നറുക്കിട്ടെടുത്ത് ഒരാളുടെ പേർ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതല്ല.*

**1** വൈറസുകൾ മ്യൂട്ടേഷനുകളിലൂടെ ജനിതകമാറ്റം സംഭവിച്ച് മനുഷ്യശരീരത്തിൽ കയറിപ്പറ്റാനുള്ള കഴിവ് നേടുമ്പോഴാണ് മനുഷ്യനിൽ പുതിയ വൈറസ് രോഗങ്ങളുണ്ടാകുന്നത്. നോവൽ കൊറോണ വൈറസ് ഉണ്ടാക്കുന്ന കോവിഡ് -19 രോഗം ചൈനയിലെ വുഹാനിൽനിന്ന് തുടങ്ങി ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുകയാണല്ലോ. 2002 ൽ ചൈനയിലുണ്ടായ കൊറോണ വൈറസ് രോഗമേത്?

**2** 2020 ഐ.സി.സി. വനിതാ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിന്റെ ഫൈനൽ മത്സരം അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 ന് ഓസ്ട്രേലിയയിലെ മെൽബൺ ക്രിക്കറ്റ് സ്റ്റേഡിയ ത്തിൽവെച്ച് നടന്നു. ടൂർണമെന്റിന്റെ ചരിത്രത്തിൽ ആദ്യമായി ഫൈനലിലെത്തിയ ഇന്ത്യൻ ടീം ഓസ്ട്രേലിയയോട് പരാജയപ്പെട്ടെങ്കിലും ടൂർണമെന്റിൽ ഉടനീളം നല്ല പ്രകടനം കാഴ്ചവെച്ചു. ഈ ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ ആര്?

**3** യാത്രാനുഭൂതികൾ ചോർന്നുപോകാതെ വായനക്കാരിലേക്ക് എത്തിച്ച ഒരു സഞ്ചാരസാഹിത്യകാരനാണ് എസ്.കെ.പൊറ്റക്കാട്. അദ്ദേഹം ആഫ്രിക്കയിൽ സഞ്ചരിച്ച സ്ഥലങ്ങൾ പില്ക്കാലത്ത് സന്ദർശിച്ച് ആ അനുഭവം 'ഒരു ആഫ്രിക്കൻ യാത്ര' എന്ന പേരിൽ രചിച്ച മലയാള സാഹിത്യകാരൻ ആര്?

**4** 1970 ഏപ്രിൽ 22 ന് അമേരിക്കൻ ജനസംഖ്യയുടെ 10 ശതമാനത്തോളം പേർ പരിസ്ഥിതിയോടുള്ള അവഗണനയ്ക്കെതിരേ തെരുവിൽ പ്രതിഷേധിച്ചു. ഭൂമിയെ രക്ഷിക്കാനുള്ള പുതിയ മാർഗങ്ങൾ കണ്ടെത്തണമെന്ന് അവർ ആവശ്യപ്പെട്ടു. പിന്നീട്, ഈ ദിനം ഭൗമദിനമായി (earth day) ആചരിക്കാൻ തുടങ്ങി. ഭൗമദിനത്തിന്റെ ഈ വർഷത്തെ പ്രമേയം (theme) എന്താണ്?

**5** യുദ്ധവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന പ്രശസ്തമായ ഒരു ചിത്രമാണ് 'ഗ്വർണിക്ക'. ഈ പേരിൽ സ്പെയിനിലുള്ള പട്ടണത്തിൽ 1937 ലെ ആഭ്യന്തരയുദ്ധത്തിന്റെ ഭാഗമായുണ്ടായ ബോംബാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ചിത്രം വരച്ചത്. ഇതു വരച്ച ലോകപ്രശസ്ത ചിത്രകാരൻ ആരാണ്?

**6** സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച ഇന്ത്യൻ നാഷനൽ ആർമി(INA) യുടെ ഭാഗമായി 1942 ൽ ഝാൻസി റാണി റജിമെന്റ് എന്ന പേരിൽ വനിതകളുടെ ഒരു റജിമെന്റ് രൂപീകരിച്ചിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരേയുള്ള പോരാട്ടത്തിനായി സിങ്കപ്പൂരിൽ രൂപീകരിച്ച ഈ റെജിമെന്റിനെ നയിച്ച മലയാളി വനിത ആരാണ്?

**7** 92 ാമത് ഓസ്കറിൽ ദക്ഷിണകൊറിയൻ സിനിമയായ 'പാരസൈറ്റ്' 2019 ലെ ഏറ്റവും മികച്ച ചിത്രത്തിന് ഉൾപ്പെടെ 4 പ്രധാന അവാർഡുകൾ നേടി. സമകാലിക ദക്ഷിണ കൊറിയയയുടെ സമ്പത്തിന്റെ രാഷ്ട്രീയം മനോഹരമായി ചിത്രീകരിച്ച ഈ സിനിമയുടെ സംവിധായകനാര്?

**8** ചുണ്ണാമ്പ്കല്ല് നിക്ഷേപങ്ങളിൽ സ്റ്റാലക്റ്റൈറ്റുകളും സ്റ്റാലക്മൈറ്റുകളും ചേർന്നുള്ള പ്രകൃതിദത്ത കൊത്തുപണികളിലൂടെ രൂപപ്പെട്ട മനോഹരമായ ഒരു ഗുഹ മേഘാലയയിലെ ചിറാപ്പുഞ്ചിയിലുണ്ട്. 250 മീറ്ററോളം നീളമുള്ളതും ഒരു പ്രധാന വിനോദസഞ്ചാരകേന്ദ്രവുമായ ഈ ഗുഹയുടെ പേരെന്ത്?

**9** ഇന്ത്യയിൽ ബാങ്കുകളുടെ ബാങ്കായി അറിയപ്പെടുന്ന റിസർവ് ബാങ്ക് ആദ്യം സ്ഥാപിച്ചത് കൊൽക്കത്തയിലായിരുന്നുവെങ്കിലും പിന്നീട് അത് മുംബൈയിലേക്ക് മാറ്റുകയുണ്ടായി. ഏതു വർഷമാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സ്ഥാപിക്കപ്പെട്ടത്?

**10** കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമായ കഥകളിയിലെ വേഷത്തിന് കഥാപാത്രങ്ങളുടെ സ്വഭാവത്തിനനുസരിച്ചുള്ള വേഷങ്ങളാണ്

പൊതുവേ നിശ്ചയിച്ചിട്ടുള്ളത്. പച്ച, കത്തി, മിനുക്ക്, ചുവന്ന താടി, വെള്ളത്താടി, കരി എന്നിങ്ങനെയാണ് വേഷങ്ങളുടെ പേര്. ഇവയിൽ സ്ത്രീകഥാപാത്രങ്ങളുടെ വേഷമേതാണ്?

## മാർച്ച് 2020: ഉത്തരങ്ങൾ

1. **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc), ബെംഗളൂരു.** ഡോ.സി.വി.രാമൻ അടക്കമുള്ള പ്രഗത്ഭരായ ശാസ്ത്രജ്ഞർ ഡയറക്ടർമാരായതും ഇന്നു ലോകനിലവാരത്തിലുള്ളതുമായ ശാസ്ത്രഗവേഷണ സ്ഥാപനമാണിത്.
2. **ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS), ഡൽഹി.** മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പഠനത്തിനും ഗവേഷണത്തിനുമായി 1956 ൽ ഡൽഹിയിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് ഈ രംഗത്തെ മികച്ച സ്ഥാപനമാണ്.
3. **EPIC 211945201b/K2-236b.** അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിലെ (PRL) ഒരു സംഘം ശാസ്ത്രജ്ഞർ ചേർന്ന് 2018 ൽ സൗരയൂഥത്തിനു പുറത്ത് കണ്ടെത്തിയ ഗ്രഹത്തിന് നല്കിയ പേരാണിത്.
4. **ഹോമി ജഹാംഗീർ ഭാഭ.** ഇന്ത്യൻ ആണവ പരിപാടിയുടെ പിതാവായി അറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് 1954 ൽ ട്രോംബെയിൽ AEET എന്ന സ്ഥാപനം ആരംഭിച്ചത്. പിന്നീട് ഈ സ്ഥാപനം ഭാഭ അറ്റോമിക് റിസർച്ച് സെന്റർ (BARC) എന്നറിയപ്പെട്ടു.
5. **എം.എസ്.സ്വാമിനാഥൻ.** ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവായി അറിയപ്പെടുന്ന ഇദ്ദേഹത്തിനാണ് ആദ്യത്തെ വേൾഡ് ഫുഡ് പ്രൈസ് ലഭിച്ചത്. സമ്മാനത്തുക ഉപയോഗിച്ച് അദ്ദേഹം തുടങ്ങിയ കാർഷികഗവേഷണ സ്ഥാപനമാണ് എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ.



6. **രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ മാത്തമാറ്റിക്സ് (RIASM).** പ്രശസ്ത ഇന്ത്യൻ ഗണിതജ്ഞനായ ശ്രീനിവാസ രാമാനുജന്റെ സ്മരണയ്ക്കായി 1950 ൽ (അന്നത്തെ) മദ്രാസിൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ട്, പിന്നീട് മദ്രാസ് സർവകലാശാലയുടെ ഗണിതവിഭാഗവുമായി ചേർന്നു രൂപീകരിച്ച ഗണിതഗവേഷണ സ്ഥാപനമാണിത്.
7. **ബോസ് ഇൻസ്റ്റിറ്റ്യൂട്ട്.** ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ആധുനികശാസ്ത്രത്തിന്റെ സ്ഥാപകനായി അറിയപ്പെടുന്ന ജഗദീഷ് ചന്ദ്രബോസിന്റെ പേരിൽ കൊൽക്കത്തയിൽ 1917 ൽ സ്ഥാപിതമായ ഇത് ഏഷ്യയിലെ തന്നെ ആദ്യത്തെ ശാസ്ത്രഗവേഷണ സ്ഥാപനമാണ്.
8. **1948 ൽ.** ബെംഗളൂരുവിൽ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത് ഈ വർഷമാണ്. ഡോ.സി.വി.രാമൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽനിന്നു വിരമിച്ചശേഷം സ്വന്തമായി ഗവേഷണ പ്രവർത്തനങ്ങൾ നടത്താനാണ് ഈ സ്ഥാപനം തുടങ്ങിയത്. ജ്യോതിശ്ശാസ്ത്രം, ആസ്ട്രോഫിസിക്സ്, പ്രകാശ- പദാർഥ ഭൗതികം തുടങ്ങിയ പ്രധാന മേഖലകളിൽ ഗവേഷണം നടക്കുന്ന സ്ഥാപനമാണിത്.
9. **ഏഴ്.** ഭോപ്പാൽ, കൊൽക്കത്ത, മൊഹാലി, പുണെ, തിരുവനന്തപുരം, തിരുപ്പതി, ബെർഹംപൂർ എന്നീ സ്ഥലങ്ങളിലായി ഏഴ് ഐസറുകളാണുള്ളത്. അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിൽ ലോകനിലവാരത്തിലുള്ള പഠനത്തിനും ഗവേഷണത്തിനുമായി രൂപീകരിച്ച സ്ഥാപനങ്ങളാണ് ഐസറുകൾ (IISER - Indian Institute of Science Education and Research).
10. **ഖരഗ്പൂർ.** പശ്ചിമബംഗാളിലെ ഈ സ്ഥലത്താണ് 1950 ൽ ആദ്യത്തെ ഐ.ഐ.ടി. സ്ഥാപിതമായത്. സാങ്കേതികവിദ്യയിലും ശാസ്ത്രത്തിലും മറ്റു ചില മേഖലകളിലും ലോകനിലവാരത്തിലുള്ള പഠന-ഗവേഷണങ്ങൾക്കായുള്ള സ്വതന്ത്രസ്ഥാപനങ്ങളാണ് ഐ.ഐ.ടി.കൾ (IIT - Indian Institute of Technology).

## മാർച്ച് 2020

### സമ്മാനാർഹരായ സ്കൂൾ വിദ്യാർഥികൾ

1. ഇ.കെ.അനശ്വര, 10 ാം ക്ലാസ് ബി, ടി.ആർ. കെ.എച്ച്.എസ്.എസ്. വാണിയം കുളം, ഒറ്റപ്പാലം, പാലക്കാട് - 679 522
ഫോൺ : 9447939245
2. നീലാഞ്ജന ബിജു, 8 ാം ക്ലാസ് ബി, ചിൻമയ വിദ്യാലയ, മഞ്ചേരി, മലപ്പുറം - 679 522
ഫോൺ : 9495087845

### സ്കൂൾ വിദ്യാർഥിയല്ലാത്ത വിജയി

കെ.ഹരിഹരൻ, ഹരിത, കാട്ടായിക്കോണം, തിരുവനന്തപുരം - 695 584
ഫോൺ : 9846187663

**എം.പി.സനിൽകുമാർ**

ഇന്നലെകളിലൂടെ

‘ശാസ്ത്രകേരളം’ മാസിക പ്രസിദ്ധീകരണത്തിന്റെ 50 വർഷം പിന്നിട്ടുകഴിഞ്ഞു. ഇതിന്റെ ഭാഗമായി മാസികയുടെ ‘ഇന്നലെ’കൾ പരിശോധിക്കുകയാണ്. അതിനായി, ആദ്യകാല ലക്കങ്ങളിലെ തിരഞ്ഞെടുത്ത രചനകൾ പുനഃപ്രസിദ്ധീകരിക്കുന്നു.

**കുറ്റാന്വേഷണത്തിൽ ശാസ്ത്രത്തിന്റെ നേട്ടങ്ങളും ശാസ്ത്രീയരീതിയും ഇന്നു ലോകത്താകമാനം ഉപയോഗപ്പെടുത്തുന്നുണ്ട്.**

2000 ഡിസംബർ

# ഡി.എൻ.എ. വിരലടയാള നിർണയത്തിന്റെ വിചിത്രമായ ഉല്പത്തി

**പ്രൊഫ.എം.ശിവശങ്കരൻ***

അലെക് ജെഫ്രീസ് ആണ് ഡി.എൻ.എ. വിരലടയാളരീതി കുറ്റാന്വേഷണത്തിൽ ഉപയോഗിക്കാൻ കാരണമായത്. ആ രീതി രൂപപ്പെടുത്തിയതും അദ്ദേഹം തന്നെ. കുറ്റാന്വേഷണത്തിൽ ആദ്യമായി ഡി.എൻ.എ. വിരലടയാളം ഉപയോഗിച്ചതിന്റെ കഥ രസകരവും വിചിത്രവുമാണ്.

## മക്കളെ തിരിച്ചറിയാൻ പരിശോധന

ആദ്യകാലങ്ങളിൽ ജെഫ്രീസ് തന്റെ പുത്തൻ സാങ്കേതികവിദ്യ കുടിയേറ്റക്കാരെ പരിശോധിക്കുന്നതിനാണ് ഉപയോഗിച്ചിരുന്നത്. ഇംഗ്ലണ്ടിൽ സ്ഥിരതാമസക്കാരായ മാതാപിതാക്കൾക്ക് മറ്റു രാജ്യങ്ങളിലുള്ള തങ്ങളുടെ കുട്ടികളെ കൊണ്ടുവന്ന് കൂടെ താമസിപ്പിക്കാം. ഇങ്ങനെ കൊണ്ടുവരുന്ന കുട്ടികൾ ചിലപ്പോൾ സ്വന്തം സന്തതികളായിരിക്കില്ല. ഇതു കണ്ടെത്താൻ അവർ മാതാപിതാക്കളെയും അവരുടെ കുട്ടികളാണെന്ന് അവകാശപ്പെടുന്നവരെയും ഡി.എൻ.എ. വിരലടയാള പരിശോധനയ്ക്ക് വിധേയരാക്കുവാൻ തുടങ്ങി.


1983 നവംബർ 21 ാം തീയതി ഇംഗ്ലണ്ടിലെ ലിൻഡാമാൻ എന്ന പെൺകുട്ടി ബലാൽസംഗത്തിനുശേഷം ദാരുണമായി കഴുത്തുഞെരിച്ച് കൊല്ലപ്പെട്ടു. പോലീസുകാർ അന്വേഷണങ്ങൾ നടത്തിയെങ്കിലും കൊലപാതകിയെക്കുറിച്ച് യാതൊരു തുമ്പും കിട്ടിയില്ല. ഏതാണ്ട് മൂന്നു വർഷത്തിനുശേഷം 1986 ആഗസ്റ്റ് 2 ാം തീയതി അതേരീതിയിലുള്ള മറ്റൊരു കുറ്റകൃത്യം നടന്നു. ആഷ്‌വർത്ത് എന്ന ആ പെൺകുട്ടിയെയും ബലാൽസംഗത്തിനുശേഷം കഴുത്തുഞെരിച്ചു കൊന്നിരുന്നു. ഇത്തവണ പോലീസുകാർ അഞ്ചു ദിവസത്തിനുശേഷം റിച്ചേഡ് ബക്‌ലാൻഡ് എന്നൊരു ആശുപത്രി ജീവനക്കാരനെ അറസ്റ്റു ചെയ്തു. അയാൾ കുറ്റം സമ്മതിക്കുകയും ചെയ്തു.

ഇയാൾ തന്നെയായിരിക്കുമോ ലിൻഡാമാനെയും കൊന്നത്? പോലീസുകാർക്ക് സംശയം തോന്നി. പക്ഷേ, ബക്‌ലാൻഡ് ആ കുറ്റം ഏറ്റെടുത്തില്ല. കുറ്റാന്വേഷണ ഉദ്യോഗസ്ഥർ, കൊല്ലപ്പെട്ട രണ്ടു യുവതികളുടെ ശരീരത്തിൽനിന്നു ശേഖരിച്ച ശുക്ലത്തിന്റെ സാമ്പിളുകൾ അലെക് ജെഫ്രീസിനെ ഏല്പിച്ച് , രണ്ടും ഒരാളുടെ തന്നെയാണോ എന്ന് പരിശോധിക്കുവാൻ പറഞ്ഞു. അദ്ദേഹം വളരെ ശ്രദ്ധയോടെ പരീക്ഷണം നടത്തി. രണ്ടു ശുക്ലസാമ്പിളും ഒരേ വ്യക്തിയുടേതുതന്നെ. പക്ഷേ, രണ്ടും ‘കുറ്റവാളി’യായ ബക്‌ലാൻഡിന്റേതല്ല! ഇതു ജെഫ്രീസിനു തന്നെ അവിശ്വസനീയമായി തോന്നി. പക്ഷേ, ഒരു ശാസ്ത്രജ്ഞനെ

ന്ന നിലയ്ക്ക് പരീക്ഷണഫലത്തെ തള്ളിക്കളയുവാൻ ആവുകയില്ലല്ലോ.

## കൊലപാതകിയെ കുരുക്കിയ സയൻസ്

ഈ വിവരം പോലീസിനെ അറിയിച്ചു. 'താങ്കളുടെ ഗവേഷണഫലം രസകരംതന്നെ. പക്ഷേ ഈ സാങ്കേതികവിദ്യ ഉപയോഗശൂന്യമാണെന്നാണ് ഇതിനർഥം', അവർ ജെഫ്രീസിനോട് പറഞ്ഞു. ജെഫ്രീസ് സാമ്പിളുകൾ ആഭ്യന്തരവകുപ്പിന്റെ ലാബോറട്ടറിയിലേക്ക് അയച്ചു. അവരും ജെഫ്രീസിന്റെ പരീക്ഷണഫലം ശരിവെച്ചു. ജെഫ്രീസ് പരീക്ഷണം ആവർത്തിച്ചു. ഫലം ആദ്യത്തേതു തന്നെ. ആഭ്യന്തരവകുപ്പും ജെഫ്രീസിനെ പിന്താങ്ങി. പോലീസ് അങ്കലാപ്പിലായി. കോടതിയിൽ സംഗതി വെളിപ്പെടുത്താതെ കഴിയുകയില്ലല്ലോ. കോടതി ബക്‌ലാൻഡിനെ വെറുതെവിട്ടു. അങ്ങനെ ഡി.എൻ.എ. വിരലടയാളത്തിന്റെ സഹായത്താൽ കുറ്റവിമുക്തനാകുന്ന ആദ്യത്തെ വ്യക്തി ബക്‌ലാൻഡ് ആയി.



അലെക് ജെഫ്രീസ്

പോലീസിന് വലിയ നിരാശയായി. ഡി.എൻ.എ. വിരലടയാള സാങ്കേതികവിദ്യയാണല്ലോ അവർക്ക് പാരവെച്ചത്. അതുപയോഗിച്ചുതന്നെ കുറ്റവാളിയെ കണ്ടുപിടിക്കാൻ അവർ തീരുമാനിച്ചു. 1987 ലെ പുതുവത്സരദിനത്തിൽ പോലീസ് ഒരു പ്രഖ്യാപനം നടത്തി: നാർബൊറൊയിലും പരിസരത്തുമുള്ള, പതിനേഴുവയസ്സിനും മുപ്പത്തിനാല് വയസ്സിനും ഇടയ്ക്കു പ്രായമുള്ള ചെറുപ്പക്കാരെല്ലാം പരിശോധനയ്ക്കായി രക്തസാമ്പിൾ നല്കണം. അവരെ പോലീസ് അന്വേഷണത്തിൽനിന്ന് ഒഴിവാക്കുവാനാണ് ഈ നടപടി എന്നും പറഞ്ഞു. സെപ്റ്റംബർ ആയപ്പോഴേക്കും 40,000ത്തോളം പേരുടെ രക്തം പരിശോധിച്ചു. രക്തപരിശോധനയെന്നാൽ, വെളുത്ത രക്തകോശങ്ങളിലെ ഡി.എൻ.എ. വേർതിരിച്ചെടുത്ത് ഡി.എൻ.എ. വിരലടയാള നിർണയം നടത്തുകയെന്നതാണ്.

ഈ പരിപാടികൊണ്ട് ഒരു നേട്ടവുമുണ്ടായില്ല. പക്ഷേ, താമസിയാതെ ഒരു തുമ്പ് കിട്ടി. ഒരു ബേക്കറി തൊഴിലാളിയായ ഇയാൻ കെല്ലി കൂട്ടുകാരുമായുള്ള സംസാരത്തിനിടയിൽ ഒരു കാര്യം വെളിപ്പെടുത്തി : താൻ രണ്ടുപ്രാവശ്യം രക്തം കൊടുത്തു. രണ്ടാമത്തെ തവണ കള്ളപ്പേരിലാണ് കൊടുത്തത്. കോളിൻ പിച്ച്ഫോർക്കെന്ന സഹപ്രവർത്തകൻ അയാളുടെ പേരിൽ രക്തം കൊടുക്കുവാൻ കെല്ലിയെ പ്രേരിപ്പിക്കുകയായിരുന്നു. പോലീസുകാർ വേറെ ഏതോ കേസിൽ തന്നെ കുടുക്കുവാൻ ശ്രമിക്കുകയാണെന്നും മറ്റും കെല്ലിയെ പറഞ്ഞുവിശ്വസിപ്പിച്ചു.

ഈ കഥ കെല്ലിയുടെ കൂട്ടുകാർ പോലീസിനെ അറിയിച്ചു. പോലീസ് കെല്ലിയെ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തു. അയാൾ സംഭവം ശരിയാണെന്ന് സമ്മതിച്ചു. പിച്ച്ഫോർക്കിനെ അറസ്റ്റു ചെയ്ത് രക്തപരിശോധനയ്ക്കു വിധേയനാക്കി. പക്ഷേ, അപ്പോഴേക്കും അയാൾ കുറ്റം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും ഡി.എൻ.എ. വിരലടയാള നിർണയം അനിവാര്യമായിരുന്നു. നേരത്തെ കുറ്റം സമ്മതിച്ച ഒരാളെ വിടേണ്ടിവന്നതാണല്ലോ. പരീക്ഷണത്തിൽ ലിൻഡാമാന്റെയും ഡാൻ ആഷ്‌വർത്തിന്റെയും കൊലപാതകി പിച്ച്ഫോർക്കാണെന്ന് തെളിഞ്ഞു. 1988 ജനവരി 23 ാം തീയതി പിച്ച്ഫോർക്കിനെ ശിക്ഷിച്ചുകൊണ്ടുള്ള വിധിവന്നു.

ഇതാണ് ഡി.എൻ.എ. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആദ്യത്തെ ശിക്ഷ.

*(സ്ഥലപരിമിതിമൂലം ഈ ലേഖനം എഡിറ്റ് ചെയ്ത് ചുരുക്കിയിട്ടുണ്ട് - എഡിറ്റർ)*

*കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലെ ജന്തുശാസ്ത്രം അധ്യാപകനായി വിരമിച്ച പ്രൊഫ.എം.ശിവശങ്കരൻ 2015 മെയ് 19 ന് അന്തരിച്ചു. 'ശാസ്ത്രകേരളം', 'യുറീക്ക' എന്നീ പ്രസിദ്ധീകരണങ്ങ ളുടെ എഡിറ്ററും ഒട്ടേറെ ശാസ്ത്ര പുസ്തകങ്ങളുടെ രചയിതാവുമായിരുന്നു.

പദപ്രശ്നം

# ഏപ്രിൽ 2020

**പ**ദപ്രശ്നം പൂരിപ്പിച്ച് ഇ മെയിലായിട്ടാണ് അയക്കേണ്ടത്. ഈ മാസം 15 ാം തീയതിക്കു മുമ്പ് കിട്ടത്തക്കവിധം അയക്കണം. നിങ്ങളുടെ **പേര്, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്, സ്കൂൾ വിലാസം, പിൻകോഡ്** എന്നിവ എഴുതാൻ വിട്ടുപോകരുത്. ശരിയായ ഉത്തരം അയച്ചുതരുന്ന വിദ്യാർഥികളിൽനിന്ന് നറുക്കിട്ടെടുക്കുന്ന രണ്ടുപേർക്ക് സമ്മാനം നൽകുന്നതാണ്. അർഹരായവർക്ക് സ്കൂൾ ഹെഡ്മാസ്റ്ററുടെ/പ്രിൻസിപ്പലിന്റെ വിലാസത്തിലാണ് സമ്മാനങ്ങൾ അയക്കുക. സമ്മാനങ്ങൾ അടുത്തമാസം 25 ാം തീയതിക്കു മുമ്പ് കിട്ടിയില്ലെങ്കിൽ **9497532049** എന്ന നമ്പരിൽ ബന്ധപ്പെടുക.


സ്കൂൾ വിദ്യാർഥികളല്ലാത്തവർക്കും മത്സരത്തിൽ പങ്കെടുക്കാം. ശരിയുത്തരം അയക്കുന്ന അത്തരം ആളുകളിൽനിന്ന് നറുക്കിട്ടെടുത്ത ഒരാളുടെ പേര് മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

ഉത്തരങ്ങൾ അയക്കേണ്ട **ഇ മെയിൽ വിലാസം : editorsk12@gmail.com**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2 | | 3 | | 4 | | | 5 |
| 6 | | | 7 | | | | | |
| 8 | | | | | | 9 | 10 | |
| | | | | 11 | 12 | | | |
| | 13 | | 14 | | | | | |
| 15 | | 16 | | | | 17 | | 18 |
| 19 | 20 | | | | 21 | | | |
| 22 | | | | | | | | |
| | | | 23 | | | | | |

## വലത്തോട്ട്

**1** തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന ഒരു ജില്ലയ്ക്കും പശ്ചിമഘട്ടമലനിരയുടെ ഒരു ഭാഗത്തിനും ഈ പേരുണ്ട്.

**4** 

**6** അഗ്നിപർവതസ്ഫോടന സമയത്ത് പുറത്തേക്കൊഴുകുന്നത്.

**7** കേരളത്തിലെ നാട്ടിൻപുറങ്ങളിലും കാവുകളിലും കാണുന്ന ഈ വള്ളിച്ചെടികൊണ്ട് വട്ടി, കുട്ട എന്നിവ മെടയാറുണ്ട്.

**8** ഇതു വിറ്റും ഓണമുണ്ണണമത്രേ.

**9** പുംബീജമായാലും മറ്റു ചില ഏകകോശജീവികളായാലും അവയുടെ ശരീരത്തിലെ, ഇങ്ങനെ അറിയപ്പെടുന്ന ചാട്ടപോലുള്ള ഭാഗം ചലിപ്പിച്ചാണ് സഞ്ചരിക്കുന്നത്.

**11** കവിതയെഴുതുന്നയാൾ.

**13** പഴരസക്കുഴമ്പാണിത്. (ഒരക്ഷരം)

**14** കൂർത്തിരിക്കുന്നതും കടിച്ചുകീറാൻ ഉപയോഗിക്കുന്നതുമായ പല്ലാണിത്.

**16** ഒരേ ജാതിയിൽപ്പെട്ട ജീവികൾ ഒരുമിച്ചു തിങ്ങിപ്പാർക്കുന്ന സ്ഥലമെന്നും സാമ്രാജ്യശക്തിയുടെ അധീനതയിലുള്ള മറ്റൊരു രാജ്യമെന്നും അർഥമുള്ള പദം.

**19** 'ആദികാവ്യ'ത്തിലെ നായകൻ.

**21** ഗാന്ധിജി നേതൃത്വം നല്കിയ നിസ്സഹകരണപ്രസ്ഥാനം നിർത്തിവെക്കാൻ ഇടയാക്കിയ സംഭവം ഈ പേരിൽ അറിയപ്പെടുന്നു.

**22** തുണിനെയ്ത്തിൽ കുത്തനെയുള്ള 'ഈ നൂലിഴ'കളെ അടിസ്ഥാനമാക്കിയേ വിലങ്ങനെയുള്ള നൂലിഴകളായ 'ഊട്' വിന്യസിക്കാനാകൂ.

**23** ശില്പവേലകൾക്ക് പ്രസിദ്ധമായ ഈ സ്ഥലം മാമല്ലപുരം എന്നും അറിയപ്പെടുന്നു.

## താഴോട്ട്

**1** നല്ല വെയിലുള്ളപ്പോൾ കാണുന്ന തെളിഞ്ഞ ആകാശമാണിത്.

**2** ക്ഷാരവും അമ്ലവും രാസപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ജലത്തോടൊപ്പം ലഭിക്കുന്നത്.

**3** ശത്രു എന്നർഥം.

**4** ഇതിലെ വെള്ളം വാർത്തുകളഞ്ഞാൽ കിട്ടു

ന്നത് ചോറ്.

**5** ആദ്യമായി ലോകംചുറ്റിയ നാവികൻ.

**10** മലയാളത്തിൽ പട്ടാളക്കാരൻ; ഹിന്ദിയിലാകുമ്പോൾ....

**11** കച്ചവടത്തിനായി ഇന്ത്യയിലെത്തി ക്രമേണ ആധിപത്യം സ്ഥാപിച്ച ബ്രിട്ടീഷ് സംഘത്തെ ചുരുക്കത്തിൽ ഇങ്ങനെ പറയാറുണ്ട്.

**12** അമ്പിനെ എയ്യാൻ വേണ്ടത്.

**14** സസ്യഭാഗങ്ങൾക്ക് ഉറപ്പും ബലവും വഴക്കവും നല്കുന്ന സസ്യകല.

**15** വൈപ്പിൻ ദ്വീപിനെ എറണാകുളവുമായി ബന്ധിപ്പിക്കുന്ന പാലം.

**16** അല്പവിരാമമെന്നാണ് പ്രസിദ്ധമായ അർഥമെങ്കിലും അസുഖത്താലോ അപകടത്താലോ ഉണ്ടാകുന്നതും ദീർഘകാലം നീളുന്നതുമായ അബോധാവസ്ഥയ്ക്കും ഇങ്ങനെ പറയും.

**17**



**18** കടൽ തന്നെ. കവിതയിലും മറ്റുമാണ് ഈ പദം കൂടുതലായി പ്രയോഗിച്ചു കാണുന്നത്.

**20** രാത്രി.

## മാർച്ച് 2020 : ഉത്തരം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 കൊ | 2 റോ | ണ | | | 3 അ | ങ്കം | | 4 ഷി |
| 5 ബാ | ക്കി | | 6 കാ | | ത്യാ | | 7 തേ | ൻ |
| യാ | | 8 തു | ലാ | വ | ർ | ഷം | | ഡ് |
| ഷി | | | 9 വ | മ്പ | ത്തി | | 10 ബാ | ലേ |
| | 11 രാ | ജ | സ്ഥാ | ൻ | | | 12 ന | ഴ്സ് |
| 13 വേ | ഗം | | വ്യ | | | 14 ബാ | ർ | ലി |
| ല | | 15 പാ | തി | | 16 ബോ | ർ | | സ്റ്റ് |
| | 17 ഏ | നി | യാ | ക് | | ട്ട | | |
| 18 മൂ | കം | | നം | | 19 അ | ർ | ബു | ദം |

## സമ്മാനാർഹരായ സ്കൂൾ വിദ്യാർഥികൾ

1. ടി.ഗായത്രി, 11 ാം ക്ലാസ് ബി, നാഷനൽ ഹയർസെക്കന്ററി സ്കൂൾ, പി.ഒ. ഇരിങ്ങാലക്കുട, തൃശ്ശൂർ - 680 121
ഫോൺ : 9562217179
2. കെ.കെ.ലുബ്ന, 6 ാം ക്ലാസ്, ജി. എച്ച്.എസ്.എസ്. ആനപ്പാറ, കുന്നത്തൊടുക, പി.ഒ.ചുള്ളിയോട്, വയനാട് - 673 592

## സ്കൂൾ വിദ്യാർഥിയല്ലാത്ത വിജയി

ജിഷ ഷെല്ലി, മണപ്പിള്ളിയിൽ, പി.ഒ. കോട്ടപ്പടി, വടക്കുംഭാഗം, എറണാകുളം - 686 692

**കെ. ആർ. അശോകൻ**

## ഫെബ്രുവരി 2020 : ഉത്തരം

2020 മാർച്ച് ലക്കത്തിൽ വന്ന ഫെബ്രുവരി മാസത്തെ പദപ്രശ്നത്തിന്റെ ഉത്തരം തെറ്റിപ്പോയതിൽ ഖേദിക്കുന്നു. ശരിയുത്തരം ഇവിടെ കൊടുക്കുന്നു. പ്രസ്തുത മാസത്തെ സമ്മാനാർഹരെ തിരഞ്ഞെടുത്തത് ശരിയുത്തരത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്.

എഡിറ്റർ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 ചി | ത്ര | 2 ക | ല | | 3 പ | 4 ന | | 5 ഡെ |
| ന്താ | | ർ | | 6 നി | രീ | ശ്വ | ര | ൻ |
| 7 വി | ഷ | മ | 8 ത | | 9 ക്ഷ | രം | | ഡ്രോ |
| ഷ്ട | | 10 പ | രി | 11 മാ | ണം | | 12 ലോ | ൺ |
| | 13 ര | ഥം | | ക്സ് | | 14 പാ | ട്ട | |
| 15 നി | | | | 16 പ്ലാ | ന | റ്റേ | റി | യം |
| 17 കു | ന്തി | | 18 ച | ങ് | | ൺ | | |
| തി | | 19 കാ | ക്ക | | 20 ശ്രീ | | 21 പാ | 22 ത |
| | 23 വാ | ന | ര | ൻ | | 24 പൗ | ര | ത്വം |




## ഏപ്രിൽ 2020

*ഈ പംക്തിയിലെ പ്രശ്നത്തിന്റെ കുരുക്കഴിക്കാൻ യുക്തിസഹമായ അപഗ്രഥനം വേണ്ടിവരും. ലഭിച്ച വസ്തുതകളുപയോഗിച്ച്, ഒരു പ്രശ്നനിർധാരണം എങ്ങനെ ചെയ്യാമെന്നുള്ള അനുഭവം ഇതുവഴി നിങ്ങൾക്ക് ലഭിക്കും.*

*ഇതിന്റെ ഉത്തരം **editorsk12@gmail.com**എന്ന ഇ മെയിലിലേക്കോ **9495241299** എന്ന വാട്ട്സ് ആപ്പ് നമ്പരിലേക്കോ മാത്രം അതത് മാസം 15 ാം തീയതിക്ക് മുമ്പായി കിട്ടത്തക്കവിധം അയക്കുക. നിങ്ങളുടെ **പേര്, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്, സ്കൂൾ വിലാസം, പിൻകോഡ്** എന്നിവ അയക്കാൻ വിട്ടുപോകരുത്.*

*ശരിയായ ഉത്തരം അയച്ചുതരുന്ന വിദ്യാർഥികളിൽനിന്ന് നറുക്കിട്ടെടുക്കുന്ന രണ്ടുപേർക്ക് സമ്മാനം നല്കുന്നതാണ്. അർഹരായവർക്ക് സ്കൂൾ ഹെഡ്മാസ്റ്ററുടെ/ പ്രിൻസിപ്പലിന്റെ വിലാസത്തിലാണ് സമ്മാനം അയക്കുക. സമ്മാനങ്ങൾ അടുത്തമാസം 25 ാം തീയതിക്കു മുമ്പ് കിട്ടിയില്ലെങ്കിൽ **9495241299** എന്ന നമ്പരിൽ ബന്ധപ്പെടുക.*

*സ്കൂൾവിദ്യാർഥിയല്ലാത്തവർക്കും മത്സരത്തിൽ പങ്കെടുക്കാം. ശരിയുത്തരം അയക്കുന്ന അത്തരം ആളുകളിൽനിന്ന് നറുക്കിട്ടെടുക്കുന്ന ഒരാളുടെ പേർ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതല്ല.*

ഒരു ദ്വീപിലെ ജനങ്ങൾ പ്രത്യേക പ്രകൃതക്കാരാണ്. അവർ പ്രസ്താവനകൾ നടത്താറില്ല. ചോദ്യങ്ങൾ മാത്രമേ ചോദിക്കൂ. എന്നിട്ടും അവർ പരസ്പരം ആശയവിനിമയം നടത്തുന്നുവെന്നത് അത്ഭുതം തന്നെ!

ദ്വീപിൽ രണ്ടുവിഭാഗം ജനങ്ങൾ ഉണ്ട്. 'മല്ലു' എന്നു വിളിക്കുന്ന ഒരു കൂട്ടർ 'അതെ' എന്ന ഉത്തരം കിട്ടുന്ന ചോദ്യം മാത്രമേ ചോദിക്കൂ. ഉദാഹരണത്തിന്, രണ്ടും രണ്ടും നാല് ആണോ എന്ന് അവർ ചോദിക്കും. എന്നാൽ രണ്ടും രണ്ടും അഞ്ച് ആണോ എന്ന് അവർ ഒരിക്കലും ചോദിക്കില്ല.

രണ്ടാമത്തെ വിഭാഗം ആളുകൾ 'കല്ലു' എന്ന് അറിയപ്പെടുന്നു. അവരാകട്ടെ, 'ഇല്ല' എന്ന് ഉത്തരം കിട്ടുന്ന ചോദ്യം മാത്രമേ ചോദിക്കൂ. ഉദാഹരണത്തിന് രണ്ടും രണ്ടും അഞ്ച് ആണോ എന്ന് അവർ ചോദിക്കും. എന്നാൽ ഒരിക്കലും രണ്ടും രണ്ടും നാല് ആണോ എന്ന് അവർ ചോദിക്കില്ല.

ഈ ദ്വീപിലെ ഒരാളെ നിങ്ങൾ കണ്ടുമുട്ടിയെന്നിരിക്കട്ടെ. അയാൾ നിങ്ങളോട് 'ഞാൻ കല്ലു ആണോ' എന്നു ചോദിച്ചാൽ അയാൾ ആരാണെന്ന് ഊഹിക്കാമോ? ഉത്തരം വിശദമാക്കുക.

**സമ്പാദകൻ : ബി.മധു**

## മാർച്ച് 2020 : ഉത്തരം

ഈ ചോദ്യത്തിന് ധാരാളം ഉത്തരങ്ങൾ സാധ്യമാണ്.

ഭ്രാന്തുള്ള ഒരു ഡോക്ടർ അദ്ദേഹത്തിന് ഭ്രാന്തുണ്ട് എന്ന് അംഗീകരിക്കില്ല. ഇതുപോലെ ഭ്രാന്തില്ലാത്ത ഡോക്ടർ അയാൾക്ക് ഭ്രാന്തില്ല എന്ന് ഉറപ്പിച്ച് പറയും. ഇതുപോലെ ഒരു രോഗിയും പ്രതികരിക്കാം. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമുക്ക് ഉത്തരം എന്താണെന്ന് നോക്കാം.

ഞാൻ ഭ്രാന്തില്ലാത്ത ഡോക്ടർ അല്ല എന്ന പ്രസ്താവന ഉത്തരമാണ്.

ഭ്രാന്തനായ ഒരു ഡോക്ടർക്ക് ഒരിക്കലും ഈ പ്രസ്താവന നടത്താൻ കഴിയില്ല. ഭ്രാന്തില്ലാത്ത ഡോക്ടർ, താൻ ഭ്രാന്തില്ലാത്ത ഡോക്ടർ അല്ലെന്നു പറയില്ല. ഇതുപോലെ ഭ്രാന്തുള്ള രോഗിയും ഇതു പറയില്ല. അങ്ങനെയെങ്കിൽ, ഇതുപറഞ്ഞ ആൾ ഭ്രാന്തുമാറിയ ഒരു രോഗി ആവും.

## മാർച്ച് 2020

### സമ്മാനാർഹരായ സ്കൂൾ വിദ്യാർഥികൾ


1. സി. ബിഥുൻ, 10 ാം ക്ലാസ്, ജി.എച്ച്.എസ്.എസ് കുറ്റിക്കാട്ടൂർ, പി.ഒ. കുറ്റിക്കാട്ടൂർ, കോഴിക്കോട് - 673 008
   ഫോൺ : 9846038961
2. വി.ഗൗരി ലക്ഷ്മി, 7 ാം ക്ലാസ് എ, ലക്ഷ്മി നാരായണ വിദ്യാനികേതൻ സീനിയർ സെക്കന്ററി സ്കൂൾ, പാലപ്പുറം, ഒറ്റപ്പാലം, പാലക്കാട്.
   ഫോൺ : 9447863424

### സ്കൂൾ വിദ്യാർഥിയല്ലാത്ത വിജയി

സ്നേഹ ബി, ഒന്നാം വർഷ എം.എസ്‌സി. മാത്തമാറ്റിക്സ്, ഗവ.കോളേജ് ചിറ്റൂർ, പി.ഒ. ചിറ്റൂർ, പാലക്കാട് - 678104
ഫോൺ : 8281559757

SASTHRAKERALAM
April 2020 • Volume 51 • Issue No 11 • 52 pages.
Printed and Published by T K Meerabai, on behalf of Kerala Sasthra Sahithya Parishad.
Printed at Geethanjali Web Offset, Kundayithode, Kolathara P.O, Kozhikode.
and Published from Parishad Bhavan, Chalappuram, Kozhikode - 673002. Ph: 0495-2701919
Editor: O.M. Shankaran
Approved by CSIR for financial support.

# റെറ്റിന


പരീക്ഷയില്ലല്ലോ...
സ്കൂളടച്ചല്ലോ....
CORON
FREE
പറഞ്ഞിട്ടെന്താ കാര്യം? എവിടെയും കറങ്ങി നടക്കാൻ പറ്റില്ലല്ലോ.....
കുട്ടിക്ക് വിഷമമായോ...? എന്തു ചെയ്യും? കൊറോണ പടരുകയല്ലേ..
എനിക്ക് വിഷമമില്ല.... നമ്മുടെ രക്ഷയല്ലേ?
FREE
കൈ വൃത്തിയായി കഴുകണം..
പൊതു സ്ഥലത്ത് തുപ്പരുത്
കൂട്ടം കൂടി നിൽക്കരുത്
ലക്ഷണങ്ങൾ മറച്ചുവയ്ക്കരുത്
കോവിഡ് 19
ചൈന
ഇറ്റലി
ഇന്ത്യ
വൈറസ് ഭീകരനാണെങ്കിലും ശ്രദ്ധിച്ചാൽ സിമ്പിൾ കാര്യങ്ങൾ കൊണ്ട് നിയന്ത്രിക്കാം...അല്ലേ?
ഹായ് ബ്രോ. ഒന്നു കറങ്ങീട്ട് വരാം....
LOVE YOU
കറങ്ങാനോ? നിങ്ങൾ ഇന്നലെ ഇറ്റലീന്ന് വന്നെന്നല്ലേ പറഞ്ഞത്! എയർപോർട്ടിൽ നിന്ന് ചാടി പോന്നതാണല്ലേ?...
എന്തു ദ്രോഹമാണ് ഇവർ ചെയ്യുന്നത്!
പ്ലീസ്! വന്നു വണ്ടിയിൽ കയറൂ..
POLICE
AMBU
ഐസൊലേഷൻ വാർഡിൽ കിടന്ന ആളാ.. ചാടിപ്പോയതാ..
എന്താ പോലീസും ആംബുലൻസും?
പ്രതിരോധം
സുരക്ഷിതമായ അകലം
മാനസിക ഐക്യം..
JPA

SASTHRAKERALAM
MALAYALAM SCIENCE MAGAZINE
REGISTERED NO: KL/CT/70/2018-20
Registered with the Newspaper Registrar of India under No. 29525/78.
Date of Publication: 29/03/2020
License to post without prepayment of postage
No KL/PMG/NR/WPP/8/KKD/2018-20

# ശ്രീനിവാസ രാമാനുജൻ


## ഗണിതശാസ്ത്രത്തിലെ
## അസാമാന്യ പ്രതിഭ

### 1887 ഡിസംബർ 22 - 1920 ഏപ്രിൽ 26




S. Ramanujan

- ബ്രിട്ടീഷ് ഭരണകാലത്ത് അദ്ദേഹം ജീവിച്ചു.
- പഠനം
  ഗവ. ആർട്ട്സ് കോളേജ്, കുംഭകോണം
  പച്ചയ്യപ്പാസ് കോളേജ്, മദ്രാസ്
  ട്രിനിറ്റി കോളേജ്, കേംബ്രിഡ്ജ് .
- 1911 ൽ രാമാനുജൻ ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ ജേണലിൽ തന്റെ ആദ്യ പ്രബന്ധം പ്രസിദ്ധീകരിച്ചു.
- 1914 ൽ ഇംഗ്ലണ്ടിലേക്ക് പോയി. അവിടെ ബ്രിട്ടീഷ് ഗണിതജ്ഞനായ ഗോഡ്ഫ്രെ എച്ച്. ഹാർഡിയുടെ കീഴിൽ പരിശീലനവും ഗവേഷണവും.
- ഗണിതശാസ്ത്രത്തിൽ നിരവധി സൂത്രവാക്യങ്ങളും സിദ്ധാന്തങ്ങളും ആവിഷ്കരിച്ചു.
- ഗണിതശാസ്ത്ര വിശകലനം, സംഖ്യാസിദ്ധാന്തം, അനന്ത ശ്രേണികൾ, തുടർഭിന്നം (continued fraction) എന്നിവയിൽ വളരെയധികം സംഭാവനകൾ നല്കിയ പ്രശസ്ത ഗണിതജ്ഞൻ.
- അസുഖബാധിതനായ രാമാനുജനെ കാണാൻ ആശുപത്രിയിലേക്ക് ഹാർഡി നടത്തിയ പ്രശസ്ത സന്ദർശനത്തോടെ 1729 എന്ന സംഖ്യ 'ഹാർഡി-രാമാനുജൻ' സംഖ്യ എന്ന് അറിയപ്പെട്ടു.
- 32 വയസ്സുള്ളപ്പോൾ രാമാനുജൻ അന്തരിച്ചു.
- ശ്രീനിവാസ രാമാനുജന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ദേശീയ ഗണിതദിനം ആചരിക്കുന്നു.



കേംബ്രിഡ്ജ് ജീവിതം.

(നടുവിൽ രാമാനുജൻ, വലത്തെ അറ്റത്ത് ജി എച്ച് ഹാർഡി )



കൊൽക്കത്തയിലെ ബിർള ഇൻഡസ്ട്രിയൽ സാങ്കേതിക മ്യൂസിയത്തിന്റെ പൂന്തോട്ടത്തിലെ രാമാനുജൻ പ്രതിമ.